## കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം



## വികസന റിപ്പോർട്ട്



"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു."

# കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത്


## അധികാരം ജനങ്ങളിലേക്ക്

## ൧൦ം പദ്ധതി

## ജനകീയ പദ്ധതി

## വികസന റിപ്പോർട്ട്


## കുട്ടമ്പുഴ പഞ്ചായത്ത് ഭൂപടം



# കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്
# ഭരണ സമിതി




ശ്രീ: **ജോയി കുര്യാക്കോസ്**
പ്രസിഡന്റ്



ശ്രീ: **ടി.എം. പീറ്റർ**
വൈസ് പ്രസിഡന്റ്.



ശ്രീമതി: **മേരി എബ്രാഹം**
ചെയർ പേഴ്സൺ, സ്റ്റാൻഡിംഗ് കമ്മിറ്റി.




ശ്രീ. ജോയി ദേവസ്യ
വാർഡ് 1



ശ്രീമതി ലൈലാ ശെൽവം
വാർഡ് 2



ശ്രീ K.K. ശിവൻ
വാർഡ് 3




ശ്രീ K.K. ശ്രീധരൻ
വാർഡ് 4




ശ്രീമതി.റോസിലി ജോർജ്
വാർഡ് 5




ശ്രീമതി. ഷൈനി ബേബി
വാർഡ് 7




ശ്രീ.A.K. പരമേശ്വരൻ
വാർഡ് 10




ശ്രീ. A.C. ജോസ് M.P.




ശ്രീ. A.K. മണി M.L.A




ശ്രീ. K.S.മുഹമ്മദ്
ജില്ലാ പഞ്ചായത്ത് അംഗം



ശ്രീ. ചാണ്ടി ജോസഫ്
പ്രസിഡന്റ് ബ്ലോക്ക്
പഞ്ചായത്ത് അടിമാലി



ശ്രീ. A.G. രാഘവൻ
ബ്ലോക്ക് പഞ്ചായത്ത് അംഗം



ശ്രീ. C.J.എൽദോസ്
D.R.P. കൺവീനർ

# റിപ്പോർട്ട് തയ്യാറാക്കിയവർ

| | | |
|---|---|---|
| 1 | C.J. എൽദോസ് | D.R.P. കൺവീനർ |
| 2 | K.K. ഗോപി (മുൻ പ്രസിഡന്റ്) | L.R.P |
| 3 | K.K. പുരുഷോത്തമൻ നായർ | D.R.P |
| 4 | P.N. ഭാസ്കരപിള്ള | D.R.P |
| 5 | V. ജോസഫ് | D.R.P |
| 6 | E.K. ശിവൻ | D.R.P |
| 7 | മറിയാമ്മ ജോസഫ് | D.R.P |
| 8 | K.K. ശിവൻ | D.R.P |
| 9 | K.D. ശിവദാസ് | L.R.P |
| 10 | V.P. ഷാജു | L.R.P |
| 11 | സാബു. തോമസ് | L.R.P |
| 12 | M.D. ആന്റണി | L.R.P |
| 13 | V.B. പവനപ്പൻ | L.R.P |
| 14 | M.C. തങ്കച്ചൻ | L.R.P |
| 15 | V.P. പീറ്റർ | (പഞ്ചായത്ത് സ്റ്റാഫ്) |

കമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ് :
ഓർക്കിഡ്സ് ഡി.റ്റി.പി. കോതമംഗലം. Ph: *525117*

പ്രിന്റിംഗ് :
സാൻജോ ഓഫ്സെറ്റ് പ്രസ്സ് കോതമംഗലം. Ph: *523529*

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 9 |
| 2. | കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ | 11 |
| 3. | സാമൂഹിക സാംസ്കാരിക ചരിത്രം | 13 |
| 4. | ഭൂപ്രകൃതി | 14 |
| 5. | കൃഷിയും ജലസേചനവും | 19 |
| 6. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 30 |
| 7. | വിദ്യാഭ്യാസം | 34 |
| 8. | പൊതുജനാരോഗ്യവും കുടിവെള്ളവും | 44 |
| 9. | വ്യവസായം - ടൂറിസം | 49 |
| 10. | ഊർജ്ജം ഗതാഗതം | 55 |
| 11. | ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും | 62 |
| 12. | സാംസ്കാരികരംഗം | 65 |
| 13. | വനിതാക്ഷേമം | 74 |
| 14. | സഹകരണമേഖല | 76 |
| 15. | പട്ടികജാതിപട്ടികവർഗ്ഗ ക്ഷേമം | 81 |
| 16. | വിഭവസമാഹരണം | 85 |
| 17. | ഉപസംഹാരം | 90 |

# ഗ്രാമസ്വപ്നം

വനഗർഭത്തിൽ വിരിഞ്ഞ സോനാപുഷ്പം
അതെൻ ഗ്രാമത്തിന്റെ പുഞ്ചിരിയാണ്.
ഹരിതകൂടാരമെന്റെ നുണകുഴികളിൽ പരതും
പവിത്രമാം ദേശത്തിൻ പൈതൃകത്തെ
നുരയിട്ടു പൊന്തുന്ന ഉഷ്ണപകലുകൾ
ഗ്രാമത്തിൻ നെഞ്ചിൽ ആദൃശ്യമാകുന്നു.
കൈതുമ്പുനീട്ടുന്ന മുക്കുറ്റിയും, മുല്ലയും
മന്ത്രിക്കുമെൻ കാതിൽ വേദനകൾ
രാത്രി തന്നുലയിൽ നേർപ്പിച്ച മഞ്ഞിൽ
പാദങ്ങളെത്രയോ വന്നുപോയി
കാടിന്റെ ഗഹ്വര കൂരിരുൾ കൂട്ടിൽ
പിറന്നു വെളിച്ചവും ആരവവും.
പണ്ടേ മുതുകത്ത് ഭാണ്ഡമായ് വന്നവനന്നു
പാകിചരിത്രത്തിൽ ആദ്യവിത്ത്
ഗ്രീഷ്മം, ശിശിരം, ശരത്തും വസന്തവും
വന്നുപോയ് എൻ ഗ്രാമനിരത്തിലൂടെ
ഒരുതുള്ളി മഞ്ഞില തുമ്പിൽ നിന്നും
ശിശിരം പരക്കുന്ന വിണ്ണിലേക്ക്.
വഴിതേടി ഗതിതേടി ഗ്രാമപ്രതീക്ഷകൾ
വാതായനപ്പടിക്കൽ വന്നു വിതുമ്പുന്നു
എന്നാണെൻ പുൽ നാമ്പു കായ്ക്കുന്ന നാട്ടിലേ
ക്കെന്നു വരും നിൻ രഥമുരുണ്ട്?

കണ്ണിമയ്ക്കാതെ കരുതുന്നു നിന്റെയാ
ഉൾക്കടാഷമൊന്നേറ്റുവാങ്ങുവാൻ
ഉണ്ട്, മോഹം ഉള്ളിൽ തിരതല്ലി
ചേങ്കില ചേർക്കുന്നു മോഹമാം ചിന്തകൾ
ഉയരണം ഗ്രാമപഴുതുകളിൽ നിന്റെ
ദാർഢ്യ പ്രതീകത്തിൻ കോൺക്രീറ്റ് സൗധങ്ങൾ
ചെമ്മൺ നിരത്തുകൾ പുണ്യതീർത്ഥം പതി
ഞ്ഞിരുണ്ട പരവതാനികളാവണം.
നിൻ കണ്ണുചിമ്മി തുറക്കണം നാടിന്
എന്നും ജ്വലിക്കുന്ന സൂര്യനായ്.
ഊഷരമായ പ്രകൃതിക്കു മോഷമായ്
ഉർവ്വരതക്കുടം കമിഴ്ത്തവേണം
കള്ളിമുള്ളുകൾക്കുള്ളിൽഞെങ്ങി ഞെരുങ്ങി
കഴിക്കുന്നു കാലം ഇവിടുത്തെ മാനുഷർ.
ഗ്രാമസിരകളിൽ പത്തിതെുക്കുന്നു
മൊട്ടിടേണ്ട സ്വപ്ന സാഫല്യങ്ങൾ
മൗനം നുണയുന്നു മാനുഷരീമണ്ണിൽ
തത്വശാസ്ത്രം മറക്കുന്നോ ഈ ലോകർ?
തച്ചുടയ്ക്കുന്നവോ തച്ചുശാസ്ത്രത്തേയും
തന്റെടുത്തെത്തുന്ന സമ്പൽസായുജ്യത്തേയും?
ആകാം നമുക്കൊന്നിച്ചൊരു മന്ത്രത്തിൻകീഴെ
സാധ്യമാകുന്നതിന്നെല്ലാറ്റിനുമായ്.

മുരളി കുട്ടമ്പുഴ

# ആമുഖം

സ്വാതന്ത്ര്യത്തിന് ശേഷം 1950ൽ ഇന്ത്യയിൽ പ്ലാനിംഗ് കമ്മീഷൻ നിലവിൽവന്നു. 1951ൽ ഒന്നാം പഞ്ചവത്സരപദ്ധതി ആരംഭിച്ചു. കഴിഞ്ഞ 8 പദ്ധതികൾ സാമൂഹ്യ സാമ്പത്തികരംഗങ്ങളിൽ വമ്പിച്ചമുന്നേറ്റം നടത്തി. ഭക്ഷ്യരംഗത്ത് സ്വയം പര്യാപ്തതയും, വ്യാവസായിക ശാസ്ത്ര സാങ്കേതികരംഗങ്ങളിൽ അഭിമാനകരമായ നേട്ടം കൈവരിക്കുകയും ചെയ്തു.

കേരളത്തിൽ കാർഷിക വ്യാവസായിക രംഗത്ത് വേണ്ടത്രപുരോഗതിനേടാൻ കഴിഞ്ഞില്ലെങ്കിലും ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ആരോഗ്യം എന്നീരംഗങ്ങളിൽ കൈവരിച്ചനേട്ടം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.

എന്നാൽ ഇന്ത്യയുടെ വികസനം സംബന്ധിച്ച് രാഷ്ട്രപിതാവിന്റെ സങ്കൽപ്പങ്ങൾക്ക് അനുസൃതമായ മുന്നേറ്റം സാധിച്ചില്ല എന്ന വിമർശനപരമായ കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളുടെയും, ചർച്ചകളുടെയും അടിസ്ഥാനത്തിൽ മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി രൂപം നൽകിയ പഞ്ചായത്തിരാജ് നഗരപാലികാനിയമം 73-74 ഭരണഘടനാ ഭേദഗതികളായി ഭാരതത്തിൽ നടപ്പിൽ വന്നു. ഇന്ത്യയിലെ ഗ്രാമങ്ങളിലെ പുരോഗതി ഉറപ്പാക്കികൊണ്ട് നടത്തിയ നിർമ്മാണം വഴി ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങളും, ജനങ്ങളുടെ ആശയാഭിലാഷങ്ങൾ സാക്ഷാൽകരിക്കുന്നതിന് ഗ്രാമസഭകൾക്കും, സ്ത്രീകൾക്കും, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾക്കും, മറ്റ്ദുർബലവിഭാഗങ്ങൾക്കും പ്രത്യേക പരിരക്ഷയും പുതിയനിയമം ഉറപ്പാക്കിയിട്ടുണ്ട്.

പഞ്ചായത്തിരാജ് ആക്ട് പ്രകാരമുള്ള പഞ്ചായത്ത് ഭരണസമിതി 1995 ഒക്ടോബർ രണ്ടിന് നിലവിൽ വന്നു. വിഭവമില്ലായ്മയും നിയമത്തിന്റെ നൂലാമാലകളും മൂലം ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് മുന്നേറുവാൻ കഴിഞ്ഞില്ല.

ഈ സാഹചര്യത്തിലാണ് ആസൂത്രണത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് കേരളസർക്കാർ "ജനകീയാസൂത്രണ പരിപാടി" യുമായി മുന്നോട്ട് വന്നത്.

## ജനകീയാസൂത്രണം നമ്മുടെ ഗ്രാമപഞ്ചായത്തിൽ

1996 സെപ്തംബർ 9,10,11 തീയതികളിൽ അടിമാലിയിൽ നടന്ന ജില്ലാതല പരിശീലന പരിപാടിയിൽ പഞ്ചായത്തിൽ നിന്നും പ്രസിഡന്റ് ശ്രീ. ജോയി കുര്യാക്കോസ്, കെ.കെ. ശിവൻ, സി.ജെ. എൽദോസ്, ഇ.കെ.ശിവൻ, കെ.കെ. പുരുഷോത്തമൻ നായർ, പി.എൻ. ഭാസ്ക്കരപിള്ള, വി. ജോസഫ് കട്ടക്കയം, ശ്രീമതി. മറിയാമ്മ ജോസഫ് എന്നിവർ പങ്കെടുത്തു. പരിശീലന ക്യാമ്പിൽനിന്നും ശ്രീ. സി.ജെ. എൽദോസ് ഡി.ആർ.പി. കൺവീനറായി തെരഞ്ഞെടുക്കപ്പെട്ടു.

പഞ്ചായത്ത് തലത്തിൽ ജനകീയാസൂത്രണപരിപാടി 19.9.96 ൽ കുട്ടമ്പുഴ ഗവഃ ഹൈസ്കൂളിൽ വെച്ച് നടന്ന എൽ.ആർ.പി. ട്രേയിനിങ്ങോടെ ആരംഭിച്ചു. 14 സ്ത്രീകളും 95 പുരുഷൻമാരുമടക്കം 109 പേർ ഒന്നാംഘട്ടപരിശീലനത്തിൽ പങ്കെടുത്തു. വിവിധ വകുപ്പുകളിലെ 9 ഉദ്യോഗസ്ഥൻമാർ ഈ പരിശീലനത്തിൽ പങ്കെടുക്കുകയുണ്ടായി. തുടർന്ന് 21.9.96 മുതൽ 6.10.96 വരെയുള്ള തീയതികളിലായി പത്ത് വാർഡിലും വിശേഷാൽഗ്രാമ

സഭകൾചേർന്നു. ഗ്രാമസഭകളിൽ സ്ത്രീകളുടെയും, SC/ST വിഭാഗങ്ങളുടെയും പങ്കാളിത്തം തൃപ്തികരമായിരുന്നില്ല.

11.10.96 ൽ പഞ്ചായത്ത് സാംസ്ക്കാരിക കേന്ദ്രത്തിൽ ചേർന്നയോഗം വിശേഷാൽ ഗ്രാമസഭകളുടെ അവലോകനം നടത്തി. 22.10.96 ൽ പഞ്ചായത്ത് അംഗങ്ങളുടെയും ഡി.ആർ.പി. മാരുടെയും യോഗം ചേർന്ന് സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിനും, ചരിത്രപഠനത്തിനും തയ്യാറെടുപ്പുകൾ നടത്തി. വിഭവ ഭൂപടം തയ്യാറാക്കുന്നതിന് പഞ്ചായത്ത് അംഗം കെ.കെ. ശിവന്റെ നേതൃത്വത്തിലുള്ള സമതിയെ നിശ്ചയിച്ചു.

നവംമ്പർ ഒന്ന് പുനരർപ്പണ ദിനമായി പഞ്ചായത്തിൽ ആചരിച്ചു വിവിധവാർഡുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി

1. 4-ാം വാർഡിൽ പിണവൂർകുടി -മുക്ക് റോഡിന്റെ പുനരുദ്ധാരണജോലി.

2. 9-ാംവാർഡിൽ, പോസ്റ്റോഫീസ്, ചിറപ്പടിലിങ്ക് റോഡിന്റെ പുരുദ്ധാരണവേല എന്നിവയിതിൽ പ്രധാനം ഉദ്ദേശം 200 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ടി പ്രവർത്തകർക്ക് കഴിഞ്ഞതായി കണക്കാക്കുന്നു. ഈ ജോലികൾ പൂർണ്ണമായി സന്നദ്ധപ്രവർത്തനം വഴിയാണ് നടത്തിയിട്ടുള്ളത്. നവംമ്പർ 3, 4, 5 തീയതികളിൽ നടന്ന രണ്ടാംഘട്ടജില്ലാതലപരിശീലനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും 8 ഡി.ആർ.പി മാരും പങ്കെടുത്തു. 12.11.96 ൽ രണ്ടാംഘട്ട എൽ.ആർ.പി. ട്രെയ്നിംഗ് നടത്തി 17 സ്ത്രീകളും 62 പുരുഷൻമാരും ഉൾപ്പെടെ 79 പേർ ഈ പരിശീലനത്തിൽ പങ്കെടുത്തു.

നവംബർ പതിനഞ്ചുമുതൽ നടന്ന പഠനപര്യടനം രണ്ട് ഗ്രൂപ്പുകളായിട്ടാണ് നടത്തിയത്. തട്ടേക്കാട് നിന്നും ആരംഭിച്ച പഠനപര്യടനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ജോയികുര്യാക്കോസ്, വൈസ് പ്രസിഡന്റ് ടി.എം. പീറ്റർ, പഞ്ചായത്തംഗങ്ങളായ കെ. കെ. ശിവൻ, ജോയി ദേവസ്യ, ഡി.ആർ.പി കൺവിനർ സി. ജെ. എൽദോസ്, കെ.കെ. പുരുഷോത്തമൻനായർ, പി. എൻ ഭാസ്കരപിള്ള എന്നിവർ പങ്കെടുത്തു.

വടാട്ടുപാറ കേന്ദ്രീകരിച്ച് നടന്ന പഠനപര്യടനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി മേരി എബ്രഹാം, പഞ്ചായത്ത് മെമ്പർ എ.കെ പരമേശ്വരൻ, ഡി. ആർ. പി, വി. ജോസഫ് എന്നിവർ നേതൃത്വം നൽകി.

19.11. 96ൽ ഡി. ആർ. പി, എൽ. ആർ. പി. യോഗം ചേർന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സമഗ്രമായി ക്രോഡീകരിച്ചു. അന്നുതന്നെ നടന്ന ഉദ്യോഗസ്ഥ മേധാവികളുടെ യോഗം നടപ്പുപദ്ധതികൾ അവലോകനം ചെയ്തു.

അതിനുശേഷം വികസനറിപ്പോർട്ടിന്റെ കരട് തയ്യാറാക്കി പഞ്ചായത്തുകമ്മറ്റിയോഗത്തിന് സമർപ്പിച്ചു. 16.12.96ൽ നടന്ന പഞ്ചായത്തുയോഗം റിപ്പോർട്ട് അംഗീകരിച്ചു.

പ്രകൃതിയേയും മനുഷ്യന്റെ ആവശ്യങ്ങളും പഠിച്ച് ജനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന ആസൂത്രണവും വികസന പ്രവർത്തനങ്ങളും നമ്മുടെ ഗ്രാമത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാകുമെന്ന് പ്രതീക്ഷിക്കാം.

വിശ്വസ്തതയോടെ

ജോയി കുര്യാക്കോസ്,

പ്രസിഡന്റ്

കുട്ടമ്പുഴ

## കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | |
|---|---|
| 1. പഞ്ചായത്തിന്റെ പേര് | കുട്ടമ്പുഴ |
| 2. ഉൾപ്പെടുന്നവില്ലേജ് | കുട്ടമ്പുഴ |
| 3. ബ്ലോക്ക് പഞ്ചായത്ത് | അടിമാലി |
| 4. ജില്ലാ പഞ്ചായത്ത് ഡിവിഷൻ | അടിമാലി |
| 5. താലൂക്ക് | കോതമംഗലം |
| 6. ജില്ല. | എറണാകുളം |
| 7. അസംബ്ലിമണ്ഡലം | ദേവികുളം |
| 8. പാർലമെന്റ് മണ്ഡലം | ഇടുക്കി |
| 9. വിസ്തീർണ്ണം | 543.07 ച. കി. മീ |
| 10. അതിരുകൾ | |
| വടക്ക് | മുകുന്ദപുരം താലൂക്ക് |
| തെക്ക് | എൻ. എച്ച്. 49, പെരിയാർ |
| കിഴക്ക് | മൂന്നാർ പഞ്ചായത്ത് |
| പടിഞ്ഞാറ് | പെരിയാർ, കരിമ്പാനിതോട് |
| 11. ജനസംഖ്യ | 23043 (91 ലെ കാനേഷുമാരി) |
| പുരുഷൻമാർ | 11775 |
| സ്ത്രീകൾ | 11268 |
| പട്ടികജാതി/പട്ടികവർഗ്ഗം | 3768 |
| സാക്ഷരർ | 16927 |
| 12. വാർഡുകളുടെ എണ്ണം | 10 |
| വനിതാസംവരണം | 2,5,7,8 വാർഡുകൾ |
| പട്ടികജാതിസംവരണം | വാർഡ് 10 |
| പട്ടികവർഗ്ഗസംവരണം | വാർഡ് 4 |
| ജനറൽ | 1,3,6,9 വാർഡുകൾ |

## ഭരണസമിതി

| | |
|---|---|
| 1. പ്രസിഡന്റ് | ശ്രീ. ജോയി കുര്യാക്കോസ് |
| 2. വൈസ് പ്രസിഡന്റ് | ശ്രീ. റ്റി. എം. പീറ്റർ |
| 3. സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി മേരി അബ്രാഹം |
| 4. ഭരണസമിതി അംഗങ്ങൾ | ശ്രീ. ജോയി ദേവസ്യ |
| | ശ്രീമതി ലൈലാ ശെൽവം |
| | ശ്രീ. കെ. കെ. ശിവൻ |
| | ശ്രീ. കെ. കെ. ശ്രീധരൻ |
| | ശ്രീമതി റോസിലി ജോർജ്ജ് |
| | ശ്രീമതി ഷൈനി ബേബി |
| | ശ്രീ. എ. കെ. പരമേശ്വരൻ |
| 5. ബ്ലോക്ക് പഞ്ചായത്ത് അംഗം | ശ്രീ. എ. ജി. രാഘവൻ |
| 6. ജില്ലാ പഞ്ചായത്ത് അംഗം | ശ്രീ. കെ. എസ്. മുഹമ്മദ് |
| 7. നിയസാഭാ അംഗം | ശ്രീ. എ. കെ. മണി |
| 8. ലോകസഭാ അംഗം | ശ്രീ. എ. സി. ജോസ് |

## മുൻ പ്രസിഡന്റുമാർ

| | |
|---|---|
| 1. K. E. ജോസഫ് | 1969 - 1979 |
| 2. T. V. മത്തായി | 1979 - 1988 |
| 3. K. K. ഗോപി | 1988 - 1995 |

# സാമൂഹ്യസാംസ്കാരികചരിത്രം

മഞ്ഞ്മൂടിയ മലകളും നിത്യഹരിതവനങ്ങളും അവയിൽനിന്നൂറിയെത്തുന്ന നീരുറവകൾ, നീരുറവകൾ കൊച്ചരുവികളായി, തോടുകളായി, പുഴകളായി, പുഴകളുടെ കൂട്ടമായി കുട്ടമ്പുഴയാറായി കൂട്ടിക്കൽ എന്ന സ്ഥലത്ത് പെരിയാറിൽ ലയിച്ചുചേരുന്നു. മലനിരകളുടെ മടിത്തട്ടിൽ പെരിയാർവാലി തടാകവും ഇടമലയാർ ജലസംഭരണിയും സ്ഥിതി ചെയ്യുന്നു.

ഡോ. സലീം അലി കണ്ടെത്തിയ പക്ഷികളുടെ ആവാസകേന്ദ്രവും ദേശാടനകിളികളുടെ പറുദീസയുമായ തട്ടേക്കാട് പക്ഷികേന്ദ്രം, പക്ഷികൾ കളകളാരവം പൊഴിക്കുന്ന കീരിത്തോട്, അതിമനോഹരങ്ങളായ മാട്ട്മേട്ക്കുത്ത്, കൊടുംപിരിക്കുത്ത്, പീണ്ടിമേട് വെള്ളച്ചാട്ടങ്ങളും, കാട്ടാനകൂട്ടങ്ങളും, മ്ലാവിൻ കൂട്ടങ്ങളും, കാട്ടുപോത്തും, വാനരകൂട്ടങ്ങളും, ഉല്ലസിച്ചു വാഴുന്ന കാനനത്തോപ്പും ഇവിടെയെത്തുന്ന വിനോദസഞ്ചാരികളെ സ്വപ്നലോകത്തിലേക്ക് നയിക്കുന്നു.

ഭൂതത്താൻകെട്ടിയെന്ന് ഐതീഹ്യമുള്ള ഭൂതത്താൻകെട്ടിലെ പാറക്കൂട്ടങ്ങളും അതിന് സമീപമായി തുണ്ടം ഫോറസ്റ്റ്പ്ലാന്റേഷനിലെ ക്ഷേത്രാവശിഷ്ടങ്ങൾ, വടാട്ടുപാറയിലെ ക്ഷേത്രം, ക്ഷേത്രക്കുളവും, കിണറും, ക്ലാച്ചേരി ക്ഷേത്രക്കിണർ, കുട്ടമ്പുഴയിലെ ഇല്ലിത്തണ്ടിലും കുട്ടമ്പുഴ പ്ലാന്റേഷനിലും ഇഞ്ചത്തൊട്ടിയിലും പൂയംകുട്ടി വനത്തിലെ കരിയിലത്തണ്ട് തുടങ്ങിയ പ്രദേശങ്ങളിൽ കാണുന്ന മുനിയറകൾ, വടാട്ടുപാറ, ഉരുളൽതണ്ണി, കുട്ടമ്പുഴ പ്രദേശങ്ങളിൽ കണ്ടിരുന്നതും സമീപവനപ്രദേശങ്ങളിൽ ഇപ്പോഴും കാണുന്നതുമായ ചെങ്കല്ലും, കരിങ്കല്ലും കൊണ്ടുനിർമ്മിച്ച കയ്യാലകൾ, ഇടമലയാർ ജലസംഭരണിയിൽ മുങ്ങിപ്പോയ വാടാർമുഴിയിലെ കരിങ്കല്ല് കൊത്തിപ്പണിതിരുന്ന ജലസേചനകനാൽ കുട്ടമ്പുഴയിൽ ജോസഫ് ജി. ചേലാട്ടിന്റെ പുരയിടത്തിൽ കുഴിച്ചപ്പോൾ കണ്ടുകിട്ടിയ വലിയ മൺഭരണികൾ എന്നിവ പരിശോധിച്ചാൽ ഈ പഞ്ചായത്ത് പ്രദേശത്ത് പുരാതനകാലത്ത് വികസിച്ച ഒരു ജനസമൂഹം നിലനിന്നിരുന്നതായി മനസ്സിലാക്കാം. തൃക്കാരിയൂർ ക്ഷേത്രവും, പൊയ്ക, കാച്ചേരി ക്ഷേത്രവും പരിശോധിച്ചാൽ അതിലെ നിർമ്മാണരീതി തമ്മിലുള്ള ബന്ധം കണക്കിലെടുത്ത് പുരാതനകാലത്തെ ഭരണകേന്ദ്രമായിരുന്ന തൃക്കാരിയൂരും ഈ പ്രദേശവും തമ്മിലുണ്ടായിരുന്ന ചരിത്രപരമായ ബന്ധത്തിലേക്ക് വിരൽചൂണ്ടുന്നു.

1800 കളിൽ മൂന്നാറിലെ കണ്ണൻ തേവൻ തേയിലത്തോട്ടങ്ങളുടെ ആരംഭത്തോടുകൂടിയാണ് മനുഷ്യന്റെ രണ്ടാം പ്രവേശം. ആലുവയിൽനിന്നും കോതമംഗലം, തട്ടേക്കാട്, കുട്ടമ്പുഴ, പൂയംകുട്ടി, കുഞ്ചിയാർ, പെരുമ്പൻകുത്ത്, നല്ലതണ്ണിവഴിമൂന്നാറിലേക്കുള്ള ആദ്യ രാജപാത നിർമ്മിച്ചത് പൂഞ്ഞാർമഹാരാജാവിന്റെ കാലത്ത് ജോൺ മൺട്രോ എന്ന ബ്രിട്ടീഷ് എൻജിനീയറുടെ മേൽനോട്ടത്തിലാണെന്നു പറയപ്പെടുന്നു. 66 അടി വീതിയുണ്ടായിരുന്ന രാജപാതയോരത്ത് ഓരോ 5 മൈൽ ചെല്ലുമ്പോഴും വഴിയോരവിശ്രമകേന്ദ്രങ്ങൾ നിർമ്മിച്ചിരുന്നു. ബംഗ്ലാവിൻകുന്ന്, സത്രപ്പടി, ബംഗ്ലാവിൻകയം തുടങ്ങിയ സ്ഥലനാമങ്ങൾ പഴയകാലത്തെ വഴിയോരവിശ്രമകേന്ദ്രങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ്. 1980 ൽ ആണ് ദേവികുളം തഹസീൽദാർ പൂയംകുട്ടിയിലെ ഒരു ബംഗ്ലാവ്

ലേലംചെയ്ത് പൊളിച്ചുവിറ്റത്. കണ്ണൻതേവൻ തോട്ടങ്ങൾ ആരംഭിച്ച കാലഘട്ടത്തിൽ തന്നെ ആയിരിക്കണം പിണ്ടിമേട്ടിൽ ജലശക്തിയുപ യോഗിച്ച് പ്രവർത്തിച്ചിരുന്ന ഏതോ ഫാക്ടറി സ്ഥാപിച്ചത്. അതിന്റെ ഫൗണ്ടേഷൻ, ഫൗണ്ടേ ഷൻ ബോൾട്ട് തുടങ്ങിയ അവശിഷ്ടങ്ങളും കെട്ടിടാവശിഷ്ടങ്ങളും ഇപ്പോഴും കാണുന്നു ണ്ട്. മൂന്നാറിലെ കണ്ണൻതേവൻ തേയിലത്തോ ട്ടങ്ങളിൽനിന്ന് കൊച്ചിയിലേക്ക് തേയിലയും, മൂന്നാറിലേക്ക് മറ്റുസാധനങ്ങളും കൊണ്ടുപൊ കുന്നതിന്, ഈ പാത ഉപയോഗിച്ചുകൊണ്ടി രുന്നു. ആലുവ മൂന്നാർ റോഡ് ഹൈറേഞ്ചിലെ തോട്ടങ്ങളിലേക്കുള്ള ബ്രിട്ടീഷുകാരുടെ പ്രധാന ഗതാഗതമാർഗ്ഗവുമായിരുന്നു.എന്നാൽ കൊല്ല വർഷം 1099 ലെ വെള്ളപ്പൊക്കത്തിൽപെട്ട് ഈ രാജപാതയുടെ പലഭാഗങ്ങളും തകർന്ന് പോയി.

പുരാതനകാലംമുതൽ ഈ പ്രദേശ ത്ത്നിന്ന് ഈറ്റശേഖരിക്കുന്നതിനായി അങ്കമാ ലി, കാലടി എന്നിവിടങ്ങളിൽനിന്നും ജനങ്ങൾ ഇവിടെ വന്നിട്ടുണ്ട്. കൂടാതെ വനങ്ങളിൽ നിന്നും തെരെഞ്ഞെടുത്ത മരങ്ങൾമുറിച്ച് പുഴ കൾവഴി ആലുവയിലും അവിടെനിന്നും തിരു വനന്തപുരം മുതലായ സ്ഥലങ്ങളിൽ എത്തി ച്ചിരുന്നതായി പറയപ്പടുന്നു.

അതിപുരാതനകാലം മുതൽ ഇവിടെ മുതുവാൻ, മലയൻ (മലംകുടി) തുടങ്ങിയ ആദിവാസികൾ പാർത്തിരുന്നു. മുതുവാൻ വിഭാ ഗത്തിലെ ആചാരാനുഷ്ഠാനങ്ങളും ഭാഷയും അവരുടെ തമിഴ് ബന്ധംകാണിക്കുന്നു.ഇവർ പുരാതനകാലത്ത് തമിഴ്നാട്ടിൽനിന്ന് കുടിയേ റിയവരാണെന്ന് കണക്കാക്കാം. മലയൻ സമു ദായത്തിൽപ്പെട്ട ആദിവാസികളും തൃശൂർജില്ല യിലെ ആദിവാസികളുമായിട്ടുള്ള ബന്ധം അ വർ തൃശൂർ ജില്ലയിൽനിന്നും കുടിയേറിയവ രാണെന്ന് അനുമാനിക്കാം. മുതുവാൻ, മലയൻ സമുദായത്തിൽപ്പെട്ട ആദിവാസികൾ വിദ്യാ ഭ്യാസപരമായും സാമ്പത്തികപരമായും പിന്നോ ക്കാവസ്ഥയിൽ തുടരുന്നു. ഇവരുടെ സാംസ്കാ രിക തനിമ മാറ്റംകൂടാതെ ഇന്നും നിലനിൽക്കു ന്നുണ്ട്. ഇന്ത്യയിലെ ആദ്യത്തെ റബ്ബർപ്ലാന്റേ ഷൻ കുട്ടമ്പുഴ പഞ്ചായത്തിലെ തട്ടേക്കട് ആയി രുന്നു. അടുത്ത കാലംവരെ അവിടെ കുറെ മരങ്ങൾ നിലനിന്നിരുന്നു.

തട്ടേക്കാട് ആദ്യകാലത്ത് പുഴകടക്കു ന്നതിന് ഉപയോഗിച്ചുകൊണ്ടിരുന്ന "കുതിര ക്കൂട്"ചരിത്രങ്ങളിൽ സ്ഥാനം പിടിക്കേണ്ടതാണ്. ഇന്നത്തെ ചങ്ങാടത്തിന്റെ മുൻഗാമിയായ "കുതിരക്കൂട്ടിൽ" ഒരേസമയം 2 കുതിരവണ്ടി കൾകയറ്റാവുന്ന വലിപ്പമേ ഉണ്ടായിരുന്നുള്ളൂ എന്ന് പഴമക്കാർ പറയുന്നു. കുതിരപ്പുറത്ത് സ്ഥിരമായി സവാരിചെയ്തിരുന്ന സായ്പ് റോഡിന് കുറുകെയുള്ള മഴവെള്ളപാച്ചിലിൽ താഴെപോ യസ്ഥലത്തിന് കുതിരകുത്തി എന്ന് സ്ഥലപേ രും ഉണ്ടായതായി പറയപ്പെടുന്നു.

20ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് ഈ പ്രദേശത്ത് മനുഷ്യരുടെ സജീവസാന്നിദ്ധ്യം വീണ്ടും ഉണ്ടാകുന്നത് ഞായപ്പിള്ളി, കുട്ടമ്പുഴ, പൂയംകുട്ടി, ക്ണാച്ചേരി, ഉരുളൻതണ്ണി, ഇഞ്ച തൊട്ടി, മാമലക്കണ്ടം പ്രദേശങ്ങളിൽ ഗ്രോ മോർഫുഡ് പദ്ധതിപ്രകാരം കൃഷിആരംഭിക്കു കയും തുടർന്ന് സ്ഥിരതാമസവും ആരംഭിച്ചു. 1956 കാലത്ത് കുറ്റ്യാംചാലിൽ പുതുതായ കാട് വെട്ടിത്തെളിച്ച് കൃഷിയാരംഭിച്ചു. കുടിയിറക്കി നെതിരായി കൃഷിക്കാർ കർഷകസംഘം രൂപീ കരിച്ച് സമരംആരംഭിച്ചു. ശ്രീ സി.ആർ. നാരാ യണൻ നായർ, കെ.ഇ. ജോസഫ്, കെ.ഇ. പത്മനാഭൻ, കെ.റ്റി. ജേക്കബ്, എസ്തോസ് എന്നിവർ ത്യാഗപൂർവ്വമായ പ്രവർത്തനം നട ത്തി. ഈ കാലഘട്ടത്തിൽ അന്നത്തെ റവന്യൂ വകുപ്പ് മന്ത്രിയായിരുന്ന ശ്രീമതി. കെ.ആർ.ഗൗ രിയമ്മ കുറ്റ്യാംചാൽ സന്ദർശിച്ചിരുന്നു.

1967 ൽ ഇടുക്കി പദ്ധതിയിൽ നിന്നും കുടിയിറക്കിയ കൃഷിക്കാരെ ഇഞ്ചത്തൊട്ടി

1-ാം ബ്ലോക്കിൽ കുടിയിരുത്തി. 1969-70ൽ വടാട്ടുപാറയിൽ കൂപ്പുവെട്ടിയ സ്ഥലത്ത് കൃഷിക്കാർ കയ്യേറി നിരവധി പ്രക്ഷോഭങ്ങൾ നടത്തി ഇവ കൈവശപ്പെടുത്തി. പഞ്ചായത്തു പ്രസിഡന്റ് കെ. ഇ. ജോസഫ് പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. 1970 ൽ ശ്രീ. അച്ചുതമേനോൻ ഗവൺമെന്റ് വടാട്ടുപാറയിൽ 1000 ഏക്കർ എന്ന സ്ഥലത്തിന് പുതുതായി പട്ടയം നൽകി.

കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ജി. ഒ. (എം.എസ്) 265 -1/69/D ഉത്തരവ് ഉത്തരവ് പ്രാകാരം 1969 സെപ്റ്റംബർ മാസം 20-ാം തീയതി നിലവിൽവന്നു. 4.10.69ൽ ശ്രീ. കെ. ഇ. ജോസഫ് പ്രസിഡന്റായും ശ്രീ. കെ. എം. വർക്കി കുന്നേൽ വൈ. പ്രസിഡന്റായും സത്യപ്രതിജ്ഞ ചെയ്ത് ഭരണസമിതി നിലവിൽ വന്നു. 1962 വരെ ഈ പ്രദേശം എറണാകുളം ജില്ലയിലെ കീരംപാറ പഞ്ചായത്തിന്റെ എട്ടാം വാർഡ് ആയിരുന്നു. അന്നത്തെ പഞ്ചായത്ത് മെമ്പറായിരുന്ന ശ്രീ. ജോസഫ് ചേലാട് ആണ് ഈ പ്രദേശത്തിന്റെ വികസനപ്രവർത്തനത്തിന് തുടക്കം കുറിച്ചത്. ഈ പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിൽ അദ്ദേഹം മുൻകൈയ്യെടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം സത്രപ്പടിയിലെ ഗവ. എൽ. പി. എസ്സ് ആണ്. 1962 മുതൽ 1969 വരെ മന്നാംകണ്ടം പഞ്ചാത്തിന്റെ ഒന്നും രണ്ടും വാർഡുകളായിരുന്ന പ്രദേശം ഉൾപ്പെടുത്തിയാണ് 69 ൽ കുട്ടമ്പുഴ പഞ്ചായത്ത് രൂപീകരിച്ചത്.

കുട്ടമ്പുഴ ടൗണിൽ പൊട്ടക്കൽ ശ്രീ. പി. ഇ. കുര്യാക്കോസിന്റെ വീടിന്റെ ഒരു മുറിയിലാണ് പഞ്ചായത്താഫീസ് പ്രവർത്തനം തുടങ്ങിയത്. ഇപ്പോഴത്തെ ആഫീസ് കെട്ടിടം 1978ൽ ഗതാഗത വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. കെ. നാരായണക്കുറുപ്പ് ശിലാസ്ഥാപനം നിർവ്വഹിക്കുകയും, 17.6.1979 ൽ പഞ്ചായത്ത് വകുപ്പ് മന്ത്രിയായിരുന്ന ജനാബ്. അവുഖാദർകുട്ടിനഹ ഉത്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. വനങ്ങളാലും പെരിയാർ നദിയാലും മറ്റുപ്രദേശങ്ങളിൽനിന്നും വേർതിരുഞ്ഞ് നദികളാലും, കാടുകളാലും ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളടങ്ങിയ ഈ പഞ്ചായത്ത് അതിർത്തികളിൽ പരസ്പരം ബന്ധപ്പെടുന്നതിനും പുറം ലോകത്തേക്ക് ബന്ധപ്പെടുന്നതിനുമുള്ള യാത്രാസൗകര്യങ്ങൾ കുറവാണ്. തട്ടേക്കാട് പാലം നിർമ്മിക്കുകയും പഞ്ചായത്തിനുള്ളിൽ തന്നെ പരസ്പരം ബന്ധപ്പെടുന്നതിനു ഈ യാത്രാസൗകര്യങ്ങൾ ഉണ്ടായെങ്കിൽ മാത്രമെ കൃഷിയും അതുമായി ബന്ധപ്പെട്ടവ്യവസായങ്ങളും പുരോഗമിക്കുകയുള്ളു.

1980 ൽ ആണ് പഞ്ചായത്ത് പ്രദേശത്ത് ആദ്യമായി വൈദ്യുതി എത്തിയത്. പിന്നീട് വടാട്ടുപാറ, ഉരുളൻതണ്ണി പ്രദേശങ്ങളിൽ വൈദ്യുതി എത്തി. 1995 ൽ പൂയംകുട്ടി പ്രദേശത്ത് വൈദ്യുതീകരണം നടന്നു.

1991 ലാണ് കുട്ടമ്പുഴയിൽ ടെലിഫോൺ എക്സ്ചേഞ്ച് ആരംഭിച്ചത്. തുടർന്ന് വടാട്ടുപാറ, ഇടമലയാർ മാമലകണ്ടം ഇഞ്ചത്തൊട്ടി പ്രദേശങ്ങളിൽ ടെലിഫോൺ ലഭ്യമായി. പൂയംകുട്ടിയിൽ ഒരു Telephone Exchange സ്ഥാപിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ ജനങ്ങളിൽ ഈറ്റയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതൊഴിലാളികൾ കഴിഞ്ഞാൽ മഹാഭൂരിപക്ഷവും കൃഷിക്കാരാണ്. കൃഷിയും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളും വികസിപ്പിക്കുന്നതിലൂടെ മാത്രമെ തൊഴിൽ സാധ്യതയിലും സാമ്പത്തികരംഗത്ത് പുരോഗതി കൈവരിക്കുവാൻ കഴിയുകയുള്ളു. 500 ൽ അധികം നിർമ്മാണത്തൊഴിലാളികൾ പഞ്ചായത്തിനുപുറത്ത് ജോലി ചെയ്യുന്നുണ്ട്. കാർഷികമേഖലയിലും അതുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായങ്ങളു

ടേയും കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകൊണ്ടുമാത്രമെ ഈ പഞ്ചായത്ത് പുരോഗമിക്കുകയുള്ളു. ഗതാഗതരംഗത്തുള്ള പിന്നോക്കാവസ്ഥയും ഊർജ്ജത്തിന്റെ പ്രശ്നവും പരിഹരിക്കേണ്ടതുണ്ട്.

ജനപ്രതിനിധികളും ജനങ്ങളും ഉദ്യോഗസ്ഥരും ഒത്തുചേർന്നുകൊണ്ടുനടത്തുന്ന ആസൂത്രണവും വികസന പ്രവർത്തവുംവഴി നമുക്ക് വമ്പിച്ച പുരോഗതി കൈവരുമെന്ന് പ്രത്യാശിക്കാം.

" ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതുകൊണ്ട് മാത്രമായില്ല; ജനങ്ങളോടൊപ്പം പ്രവർത്തിക്കണം. അവർക്കുവേണ്ടി പ്രവർത്തിക്കുന്ന എന്ന ബോധം അവരിലുണ്ടാകണം. ജനങ്ങൾ ഉത്തരവാദിത്വം അവരുടെ കൈകളിലെടുത്താൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയൂ. "

നെഹ്രു

# ഭൂപ്രകൃതി

ഈ പഞ്ചായത്തിലെ ഒന്നുമുതൽ 10 വാർഡുകളും വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്നു. ഈരണ്ട് മലകൾക്കിടക്കുള്ള പ്രദേശങ്ങളാണ് ജലവാസവും കൃഷിഭൂമിയും. ഈ ഭാഗങ്ങൾക്ക് ശരാശരി രണ്ട് കിലോമീറ്റർ വീതിയും 10 കിലോമീറ്റർ നീളവും ഉണ്ടാകും. ഈ പഞ്ചായത്തിലെ മണ്ണിനെ രണ്ടായി തരംതിരിക്കാം. കുന്നിൻപ്രദേശങ്ങളിലെ മണ്ണ് കറുത്ത നിറത്തിലുള്ളതും പാറപ്പൊടികലർന്നതും, താഴ്‌വരകളിലെമണ്ണ് ചെങ്കൽനിറത്തിലുള്ളതും മണലും എക്കലും കലർന്ന പശിമരാശി മണ്ണുമാണ്. നിമ്നോന്നതമായ മലനിരകളാൽ ഈ പ്രദേശം ചുറ്റപ്പെട്ടുകിടക്കുന്നു. മലകൾക്ക് 350മീറ്റർ മുതൽ 523 മീറ്റർ വരെ ഉയരമുണ്ട്. ഇവിടത്തെ വനപ്രദേശങ്ങൾ ഉഷ്ണമേഖലാനിത്യഹരിത വനങ്ങളും അർദ്ധഹരിതവനങ്ങളും ഇലപൊഴിയുന്ന വനങ്ങളുമാണ്. ശരാശരി ഒരുവർഷം 367 മില്ലിമീറ്റർ മഴ ലഭിക്കുന്നുണ്ട്. ഉയരംകൂടിയ മലമുകൾഭാഗങ്ങൾ കരിങ്കൽപാറക്കെട്ടുകളാണ്. പ്രധാനപ്പെട്ട മൂന്ന് നദികൾ ഈ പഞ്ചായത്തിൽകൂടി ഒഴുകുന്നു.

1. പെരിയാർ
2. പൂയംകുട്ടിയാർ
3. ഇടമലയാർ

ഈ നദികളിൽ പൂയംകുട്ടിയാറും ഇടമലയാറും ആലക്കയത്തുവച്ച് യോചിച്ചൊഴുകുന്നു. കുട്ടമ്പുഴയെത്തുമ്പോൾ പിണവൂർതോയും ചേർന്ന് കുട്ടമ്പുഴ ആറായി ഒഴുകി, ഭൂതത്താൻകെട്ടിന് ഒരു കിലോമീറ്റർ മുകളിൽ കൂട്ടിക്കൽ എന്ന സ്ഥലത്ത്‌വച്ച് പെരിയാറിൽ ചേരുന്നു. കൂട്ടിക്കൽമുതൽ താഴത്തേക്ക് മുകളിൽപറഞ്ഞ മൂന്ന് നദികളും കൂടി പെരിയാർ എന്ന പേരിൽതന്നെ പോകുന്നു. കൂടാതെ അരുവികളും തോടുകളുമായി 27 എണ്ണം ഉണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ കാണുന്നവയാണ്.

1. ഉരുളൻതണ്ണിതോട്
2. പിണവൂർകുടിതോട്
3. കൂറ്റാമ്പാറതോട്
4. കൊരങ്ങാട്ടിതോട്
5. കുറ്റ്യാംചാൽതോട്
6. കല്ലേലിമേട്തോട്
7. മ്ലാവനതോട്
8. മണികണ്ടംചാൽതോട്
9. വെള്ളാരംകുത്ത്തോട്
10. മാമലക്കണ്ടംതോട്
11. ഇഞ്ചത്തൊട്ടി അളക്കൽതോട്
12. വടാട്ടുപാറതോട്
13. കണാച്ചേരി തോട്
14. കമ്പിപ്പാലം താണിക്കുന്നേൽപടിത്തോട്
15. ഞായപ്പിള്ളിത്തോട്
16. താലിപ്പാറ കാപ്പാട് തോട്
17. കാക്കശ്ശേരി തോടെ്
18. ചക്കിമേട് തോട്
19. മാപ്പഞ്ചേരി തോട്
20. അപ്പയ്ക്കൽപ്പടി -പാലമലക്കടവ് തോട്

വർഷത്തിൽ ഫെബ്രുവരി മാർച്ച് മാസങ്ങളിൽ 33 ഡിഗ്രി സെൽഷ്യസ് ചൂട് അനുഭവപ്പെടുന്നു. വർഷകാലങ്ങളിൽ ചിലസമയങ്ങളിൽ മലമുകളിൽ പുകപോലെ മഞ്ഞ് മൂടിനില്ക്കാറുണ്ട്. ജനസംഖ്യയിൽ 12% ഗിരിവർഗ്ഗ വിഭാഗങ്ങളാണ്. ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയും കന്നുകാലിവളർത്തലുമാണ്. പ്രധാനകൃഷി തെങ്ങ്, റബ്ബർ, കമുക്,കൊക്കൊ, പൈനാപ്പിൾ, ഇഞ്ചി,നെല്ല് മുതലായവയാണ്. പ്രകൃതിയെ ആശ്രയിച്ചുള്ള കൃഷിയാണ് പ്രധാനം. ജലസേചനസ്കീമുകൾ ഒന്നും തന്നെ ഈ പഞ്ചായിത്തിൽ ഇല്ല. പ്രസിദ്ധമായ ഭൂ

തത്താൻകെട്ടിൽ ഉള്ള പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് ഈ പഞ്ചായിത്തിന്റെ പടിഞ്ഞാറ്ഭാഗത്ത് അതൃത്തിയിൽ താഴ്ന്ന പ്രദേശത്തായാണ്. ആ പ്രോജക്ട് കൊണ്ട് ഈ പഞ്ചായിത്തിന് യാതൊരുപ്രയോജനവു മില്ല. ഭൂമിയുടെ അടിഭാഗം മിക്കസ്ഥലങ്ങളി ലും തട്ട് പാറയായതിനാൽ കിണർ വെള്ളം വേനൽകാലത്ത് ലഭ്യമല്ലാത്തതിനാൽ വേ നൽകാലത്ത് വെള്ളത്തിന് ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നു. ഭൂമിയുടെ 2/3 ഭാഗവും വന ങ്ങളാണ് . ഈ വനങ്ങളിൽ തേക്ക്, ഈട്ടി, തേമ്പാവ്, മരുത്, ആഞ്ഞിലി, അറയാഞ്ഞി ലി, ഇരൂൾ, മുള, ചൂരൽ, ഈറ്റ തുടങ്ങിവ യും ആന, കടുവ, കരടി, മ്ലാവ്, മാൻ, ചെന്നാ യ്, മലമ്പാമ്പ് മുതലായവയും കൂടാതെ പ്ര സിദ്ധമായ ഒട്ടനവധി പക്ഷികളും ഈ വന ങ്ങളിലെ പ്രത്യേകതയാണ്. എല്ലാം കൊണ്ടും ഈ ഗ്രാമപഞ്ചായത്ത് പ്രകൃതിമനോഹരമാണ്.

" എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭങ്ങളി ല്ലതാനും. "

ഗാന്ധിജി

# കൃഷിയും ജലസേചനവും



# കൃഷിയും ജലസേചനവും

പഞ്ചായത്തിൽ 3009 ഹെക്ടർ പുരയിടവും 118 ഹെക്ടർ നിലവുമാണുള്ളത്. വാർഷിക നെല്ലുല്പാദനം ഏകദേശം 600 ടൺ ആണ്. നെൽപ്പാടങ്ങളിൽ ഇടവിളയായി എള്ള്, പയറ്, പച്ചക്കറിയിനങ്ങൾ മുതലായവ കൃഷിചെയ്യുന്നുണ്ട്. പൈനാപ്പിൾ കൃഷി പഞ്ചായത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഏകദേശം 350 ഹെക്ടറുകളിലായി തെങ്ങു കൃഷി വ്യാപിച്ചിരിക്കുന്നു. ഉത്പാദനക്ഷമത ഹെക്ടറിന് 20400 നാളികേരമാണ്. റബ്ബർകൃഷി 650 തോളം ഹെക്ടറുകളിലായിവ്യാപിച്ചുകിടക്കുന്നു. ഉത്പാദനക്ഷമത ഹെക്ടറിന് മൂന്ന് ടൺ മാത്രമാണ്. ഈ പഞ്ചായത്തിലെ വിളവിസ്തീർണ്ണവും, ഉത്പാദനവും സംബന്ധിച്ച പട്ടിക ( പട്ടിക 1 ) കാണുക . 1995-96-ൽ രാസവളം ഉപയോഗം 300 ടണ്ണും, കീടനാശിനികൾ ദ്രവരൂപത്തിലുള്ളത് 120 ലിറ്ററും, ഖരരൂപത്തിലുള്ളത് 250kg യുമാണ് ( പട്ടിക 4 കാണുക )

കൃഷിഭവൻ മുഖേന 1995-96 കാലയളവിൽ 860 തെങ്ങിൻ തൈകളും, 20800 കവുങ്ങിൻ തൈകളും, 415 ജാതികളും, 6000 കാപ്പി തൈകളും വിതരണം ചെയ്തിട്ടുണ്ട്. 1995-96ൽ കൊടുങ്കാറ്റ് വെള്ളപ്പൊക്ക ദുരിതാശ്വാസമായി. 81 കുടുംബക്കാർക്കായി 94609 രൂപവിതരണം ചെയ്തിട്ടുണ്ട്. ( പട്ടിക 6,7 )

പൊതുവേ, എല്ലാത്തരം കൃഷികൾക്കും പറ്റിയ ഭൂപ്രകൃതിയും, കാലാവസ്ഥയുമാണ് ഈ പഞ്ചായത്തിലുള്ളത്. എങ്കിലും, നെല്ല്, റബ്ബർ, തെങ്ങ്, കുരുമുളക്, കമുക്, കാപ്പി,ജാതി,ഗ്രാമ്പു, കശുമാവ് എന്നിവയും തന്നാണ്ടു കൃഷികളായ കപ്പ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, വാഴ, പയറുവർഗ്ഗങ്ങൾ, പാവൽ, പടവലം, ചേന, ചേമ്പ്, കാച്ചിൽ, മത്ത, കുമ്പളം,വെള്ളരി, കൂർക്ക, കോവൽ തുടങ്ങിയ കൃഷികളും ചെയ്തുവരുന്നു. ഇതിനു പ്രധാന കാരണങ്ങൾ വിവിധതരം രോഗങ്ങൾ, അശാസ്ത്രീയമായ കൃഷി രീതികൾ, രാസവള കിടനാശിനികളുടെ അമിതപ്രയോഗം, ജലസേചന സൗകര്യങ്ങളുടെ അഭാവം, മണ്ണൊലിപ്പ് മുതലായവയാണ്.

റബ്ബർകൃഷി വർദ്ധിക്കുന്നുണ്ടെങ്കിലും, പട്ടമരപ്പ്, ചീക്ക്, പച്ചത്തടിയിൽ കുത്തൻവീഴുക മുതലായ രോഗങ്ങൾ റബ്ബർ കൃഷിക്ക് ഭീഷണിയാണ്. തെങ്ങിന് പലയിടത്തും മഞ്ഞളിപ്പ് , കൂമ്പുചീയൽ ഓലമുരടിപ്പ്, പലതരംകീടങ്ങളുടെ ഉപദ്രവം തുടങ്ങിയവ നാശം വരുത്തുന്നു. കമുകിന് മഞ്ഞളിപ്പും, മാഹാളിരോഗവും ഭീഷണിയാണ്. കുരുമുളകിന് ദ്രുതവാട്ടം, പൊള്ളരോഗം മുതലായവ മൂലം പത്തു വർഷത്തിനുള്ളിൽ 70% കൃഷിയും നശിച്ചു. നെൽകൃഷിയെ ബാധിക്കുന്ന പ്രധാനകീടങ്ങൾ ഗ്വാളീച്ച, ഓലചുരട്ടിപ്പുഴു, തെങ്ങുതുരപ്പൻ എന്നിവയാണ് പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ.

ഇഞ്ചികൃഷിയെ മൂടുചീയൽ, തണ്ടുതുരപ്പൻ എന്നിവയും വാഴയെ ചുണ്ടൻ, കടതുരപ്പൻ, കുറുനാമ്പ് എന്നിവയും വ്യാപകമായി നശിപ്പിക്കുന്നു. കൂടാതെ പച്ചക്കറിയിനങ്ങളെ വിവിധതരം കീടങ്ങളുടെ ഉപദ്രവം, തണ്ടുവാട്ടം, വളർച്ചമുരടിപ്പ്, മഞ്ഞളിപ്പ് എന്നിവയും ദോഷകരമായി ബാധിക്കുന്നു.

നെൽകൃഷി കുറയാൻ കാരണങ്ങൾ ആദായകരമല്ലാത്തതും കർത്തൊഴിലാളികളുടെ അഭാവം, വളം, കീടനാശിനികളുടെ വിലക്കയറ്റം, കൂലിക്കൂടുതൽ, ജലസേചനസൗകര്യങ്ങളുടെ കുറവ് മുതലായവയാണ്.

പഞ്ചായത്തിലെ 70% ജനങ്ങൾ കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. അതുകൊണ്ടുതന്നെ കൃഷി പുനരുദ്ധാരണത്തിന് കൃഷിക്കാരെ ബോധവത്കരിക്കുകയും, ഫലവത്തായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് പഞ്ചായത്തിലെ കൃഷി നടക്കുന്നത്. പഞ്ചായത്തിൽ പൊതുവായ ജലസോചനപദ്ധതി ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ല. ജലസേചനത്തിനായി കൃഷിഭവൻവഴി പഞ്ചായത്തിന്റെ വിവിധവാർഡുകളിൽ 27 കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്. മറ്റു പദ്ധതികളിലായി കൃഷി വകുപ്പിൽനിന്നും 35 കുളങ്ങൾ പഞ്ചായത്തിൽനിന്നും നിർമ്മിച്ചിട്ടുണ്ട്. വ്യക്തികളായ കർഷകർക്ക് ജലസേചനത്തിനുവേണ്ടി 38 പമ്പുസെറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

അടിമാലി വികസനബ്ലോക്കിൽനിന്നും പിണവൂർകുടി ആദിവാസികോളനിയിൽ ഒരു ചെക്കുഡാമും, വിവിധ വാർഡുകളിലായി മൂന്ന് കുളങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ 2 പുതിയ കുളങ്ങൾ കൂടി കുഴിക്കുന്നതിനുള്ള അനുമതി ആയിട്ടുണ്ട്. കേരകർഷകർക്കുവേണ്ടിയുള്ള ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി 1995 -96-ൽ അനുവദിച്ചത് ഇനിയും നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്തിൽ വിവിധ വാർഡുകളിൽ കർഷകർ സ്വന്തം നിലയിൽ ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തി കൃഷി ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിൽ സബ്സിഡിയുള്ള ട്രിപ്പ് ഇറിഗേഷൻ പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. നെൽകൃഷി ആദായകരമല്ലാത്തതുകൊണ്ട് പല കർഷകരും ഈ രംഗത്തുനിന്ന് പിൻമാറുന്നു. പാടം നികത്തി പുരയിടമാക്കുന്നു.
2. ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത.
3. കാർഷിക ഉല്പന്നങ്ങളുടെ വിപണനയൗകര്യങ്ങളുടെ അഭാവം.
4. അശാസ്ത്രീയമായ കൃഷിരീതികൾ.
5. നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്.
6. ജൈവവളപ്രയോഗത്തിന്റെ അപര്യാപ്തത.
7. കീടബാധയും രോഗങ്ങളും.
8. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യവും കൂലികൂടുതലും.
9. ഉല്പന്നങ്ങളുടെ സംസ്കരണസൗകര്യങ്ങളുടെ അപര്യാപ്തത.
10. വായ്പാ സൗകര്യങ്ങളുടെ കുറവ്.
11. കൃഷിക്കാരന്റെ താഴ്ന്ന സാമൂഹ്യപദവി.
12. കൃഷിഭവന്റെ സേവനം എല്ലാ മേഖലകളിലും എത്തുന്നില്ല.
13. ഇൻഷ്വറൻസിന്റെ സാദ്ധ്യതക്കുറവ്.
14. കൃഷിഭൂമിക്ക് പട്ടയമില്ല.
15. വ്യാപകമായ മണ്ണൊലിപ്പ്.
16. വന്യമൃഗങ്ങളിൽനിന്നുള്ള ശല്യം.
17. കാർഷിക യന്ത്രോപകരണങ്ങൾ യഥാസമയം ലഭ്യമാക്കണം.

### പ്രശ്നപരിഹാരങ്ങൾ

1. ജലസേചനത്തിന് പലവൻപടിയിൽ പുഴയിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.
2. കുറ്റ്യംചാൽ പാടശേഖരത്ത് ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചനം നടത്തണം.
3. ഉരുളൻതണ്ണി പാടശ്ശേഖരത്തിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുക.
4. നല്ലയിനം വിത്തുകളും, കാർഷികോപകരണങ്ങളും ലഭ്യമാക്കുക.
5. ഇഞ്ചത്തൊട്ടി വാർഡിലേക്ക് പെരിയാറ്റിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചനം നടത്തണം.
6. ഞായപ്പിള്ളിയിൽ പള്ളിക്ക് സമീപം കുളം നിർമ്മിച്ച് പമ്പ് സ്ഥാപിച്ച് ആറാം വാർഡിൽ

ജലസേചനസൗകര്യം ഉണ്ടാക്കണം.

7. ചെക്ക് ഡാം നിർമ്മിച്ച് മാമലക്കണ്ടത്ത് ജലസേചനസൗകര്യം ഏർപ്പെടുത്തണം.

8. മാന്തിമേട്ടിൽ ചെക്ക്ഡാം തീർത്ത് തല്ലേലിമേട്ടിൽ വെള്ളമെത്തിക്കണം.

9. മണ്ണൊലിപ്പുനിവാരണപദ്ധതി എല്ലാവാർഡിലും നടപ്പാക്കണം.

10. കൃഷിഭവന്റെ സേവനം പഞ്ചായത്തിൽ എല്ലാഭാഗത്തും എത്തിക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കണം.

11. കാർഷികോല്പന്നങ്ങളുടെ വിൽപ്പനക്ക് പൊതു മാർക്കറ്റ് കുട്ടമ്പുഴ, വടാട്ടുപാറ, മാമലക്കണ്ടം, ഇഞ്ചത്തൊട്ടി എന്നിവിടങ്ങളിൽ ആരംഭിക്കണം.

12. രോഗംവന്ന തെങ്ങ്, കമുക്, എന്നിവ വെട്ടി മാറ്റുന്നതിന് സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.

13. വന്യമൃഗങ്ങളിൽനിന്നുണ്ടാകുന്ന ശല്യങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം ഉടൻ ലഭ്യമാക്കുക.

14. ഔഷധസസ്യകൃഷി, കൂൺകൃഷി, പുഷ്പ കൃഷി എന്നിവയ്ക്ക് ആവശ്യമായ സാങ്കേതിക സഹായവും വിപണനസൗകര്യവും ഏർപ്പെടുത്തുക.

15. പച്ചക്കറികൃഷി വ്യാപിപ്പിക്കുകയും, ജലസേചനത്തിന് എല്ലാ കൃഷികൾക്കും സൗജന്യനിരക്കിൽ വൈദ്യുതി നൽകുകയും ചെയ്യുക.

16. മുഴുവൻ കർഷകർക്കും പട്ടയം ലഭ്യമാക്കുക.

17. എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

18. കാർഷികോല്പന്നങ്ങൾക്ക് സംസ്കരണസൗകര്യങ്ങൾ ഏർപ്പെടുത്തുക.

19. ജൈവവളപ്രയോഗം കൂടുതലായി പ്രയരിപ്പിക്കുക.

20. വെള്ളാരംകുത്ത് കോളനിയിൽ ചെക്ക്ഡാം നിർമ്മിച്ച് വെള്ളാരംകുത്തിലും, മണികണ്ടൻ ചാലിലും ജലസേചനം നടത്തുക.

21. പൊതുമേഖലാബാങ്കുകളും, സഹകരണ സംഘങ്ങളും കാർഷികമേഖലക്ക് പ്രാധാന്യം നൽകി വായ്പാവിതരണം ചെയ്യുക.

22. ആദിവാസികൾക്ക് ശാസ്ത്രീയകൃഷിയിൽ പ്രത്യേകപരിശീലനം നൽകുക.

23. ആദിവാസിമേഖലയിൽ നല്ലയിനം നടീൽവസ്തുക്കൾ അവിടെത്തന്നെ നേഴ്സറി സ്ഥാപിച്ച് വിതരണം ചെയ്യുക.

24. അതാതുപ്രദേശത്തേക്ക് ആവശ്യമുള്ള തൈകൾ അവിടങ്ങളിൽ ഉല്പാദിപ്പിക്കുന്നതിന് വാർഡ്തോറും നേഴ്സറികൾ സ്ഥാപിക്കുകയും നല്ലയിനം തൈകൾ ഉല്പാദിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

25. വിളമത്സരവും, നല്ല കർഷകരെ ആദരിക്കലും എല്ലാ വർഷവും സംഘടിപ്പിക്കുക.

26. പുഷ്പ -ഫല പ്രദർശനം സംഘടിപ്പിക്കുകയും മത്സരവിജയികൾക്ക് ക്യാഷ് അവാർഡും മറ്റും നൽകുക.

27. സ്കൂൾ കുട്ടികളേക്കൊണ്ട് അവരുടെ വീട്ടുവളപ്പിൽ പച്ചക്കറികൃഷി ചെയ്യിപ്പിക്കുകയും, ഫലപ്രദമായ മോണിട്ടറിംഗ് നടത്തുകയും ചെയ്യുക.

28. വിത്തും, കീടനാശിനികളും, വളങ്ങളും കുറഞ്ഞ വിലക്ക് ലഭ്യമാക്കുക.

29. വാട്ടർഷെഡ് പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുക

30. നാളിതുവരെ പഞ്ചായത്തുപ്രദേശത്ത് യാതൊന്നും നടപ്പാക്കാത്ത ചെറുകിട ജലസേചനവകുപ്പിന്റെ പ്രവർത്തനം എത്തിക്കുക.

31. കർഷകർക്ക് പെൻഷൻ ഏർപ്പെടുത്തി ജീവിത സുരക്ഷിതത്വം ഉറപ്പാക്കുക.

32. കാർഷികോല്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

33. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം എല്ലാ വാർഡിലും നടപ്പിലാക്കണം.

34. പാടശ്ശേഖരസമിതി, കേരവികസനസമിതി, കുരുമുളക്സംരക്ഷണസമിതി തുടങ്ങിയവയെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

35. വാർഡ്തോറും കാർഷിക വികസനസമിതികൾ രൂപീകരിക്കുകയും പ്രവർത്തനം ഗ്രാമപഞ്ചായത്ത് നിയന്ത്രിക്കുകയും ചെയ്യുക.

പട്ടിക. 1

വിളവിസ്തീർണവും ഉത്പാദനവും സംബന്ധിച്ച വിവരങ്ങൾ

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദനക്ഷമത (ഹെക്ടറിൽ ) |
|---|---|---|---|
| നെല്ല് ( ഒന്നാം വിള ) | 55 ഹെക്ടർ | 247.5 ടൺ | 4.5 ടൺ / ഹെക്ടർ |
| നെല്ല് ( രണ്ടാം വിള ) | 55 ഹെക്ടർ | 220 ടൺ | 4 ടൺ / ഹെക്ടർ |
| പയർ | 50 ഹെക്ടർ | 41.250 ടൺ | 0.825 Kg / ഹെക്ടർ |
| എളള് | 12 ഹെക്ടർ | 4.700 ടൺ | 0.395 ടൺ / ഹെക്ടർ |
| പച്ചക്കറികൾ | 34 ഹെക്ടർ | 510 ടൺ | 15 ടൺ / ഹെക്ടർ |
| തെങ്ങ് | 350 ഹെക്ടർ | 140000 Nos. | 20400 Nos. |
| വാഴ | 80 ഹെക്ടർ | 1400 ടൺ | 175 ടൺ / ഹെക്ടർ |
| മരച്ചീനി | 26 ഹെക്ടർ | 1040 ടൺ | 40 ടൺ / ഹെക്ടർ |
| കുരുമുളക് | 650 ഹെക്ടർ | 1251.25 ടൺ | 1.925 ടൺ / ഹെക്ടർ |
| പ്ലാവ് | 12 ഹെക്ടർ | 78 ടൺ | 6.5 ടൺ / ഹെക്ടർ |
| കശുമാവ് | 18 ഹെക്ടർ | 32.670 ടൺ | 1.815 ടൺ / ഹെക്ടർ |
| മാവ് | 13 ഹെക്ടർ | 24.180 ടൺ | 1.96 ടൺ / ഹെക്ടർ |
| റബ്ബർ | 650 ഹെക്ടർ | 1933.75 ടൺ | 2.975 ടൺ / ഹെക്ടർ |
| കവുങ്ങ് | 80 ഹെക്ടർ | 72000000 Nos. | 9000000 Nos. |
| കൊക്കൊ | 36 ഹെക്ടർ | 444.42 | 12.345 ടൺ |

## പട്ടിക. 2

### കൃഷി ഭൂമിയെ സംബന്ധിച്ച വിവരം

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം ( ഏക്കറിൽ ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1 - 10 സെന്റ് | 10 - 25 സെന്റ് | 25 - 50 സെന്റ് | 50 - 100 സെന്റ് | 1 - 2 ഏക്കർ | 2 - 5 ഏക്കർ | 5 ഏക്കറിനു മുകളിൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| കുട്ടമ്പുഴ | 3353 | 173 | 3088 | 505 | 7194 | 1137 | 451 | 387 | 1118 | 489 | 296 | 38 |
| ആകെ | 3353 | 173 | 3088 | 505 | 7194 | 1137 | 451 | 387 | 1118 | 489 | 296 | 38 |

## പട്ടിക 3

### ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 118 Ha |
| പുരയിടം | 3009 Ha |
| പുറമ്പോക്ക് | |
| കൃഷിയോഗ്യ തരിശ് | |
| കൃഷിയോഗ്യമല്ലാത്ത തരിശ് | |
| ആകെ | |

## പട്ടിക.4

### കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്
### 3.3 രാസവള കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം കി.ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം കി.ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | | | | | | | | | |
| 1 | S.C.B. ഇടമലയാർ | 80 T | 6 ലി. | 25 Kg. | 90 T | - | - | 75 T | - | - |
| *2 | S.C.B. കുട്ടമ്പുഴ | 45 T | - | - | 60 T | - | - | 25 T | - | - |
| 3 | S.C.B. മാമലക്കണ്ടം | 20 T | - | - | 10 T | - | - | - | - | - |
| | സ്വകാര്യം | | | | | | | | | |
| 4 | V.A അസീസ് | 120 T | 60 ലി. | 125 Kg | 150 T | 60 Lt. | 150 Kg. | 100 T | 66 Lt. | 150 Kg. |
| 5 | T.B. മുസ്തഫ | 50 | - | - | 40T | - | - | 20 T | 40 Lt. | 100 Kg |
| 6 | V.A കരീം | 50 T | - | - | - | - | - | - | - | - |

**പട്ടിക 5**

**ജലസേചന സംവിധാനങ്ങൾ**

| വാർഡ് നമ്പർ | പൊതുജലസേചനകിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയക്കെട്ട് ഹെക്ടർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 12 | - | 3 | - | - |
| 2 | 15 | - | 4 | - | - |
| 3 | 68 | - | 5 | - | - |
| 4 | 35 | - | 3 | - | - |
| 5 | 40 | - | 3 | - | - |
| 6 | 45 | - | 2 | - | 6 |
| 7 | 50 | - | 3 | - | 10 |
| 8 | 52 | 5 | 2 | - | - |
| 9 | 95 | 2 | 1 | - | - |
| 10 | 90 | 2 | 1 | - | - |

**പട്ടിക 6**
**നടീൽ വസ്തു വിതരണം**

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 2628 | 110 | 860 |
| കശുമാവ് | | | |
| കുരുമുളക് | 10000 | 10000 | 20800 |
| കവുങ്ങ് | 7000 | | 2560 |
| ജാതി | 276 | 417 | 413 |
| കാപ്പി | | | 6000 |
| കൊക്കൊ | 2200 | 500 | |
| ഗ്രാമ്പൂ | | 100 | |

**പട്ടിക 7**
**ദുരിതാശ്വാസ വിതരണം**

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | ✓ | | ✓ | | 10<br>94 | 1958<br>20520 |
| 1994-95 | ✓ | | ✓ | | 34 | 17300 |
| 1995-96 | ✓ | | ✓ | | 81 | 94609 |

## പട്ടിക 8. തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ്കൃഷി വിസ്തീർണ്ണം (ഹെക്ടറിൽ) | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 57 | 990 | 8985 | 9975 | 60 | 270 | 180 | 70 | - | 580 |
| 2 | 23 | 405 | 3620 | 4025 | 50 | 160 | 125 | 28 | - | 363 |
| 3 | 33 | 1270 | 4500 | 5775 | 60 | 245 | 140 | 35 | - | 480 |
| 4 | 28 | 588 | 4312 | 4900 | 80 | 185 | 85 | - | - | 350 |
| 5 | 30 | 479 | 4771 | 5250 | 50 | 210 | 115 | 70 | - | 445 |
| 6 | 43 | 1200 | 6325 | 7525 | 100 | 260 | 145 | 80 | - | 585 |
| 7 | 32 | 750 | 4850 | 5600 | 60 | 225 | 120 | 75 | - | 480 |
| 8 | 28 | 550 | 4350 | 4900 | 40 | 168 | 86 | 45 | - | 339 |
| 9 | 39 | 755 | 6070 | 6825 | 50 | 230 | 145 | 55 | - | 480 |
| 10 | 37 | 500 | 5975 | 6475 | 50 | 210 | 125 | 65 | - | 460 |

## പട്ടിക 9. കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | ഷോർട്ട ബിൾ പമ്പ്സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രേയർ | നാപ്സാക്ക് സ്പ്രേയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | - | - | - | 10 | 5 | - | - | - | 6 |
| 2 | - | - | - | 15 | 4 | - | - | 1 | 5 |
| 3 | - | 1 | 1 | 9 | 9 | - | 1 | - | 1 |
| 4 | - | 1 | 1 | 9 | 8 | - | 1 | - | 2 |
| 5 | - | - | - | 6 | 5 | - | - | - | 4 |
| 6 | - | - | - | 6 | 3 | - | - | - | 3 |
| 7 | - | - | - | 4 | 4 | - | - | - | 2 |
| 8 | - | - | - | 4 | 6 | - | - | - | - |
| 9 | - | - | - | 10 | 3 | - | - | 1 | - |
| 10 | - | - | 2 | 7 | 3 | - | - | - | 2 |

### പട്ടിക 10. കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1 - 2 ഹെകർ) | വൻകിട കർഷകർ (1 ഹെക്ടറിന് മുകളിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 210 | 80 | 35 |
| 2 | 230 | 75 | 30 |
| 3 | 180 | 70 | 15 |
| 4 | 220 | 65 | 28 |
| 5 | 200 | 70 | 25 |
| 6 | 115 | 60 | 27 |
| 7 | 150 | 45 | 25 |
| 8 | 165 | 50 | 20 |
| 9 | 150 | 70 | 25 |
| 10 | 180 | 60 | 25 |
| Total | 1800 | 650 | 250 |

## സന്ദേശം.

ഉണരൂ ഉണരൂ മാനവരേ,
ഉയരാം ഒരു പൊൻതാരകമായ്
ഇന്നലെ ഇവിടെ മരിക്കുന്നു
ഇനി വരികില്ലതു നിശ്ചയമായ്.

സ്വാതന്ത്ര്യത്തിൻ പന്ഥാവിൽ
അരനൂറ്റാണ്ടുകൾ പിന്നിട്ടു
ഇനിയും ഭാരത ഗ്രാമങ്ങൾ
ഉയരാതിരുളിൽ അലയുന്നു.

പോയയുഗത്തിൻ രണഭൂവിൽ
കൊഴിഞ്ഞ മോഹന സ്വപ്നങ്ങൾ
പടുത്തുയർത്താം ഒന്നൊന്നായ്
പാടാം പുതിയൊരു ജയഗീതം.


പെരിയാറിൻ കുഞ്ഞോളങ്ങൾ
കവിതകൾ പാടും മലയോരം
കാനന സുന്ദരമാകുമിടം
കാണാം പക്ഷികളേറെ സുഖം.

പടയണി ചേരാം ഒന്നാകാം
പദ്ധതി ഇവിടെ ഒരുക്കീടാം
നാളെ നമ്മൾ ഭരിക്കുന്ന
നമ്മുടെ രാജ്യം പുലരുകയായ്.

ഗ്രാമ സ്വരാജിൻ ചൈതന്യം
നാടെങ്ങും കളിയാടുകയായ്,
ഗാന്ധിജി തന്നുടെ സ്വപ്നമിതാ
പൂവണിയുന്നൊരു നിമിഷമിതാ.

D. ആന്റണി,
മൂലേക്കുടിയിൽ
കുട്ടമ്പുഴ.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

ഈ പഞ്ചായത്തിന്റെ മിക്കവാർഡുക ളും വനത്താലും, പുഴയാലും ചുറ്റപ്പെട്ടുകിട ക്കുന്നതുകൊണ്ട് മൃഗസംരക്ഷണത്തിനും മത്സ്യകൃഷിക്കും ഏറെ സാധ്യതകൾ ഉണ്ട്. ഇവിടെ കാലിവളർത്തൽ പ്രധാനതൊഴിലായി സ്വീകരിച്ചിട്ടില്ല. വളർത്തുന്ന കാലികളിൽ നാടൻഇനങ്ങളാണ് അധികവും. കാലികൾക്ക് പുറമേ ആട്, എരുമ, പന്നി, മുയൽ, കോഴി, താറാവ് മുതലായവ നാമമാത്രമായി വളർത്തു ന്നു. അത്യുൽപ്പാദനശേഷിയുള്ള കന്നുകാലി കർ തുലോം വിരളമാണ്.

പഞ്ചായത്ത് ആസ്ഥാനത്ത് മാത്രമേ മൃഗാശുപത്രി ഉള്ളു. പഞ്ചായത്തിന്റെ വിസ്തൃ തിയും, ഭൂമിശാസ്ത്രപരമായ പ്രത്യേകതയും പരിഗണിച്ച് കൂടുതൽ മൃഗാശുപത്രികൾ സ്ഥാ പിക്കേണ്ടതുണ്ട്. രോഗങ്ങൾ വന്നാൽ വേണ്ട ചികിത്സ ലഭിക്കാത്തത് കാലിവളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നു. പാൽവിപണ നത്തിന് ഉള്ള സൗകര്യക്കുറവ് ഏറ്റവും വലിയ പ്രശ്നമാണ്. ശാസ്ത്രീയമായ അറിവ്കുറവും പാര മ്പര്യമായ കാലിവളർത്തൽ നിലനിൽക്കുന്ന തുകൊണ്ടും സാഹചര്യങ്ങൾ ഉണ്ടായിട്ടും മൃഗസംരക്ഷണം പുരോഗമിക്കുന്നില്ല. കാലി ത്തീറ്റയും, വിലവർദ്ധനവും കൃഷിയെ ഒരുപ രിധിവരെ ദോഷകരമായി ബാധിക്കുന്നു. നാടൻ കോഴികൾ മിക്കവാറുംവീടുകളിൽ വളർത്തു ന്നുണ്ടെങ്കിൽ തന്നെയുംശാസ്ത്രീയകോഴിവ ളർത്തൽ വളരെ പരിമിതമാണ്. നല്ലയിനം കോഴികളെ കിട്ടാനില്ലാത്തതാണ് ഇതിനു കാര ണം. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ മൃഗാ ശുപത്രി മുഖേന വിതരണം ചെയ്താൽ ഇതി നൊരുപരിഹാരമാകും. മൃഗാശുപത്രയിൽനി ന്നും ലഭിക്കുന്ന സേവനം ഒട്ടും തന്നെ തൃപ്തി കരമല്ല. ഉള്ള ആശുപത്രയിൽ ഡോക്ടറോ, മരുന്നോ ഇല്ലാത്തതിനാൽ നല്ലചികിത്സ ലഭി ക്കുന്നതിന് വേണ്ടി 25 കിലോമീറ്ററോളം ദൂ രമുള്ള അടുത്തജില്ലയിലുള്ള മൃഗാശുപത്ര ിയെ ആശ്രയിക്കേണ്ടതായിട്ട് വരുന്നു.

ഈ പഞ്ചായത്തിന്റെ വിവിധഭാഗങ്ങ ളിൽ ശുദ്ധജല മത്സ്യകൃഷിക്ക് വിപുലമായ സാധ്യതകളുണ്ട്. ജലസംഭരണികളിലെ കാച്ച് മെന്റ് ഏരിയായിൽ മത്സ്യകൃഷിക്ക് വിഘാത മായി നിൽക്കുന്ന സാങ്കേതികതടസ്സങ്ങൾ നീക്കിയാൽ ഉന്നതമായ സാദ്ധ്യതകൾ ഉണ്ട്. ഈ പഞ്ചായത്തിൽ ശുദ്ധജല മത്സ്യകൃഷി ഒറ്റപ്പെട്ടസ്ഥലങ്ങളിൽ ഇപ്പോൾ നടത്തുന്നു ണ്ട്.

**പ്രശ്നങ്ങൾ**

1.അത്യുല്പാദനശേഷിയുള്ള കന്നുകാലികൾ കുറ വാണ്.

2. കാലികൾക്ക് വിവിധയിനം രോഗങ്ങൾ ഉണ്ടാകുന്നു.

3. പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയേയുള ളൂ.

4. ചികിത്സ, രോഗപ്രതിരോധകുത്തിവയ്പ്പ്, ബീജസങ്കലനകേന്ദ്രം എന്നിവയ്ക്ക് വേണ്ടത്ര സൗകര്യമില്ല.

5. തീറ്റപുൽ കൃഷി നിലവിലില്ല. ( നല്ലയിനം വിത്തുകൾ ലഭ്യമല്ല )

6. കാലിത്തീറ്റയുടെ അമിതമായ വില.

7. നല്ലകാലിത്തൊഴുത്തുകൾ ഇല്ല.

8. മരുന്നിന്റെ അമിതവിലയും പാലിന്റെ വില ക്കുറവും.

9 .പലവാർഡുകളിലും വിപണനസൗകര്യമില്ല.

10. കാലിച്ചന്തയില്ല.

11. ശാസ്ത്രീയസൗകര്യങ്ങളുള്ള അറവുശാലക ളില്ല.

12. ഗോബർഗ്യാസ് പ്ലാന്റിന്റെ നേട്ടങ്ങളെക്കു റിച്ചുള്ള അറിവില്ലായ്മ.

**നിർദ്ദേശങ്ങൾ.**

1. അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ ലഭ്യമാക്കുക.

2. രോഗപ്രതിരോധ നടപടികൾ സ്വീകരിക്ക ണം. ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്ത ണം. ബീജസങ്കലനകേന്ദ്രങ്ങൾ ഓരോ വാർഡി ലും ആവശ്യമാണ്. മൃഗാശുപത്രിയുടെ സേ വനം എല്ലാമേഖലകളിലും എത്തിക്കുക. പ്രതി രോധ കുത്തിവയ്പ്പുകൾ കാലാകാലങ്ങളിൽ നടത്തുക.

3. തീറ്റപുൽകൃഷി ഗ്രൂപ്പ് അടിസ്ഥാനത്തിൽന ടത്തുവാൻ സഹായം നൽകുക. തരിശായി കിടക്കുന്നിടത്ത് ഇത് സാദ്ധ്യമാണ്.

4. ഈ പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന ആദിവാസികൾക്കും മൃഗകൃഷിയെക്കുറിച്ചു ള്ള സാങ്കേതിസാമ്പത്തിക സഹായം എത്തിച്ചുകൊടുത്താൽ നല്ലനിലയിൽ ഈ പദ്ധതി വിജയിപ്പിക്കുവാൻ കഴിയും.

5. മിൽമ്മാ സൊസൈറ്റിയുടെ സേവനം എല്ലാ മേഖലയിലും എത്തിക്കുക.

6. നല്ല കറവമാടുകളെ വാങ്ങുവാനും തൊഴുത്ത് നിർമ്മിക്കുവാനും ആവശ്യമായ ധനസഹായം സബ്സിഡിയോടുകൂടി കുറഞ്ഞപലിശനിര ക്കിൽ വിതരണം ചെയ്യുക.

7. മൃഗാശുപത്രിവഴി നല്ലയിനം കോഴി, മുയൽ, പന്നി തുടങ്ങിയവ എല്ലാവാർഡ് ആസ്ഥാന ങ്ങളിലും സൗജന്യമായി വിതരണം ചെയ്യുക.

8. പെരിയാർ വാലിയുടെ വെള്ളം കയറിക്കി ടക്കുന്ന തട്ടേക്കാട്, ഇഞ്ചത്തൊട്ടി, ഞായപ്പി ള്ളി തുടങ്ങിയ പ്രദേശങ്ങളിൽ 9 മാസം കൊണ്ട് ( കട്ട്ള, റൂക്ക്, ഗോൾഡ്ഫിഷ് മുത ലായവ വിളവെടുപ്പ് നടത്താവുന്ന രീതിയിൽ കൃഷിചെയ്യാവുന്നതാണ്. അതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളേയും സാങ്കേതിക സാമ്പ ത്തിക സഹായവും വിപണനകേന്ദ്രങ്ങളും ലഭ്യമാക്കുക.

9. ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമായാൽ മൃഗസംരക്ഷണവും മൽസ്യകൃഷിയും ആദായകരമായി നടത്തു വാൻ പറ്റിയ എല്ലാ സാഹചര്യവും ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

10. തീറ്റപ്പുല്ല് കൃഷിക്ക് സഹായമെത്തിക്കുക, വ്യാപകമാക്കുന്നതിനുള്ള പ്രചാരണപ്രവർത്ത നങ്ങൾ സംഘടിപ്പിക്കുക.

11. ശാസ്ത്രീയമായ മൃഗപരിപാലനത്തിന് പരി ശീലനം സംഘടിപ്പിക്കുക.

12. എല്ലാത്തരം വളർത്തുമൃഗങ്ങൾക്കും മിത മായനിരക്കിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തു ക.

13. കുട്ടമ്പുഴ മൃഗാശുപത്രിയുടെ സബ്സെന്റ റുകൾ മാമലക്കണ്ടം ഇഞ്ചത്തൊട്ടി തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

14. ഓരോ വാർഡിലും മൃഗപരിപാലനത്തിനും മൽസ്യ കൃഷിക്കും താല്പര്യമുള്ളവരെ തെര ഞ്ഞെടുത്ത് സഹകരണാടിസ്ഥാനത്തിൽ സഹായമെത്തിക്കുക.

15. തട്ടേക്കാട് SC/STഫിഷറീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കു ക.

16. മൽസ്യകൃഷിക്ക് കൂടുതൽ സൗകര്യങ്ങൾ എല്ലാവാർഡിലും കണ്ടെത്തുക.

17. മത്സ്യബന്ധന ഉപകരണങ്ങൾ സബ്സിടി നിരക്കിൽ വിതരണം ചെയ്യുക.

18. വർഷകാലങ്ങളിൽ ശേഖരിക്കുന്ന പുല്ലിൽ നിന്നും വേനൽക്കാലത്തേയ്ക്കുള്ള തീറ്റപ്പുൽ ദൗർലഭ്യം പരിഹരിക്കുക.

19. കാർഷിമേളകൾ സംഘടിപ്പിച്ച് നല്ല മൃഗപ രിപാലകരെയും നല്ല ക്ഷീരോല്പാദകരെയും പ്രോത്സാഹപ്പിക്കുക.

20. ഓരോ ഇനം വളർത്തു മൃഗങ്ങൾക്കും ഫാം

പ്രത്യേകം പ്രത്യേകം ഏർപ്പെടുത്തുക.

21. കാലിച്ചന്ത ആരംഭിക്കുക.

22. മൃഗാശുപത്രിക്ക് ഒരു വാഹനം അനുവദിക്കുക

23. ഗുണമേന്മയുളള കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് ചെറുകിട കാലിത്തീറ്റ ഫാക്ടറിസ്ഥാപിക്കുക.

24. ആധുനിക സൗകര്യങ്ങളോടെ അറവുശാല സ്ഥാപിക്കുക.

25. വളരെയേറെ ലാഭവും സാദ്ധ്യതയുമുളള ആടുകൃഷി പ്രോത്സാഹിപ്പിക്കുക.

26. തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും ആദായത്തിനും പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

27. മുയൽഫാമുകൾ ആരംഭിക്കുക.

28. പോഷകസമ്പത്തായ മുട്ടയ്ക്കും ഇറച്ചിക്കും വേണ്ടി കാടകൃഷിയെ പ്രോത്സാഹിപ്പിക്കണം.

29. പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായി വരുന്ന മുഴുവൻ കോഴിമുട്ടകളും ഇവിടെ ത്തന്നെ ഉല്പാദിപ്പിക്കുന്നതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

30. ബ്രോയ്‌ലർ ഫാമുകൾ ആരംഭിക്കുക.

31. ബയോഗ്യാസ് പ്ലാന്റുകൾ പ്രചരിപ്പിക്കുകയും ധനസഹായം നൽകുകയും ചെയ്യുക.

32. അലഞ്ഞ്തിരിഞ്ഞ് നടക്കുന്ന തെരുവുനായ്ക്കളെ പൂർണ്ണമായും നശിപ്പിക്കുക.

33. പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള കുളങ്ങളും മറ്റു ശുദ്ധജല സ്രോതസ്സുകളും ഉപയോഗിച്ച് മത്സ്യകൃഷി വ്യാപിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.



കട്ടമ്പുഴ മൃഗാശുപത്രി ശിലാസ്ഥാപനം

## പട്ടിക 1.
## വളർത്ത് മൃഗങ്ങളുടെ സംഖ്യ.

| കാള നാടൻ | കാള സങ്കരം | പശു നാടൻ | പശു സങ്കരം | എരുമ | പോത്ത് | ആട് | പന്നി | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|---|---|---|---|
| 248 | 110 | 1816 | 946 | 89 | 36 | 2219 | 816 | 2368 | 12000 | 121 |

## പട്ടിക 2
## രോഗങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | മറ്റുളളവ |
|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 968 | 28 | 1145 | 116 | 818 | 348 | 21 | 218 | 200 |
| 2 | ശ്വാസകോശസംബന്ധം | 348 | 4 | 164 | 33 | 211 | 41 | 9 | 61 | |
| 3 | ഉപാപചയസംബന്ധം | 48 | 6 | 21 | 40 | 118 | 11 | 3 | 27 | |
| 4 | ത്വക്‌രോഗങ്ങൾ | 1117 | 7 | 18 | 16 | 31 | 3 | | 46 | |
| 5 | അകിടുവീക്കം | 415 | 12 | 15 | | | | | | |
| 6 | വന്ധ്യത | 65 | 8 | 20 | | | | | | |

# വിദ്യാഭ്യാസം



# വിദ്യാഭ്യാസം

1950 കളിലെ വമ്പിച്ച കുടിയേറ്റത്തോടെയാണ് കുട്ടമ്പുഴയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവശ്യം ഉയരുന്നത്. 1955ൽ എറണാകുളം ജില്ലയിലെ കീരംപാറ പഞ്ചായത്തിലെ 8 ാം വാർഡായിരുന്നു കുട്ടമ്പുഴ. ഈ വാർഡിന്റെ പ്രതിനിധിയായിരുന്ന ശ്രീ. ജോസഫ് ജി. ചേലാടിന്റെ നേതൃത്വത്തിൽ കമ്മറ്റി രൂപീകരിച്ച് ഒരു ഗവൺമെന്റ് പ്രൈമറി സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി തീവ്രശ്രമം നടത്തുകയും, തൽഫലമായി കുട്ടമ്പുഴയിലെ സത്രപ്പടി എന്ന സ്ഥലത്ത് ഈ പഞ്ചായത്തിലെ ആദ്യത്തെ സരസ്വതി ക്ഷേത്രം സ്ഥാപിതമാവുകയും ചെയ്തു. ആലാനിക്കൽ എസ്റ്റേറ്റുടമയായിരുന്ന ശ്രീ. ഔസേഫ് മാത്തൻ സൗജന്യമായി നല്കിയ 50 സെന്റ് സ്ഥലത്ത് (A5.14502/54 Dated 12.5.55.D.P.I തിരുവനന്തപുരം എന്ന സർക്കാർ ഉത്തരവനുസരിച്ച്) നാട്ടുകാർ താല്കാലികമായി നിർമ്മിച്ച കെട്ടിടത്തിലാണ് ഈ വിദ്യാലയത്തിന്റെ പ്രവർത്തനം 6.6.1955-ൽ ആരംഭിച്ചത്. നാളിതുവരെയായി 3716 കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം ഈ സ്ഥാപനത്തിലൂടെ പൂർത്തിയാക്കിയിട്ടുണ്ട്.

15. 6. 1961-ൽ കുട്ടമ്പുഴയിൽ ഗവ. യു. പി.സ്കൂൾ സ്ഥാപിതമായി. കുറ്റിയാംചാൽ സീനായിക്കുന്ന് സെന്റ് ജോർജ്ജ് യാക്കോബായ പള്ളിവക കുട്ടമ്പുഴയുള്ള സ്ഥലത്ത് നാട്ടുകാർ ശ്രമദാനമായി കെട്ടിയുണ്ടാക്കിയ താല്കാലിക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ഗവൺമെന്റിൽനിന്ന് 3 ഏക്കർ സ്ഥലം അനുവദിക്കുകയും സ്കൂൾ അവിടേയ്ക്കു മാറ്റുകയും ചെയ്തു. 1974- 75 വർഷത്തിൽ ഈ യു. പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. ഈ ഹൈസ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ.

ഈ ഹൈസ്കൂൾ അനുവദിച്ചപ്പോൾ സ്പോൺസറിംഗ് കമ്മറ്റി 25000 രൂപ സർക്കാരിൽ അടക്കുകയും താൽക്കാലിക ഷെഡ്ഡും ഉപകരണങ്ങളുമുണ്ടാക്കി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. എന്നാൽ സർക്കാരിൽനിന്നും സ്ഥിരമായി കെട്ടിടങ്ങൾ ഉണ്ടാക്കികിട്ടുവാൻ 1995വരെ കാത്തിരിക്കേണ്ടിവന്നു. 22.10.93ൽ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ ഉമ്മൻചാണ്ടി സ്കൂളിന് ശിലാസ്ഥാപനം നിർവഹിച്ചു. 10.3. 95 ൽ വിദ്യാഭ്യാസ മന്ത്രി E.T. മുഹമ്മദ് ബഷീർ പുതിയ ഇരുനിലമന്ദിരത്തിന്റെ ഉൽഘാടനം നിർവഹിച്ചു. ഇക്കാര്യത്തിൽ എ.കെ മണി M.L.A യുടെ സേവനം പ്രശംസയർഹിക്കുന്നു.

മേൽപ്പറഞ്ഞ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ സ്പോൺസറായിനിന്ന് പ്രവർത്തിച്ച ശ്രീ. ജോസഫ് ജി. ചേലാടിന് ഇത്തരുണത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

ഗവ. ഹൈസ്കൂൾ പൊയ്കയാണ് 2-ാമത്തെ ഹൈസ്കൂൾ. ഇപ്പോൾ പഞ്ചായത്തിലാകെ 2 ഹൈസ്കൂളുകളും 6 യു. പി. സ്കൂളുകളും, 4 എൽ. പി. സ്കൂളുകളും പ്രവർത്തിക്കുന്നു. കൂടാതെ അംഗീകാരമില്ലാത്ത 2 എൽ.പി. സ്കൂളുകളും പ്രവർത്തിക്കുന്നു. ഈ സ്കൂളുകളിൽ 2010 ആൺകുട്ടികളും 1797 പെൺകുട്ടികളും ഉൾപ്പെടെ 3807 കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമേ 3 പാരലൽകോളേജുകളും,

2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, ഒരു കമ്പ്യൂട്ടർ സെന്ററും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. S. S. L. C ക്കുശേഷം ഉന്നതവിദ്യാഭ്യാസത്തിനുള്ള യാതൊരുവിധ സ്ഥാപനങ്ങളും പഞ്ചായത്തിലില്ല. ഒരേയൊരാശ്രയം മേൽപ്പറഞ്ഞ പാരലൽ കോളേജുകൾ മാത്രമാണ്. സാങ്കേതിക വിദ്യാഭ്യാസത്തിനായി 20 മുതൽ 35 കി. മീ. അകലെയുള്ള കോതമംഗലം മുവാറ്റുപുഴ തുടങ്ങിയ പ്രദേശങ്ങളിലുള്ള ഐ.റ്റി.സി. പോളിടെക്നിക് എന്നിവയെയാണ് ആശ്രയിക്കുന്നത്. 15 മുതൽ 30 കി. മീ. ദൂരെ കോതമംഗലത്താണ് ഏറ്റവും അടുത്ത ആർട്ട്സ് കോളേജും എൻജിനീയറിംഗ് കോളേജും.

സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലുള്ള 200 ഓളം കുട്ടികൾ കോതമംഗലം സെന്റ് അഗസ്റ്റ്യൻസ് ഹൈസ്കൂൾ, സെന്റ് ജോർജ്ജ് ഹൈസ്കൂൾ, പിണ്ടിമന പഞ്ചായത്തിലെ T.V.J ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിക്കുന്നുണ്ട്. കൂടാതെ 25 ഓളം കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും പഠിക്കുന്നുണ്ട്.

കഴിഞ്ഞ 5 വർഷക്കാലത്തെ കണക്കുകൾ പരിശോധിച്ചാൽ മിക്കവാറും വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ജനനനിരക്കിലുണ്ടാകുന്ന കുറവ്, ഇംഗ്ലീഷ് മീഡിയം ഭ്രമം, പട്ടണപ്രദേശത്തെ കൂടുതൽ മെച്ചപ്പെട്ടസ്കൂളുകളുടെ ആകർഷണം തുടങ്ങിയവയാണ് ഇതിന് കാരണം. കുട്ടികളുടെ എണ്ണം ഏറ്റവും കുറഞ്ഞിരിക്കുന്നത് ഗവ. യു. പി. എസ് ഇടമലയാർ, ഗവ. ഹരിജൻ യു. പി. എസ് തട്ടേക്കാട്, സെന്റ് മേരീസ് എൽ. പി. എസ് ഇഞ്ചത്തൊട്ടി എന്നിവിടങ്ങളിലാണ്. കഴിഞ്ഞവർഷം അൺ എക്കണോമിക് സ്കൂളുകളുടെ പട്ടികയിൽ ഈ വിദ്യാലയങ്ങളും ഉൾപ്പെടുത്തിയിരുന്നു.

ഗവ. എൽ. പി. സ്കൂൾ കുട്ടമ്പുഴ, കുറ്റ്യാംചാൽ എൽ. പി. എസ് എന്നിവിടങ്ങളിലും കുട്ടികൾ കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ഉരുളൻതണ്ണിയിൽ പ്രവർത്തിക്കുന്ന സരസ്വതി ശിശുമന്ദിരം എന്ന അനഗീകൃത വിദ്യാലയത്തിലേക്ക് സാമ്പത്തികമായി ഉയർന്ന വിഭാഗത്തിലെ കുറേ കുട്ടികൾ പോകുന്നതാണ് കുട്ടികൾ കുറയാനുള്ള മുഖ്യ കാരണം.

വിദ്യാലയങ്ങളിലേക്കുള്ള ദൂരക്കൂടുതൽ പഞ്ചായത്തിൽ ഒരു പ്രശ്നമാണ്. ഒന്നാം വാർഡിലെ കല്ലേലുമേട്, മണികണ്ടംചാൽ എന്നീ ഒറ്റപ്പെട്ട ഗ്രാമങ്ങളിൽനിന്നും 10 കി. മീ. ദൂരംവരെ വനത്തിലൂടെ കാൽനടയായി സഞ്ചരിച്ച് പൂയംകുട്ടിപ്പുഴകടന്ന്വന്ന് വേണം പിഞ്ചുകുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം നേടുവാൻ. ഗ്രാമസഭയിൽ ഈ പ്രദേശങ്ങളിൽ പ്രൈമറിവിദ്യാലയങ്ങൾ ഉടൻ സ്ഥാപിക്കണമെന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. പൂയംകുട്ടിയിലുള്ള സെന്റ് ജോർജ്ജസ് യു. പി. എസിൽ 7 വരെയുള്ള വാദ്യാഭ്യാസം പൂർത്തിയാക്കിക്കഴിഞ്ഞാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് കുട്ടമ്പുഴയിലെത്തണം. 15 മുതൽ 20 കി. മീ. ദൂരം വനത്തിലൂടെയും പുഴകടന്നും വളരെ ക്ലേശമേറിയ യാത്ര ചെയ്തുവേണം കുട്ടികൾക്ക് കുട്ടമ്പുഴയിലെത്താൻ. തന്മൂലം ഭൂരിഭാഗം കുട്ടികളും അപ്പർപ്രൈമറിയോടെ പഠിത്തം ഉപേക്ഷിക്കുന്നു. ഇതിന് പരിഹാരമായി പൂയംകുട്ടിയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കണമെന്ന അഭിപ്രായം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്.

കുട്ടമ്പുഴ പഞ്ചായത്തിലെ രണ്ടാം വാർഡായ മാമലക്കണ്ടം വിദ്യാഭ്യാസ കാര്യത്തിൽ ഏറെ പിന്നോക്കം നിൽക്കുന്നു. അപ്പർപ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞാൽ കുട്ടികൾ വിദ്യാഭ്യാസത്തോട് വിടപറയേണ്ടുന്ന അവസ്ഥയാണിപ്പോൾ. 1215കി. മീ. വനത്തിലൂടെ

നടന്ന് ൬൦ം മൈലിലെത്തി എറണാകുളം ജില്ല യിലെ നേര്യമംഗലത്തോ, ഇടുക്കി ജില്ലയിലെ തന്നെ ദേവിയാർ കോളനിയിലോ എത്തണം ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്. അടിയന്തി രമായി മാമലക്കണ്ടത്ത് ഒരു ഹൈസ്കൂൾ അനുവദിക്കണമെന്ന് ഗ്രാമസഭയിൽ ഒരു ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

കുട്ടമ്പുഴ പഞ്ചായത്തിലെ I,II,IV,X വാർഡുകളിലായി 14 ആദിവാസി കുടികളു ണ്ട്. വിദ്യാഭ്യാസത്തിൽ ഏറെ പിന്നിൽനിൽക്കുന്നു ഈ മേഖലയത്രയും. പിണവൂർകുടിയിൽ പ്രവർത്തിക്കുന്നGTUPS, ഇടമലയാർ യു.പി.എസ് ഇവമാത്രമാണ് ആദി വാസി മേഖലയിലെ വിദ്യാഭ്യാസ സ്ഥാപന ങ്ങൾ. കൂടാതെ തേര, വാരിയം എന്നീ കുടി കളിൽ ഓരോ ഏകാധ്യാപകസ്കൂളുകളുമു ണ്ട്. സാമൂഹ്യക്ഷേമവകുപ്പിനുകീഴിൽ കുഞ്ചി പ്പാറ, ഉറിയൻപെട്ടി എന്നിവിടങ്ങളിൽ ഓരോ അംഗനവാടികളും പ്രവർത്തിക്കുന്നു. വളരെ യേറെ പ്രാധാന്യം നൽകി തലവച്ചപാറ, കുഞ്ചി പ്പാറ, വാരിയം ഉടയാർ, വാരിയം മാണിക്യം, തേര, ഉറിയൻപെട്ടി, തുമ്പിമേട്, കൂടല്ലാർ, എന്നീ കുടികളിൽ ഓരോ ഏകാധ്യാപക സ്കൂളുകളെങ്കിലും ഉടൻ സ്ഥാപിക്കണമെ ന്നും ഗ്രാമസഭയിൽ അഭിപ്രായം ഉയർന്നുവ ന്നു. മാത്രമല്ല, ഇടമലയാർ, പിണവൂർ എന്നി വിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിലെ സീറ്റുകൾ ഇരട്ടിയായി വർദ്ധി പ്പിച്ച് ആദിവാസികളുടെ ഉന്നതവിദ്യാഭ്യാസം ഉറപ്പാക്കണമെന്നും അവർ ആവശ്യപ്പെടുന്നു. കുട്ടമ്പുഴ ഹൈസ്കൂളിനോടനുബന്ധിച്ച് മെട്രിക് ഹോസ്റ്റൽ സ്ഥാപിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം ഗിരിജൻ കുട്ടികൾക്ക് ഉറപ്പാക്ക ണമെന്നും ആദിവാസികൾ ഏകസ്വരത്തിൽ ആവശ്യപ്പെടുന്നു. പട്ടികജാതി പട്ടികവർഗ്ഗ ത്തിൽപെട്ട വിദ്യാർത്ഥികളുടെ കണക്ക് പട്ടിക മൂന്നിൽ ചേർക്കുന്നു.

വിദ്യാലയ സർവ്വേയിലൂടെ നടത്തിയ സ്കൂളിന്റെ പൊതുവിവരവും, ഭൗതികസൗ കര്യങ്ങളുടെ വിവരവും പഠനവിധേയമാക്കി യപ്പോൾ സർക്കാർ വിദ്യാലയങ്ങളുടെ ശോച്യാ വസ്ഥ ഏറെ മുന്നിൽ നിൽക്കുന്നു. ഗവ. ഹൈസ്കൂൾ പൊയ്ക, ഗവ. യു.പി.എസ് തട്ടേക്കാട്, ഗവ. എൽ.പി.എസ് കുറ്റ്യാംചാൽ എന്നിവിടങ്ങളിൽ സ്ഥിരമായ കെട്ടിടങ്ങൾ ഇല്ല. പിണവൂർകുടി ട്രൈബൽ യു.പി.എസ്, കക്കൂസ് ഇല്ലാത്ത ഗവ. ഹൈസ്കൂൾ പൊയ്ക, ഗവ. യു.പി.എസ് പിണവൂർകുടി, കുടിവെള്ള ലഭ്യത തീരെയില്ലാത്ത തട്ടേക്കാട് യു.പി.എസ്, സ്റ്റാഫ് റൂം ഇല്ലാത്ത 5 സ്കൂളുകൾ, ആവ ശ്യത്തിനു ഫർണിച്ചർ ഇല്ലാത്ത സ്കൂളുകൾ ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, പഠനോപകര ണങ്ങൾ, ഇവയില്ലാത്ത സ്കൂളുകൾ ഇങ്ങനെ നീളുന്നു ഇല്ലായ്മയുടെ പട്ടിക.

ചുറ്റുമതിലും സ്ഥിരംകെട്ടിടവും കളി സ്ഥലവുമില്ലാത്ത ഗവ. സ്കൂളുകളാണ് പഞ്ചാ യത്തിൽ ഉള്ളവയത്രയും. അടിയന്തിരമായും ഭൗതികസാഹചര്യങ്ങൾ ഏർപ്പെടുത്തുന്നതി നും അതിലൂടെ വിദ്യാഭ്യാസഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടിയിരിക്കുന്നു. വിശ ദവിവരങ്ങൾ പട്ടിക 4, പട്ടിക 5 ഇവയിൽ ചുവടെ ചേർക്കുന്നു.

സ്കൂളുകളിലെ പഠനനിലവാരത്തേക്കു റിച്ച് വിശദമായപഠനം നടത്തിയിട്ടില്ലെങ്കി ലും ശേഖരിച്ച വിവരങ്ങൾ പഠനവിധേയമാ ക്കിയപ്പോൾ (1996 ആഗസ്റ്റിലെ ഒന്നാം ടേം പരീക്ഷ) 30% അധികം വിദ്യാർത്ഥികൾ പ്രതീ ക്ഷിക്കുന്ന മിനിമം നിലവാരത്തിലും താഴെയാ ണെന്നാണ്.

പഞ്ചായത്തിലെ ഹൈസ്കൂളുകളായ ഗവ. ഹൈസ്കൂൾ പൊയ്ക, ഗവ. ഹൈ സ്കൂൾ കുട്ടമ്പുഴ എന്നിവിടങ്ങളിലെ കഴിഞ്ഞ

5 വർഷത്തെ S. S. L. C വിജയശതമാനം പരിശോധിച്ചാൽ ഓരോ വർഷവും വിജയ ശതമാനം കുറഞ്ഞുവരുന്നതായി കാണുന്നു. 91-92 വർഷത്തിലും അതിനുമുമ്പും ഉന്നതനി ലവാരം പുലർത്തുകയും ജില്ലയിലെ ഗവ. സ്കൂളുകളിലേക്ക് ഏറ്റവും നല്ല വിജയശത മാനം കൈവരിക്കുകയും ട്രോഫി നേടുകയും ചെയ്ത സ്ഥാപനമാണ് ഗവ. ഹൈസ്കൂൾ പൊയ്ക. തുടർന്നിങ്ങോട്ടുള്ള നിലവാര ത്തകർച്ച പഠനവിധേയമാക്കി പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

കുട്ടമ്പുഴ ഗവ. ഹൈസ്കൂളിലെ വിജ യനിരക്ക് 91-92 ലെ 20 ശതമാനത്തിൽനിന്ന് തൊട്ടടുത്തവർഷം 43 ശതമാനത്തിലേക്കെ ത്തിയെങ്കിലും തുടർന്നിങ്ങോട്ട് കുറഞ്ഞുവരു ന്നതായി കാണുന്നു. വളരെ ഗൗരവത്തോടെ ഈ തകർച്ചക്കുള്ള പരിഹാരം കണ്ടെത്തേ ണ്ടിയിരിക്കുന്നു.

സാമൂഹ്യവകുപ്പിന്റെ കീഴിൽ പഞ്ചായ ത്തിലൊട്ടാകെ 27 അംഗൻവാടികൾ പ്രവർത്തി ക്കുന്നുണ്ട്. എന്നാൽ ഇതിൽ 20 എണ്ണത്തിനും സ്ഥിരമായ കെട്ടിടങ്ങളില്ല. കുട്ടികൾക്കാവശ്യ മായ കളിക്കോപ്പുകളോ പഠനോപകരണങ്ങ ളോ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ നേരി ട്ടുള്ള മേൽനോട്ടത്തിൽ വടാട്ടുപാറയിൽ ഒരു നേഴ്സറിസ്കൂൾ പ്രവർത്തിക്കുന്നു. കൂടാതെ 2 നേഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ 30 ശിശുമന്ദിരങ്ങളാണ് കുട്ടമ്പുഴ യിൽ ആകെ പ്രവർത്തിക്കുന്നത്. ഇവയുടെ ശോച്യാവസ്ഥക്ക് സത്വരമായ പരിഹാരം ഉണ്ടാക്കി കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം ആകർഷകമാക്കി മാറ്റേണ്ടതുണ്ട്.

വിദ്യാഭ്യാസമേഖലക്ക് ഗണ്യമായ സംഭാ വന നൽകുന്ന 5 വായനശാലകളും 3 ഗ്രന്ഥ ശാലകളും നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ആധുനിക ദൃശ്യശ്രാവ്യ ഉപകരണ ങ്ങളുടെ കടന്നുകയറ്റം വിദ്യാർത്ഥികളിലും ജനങ്ങളിലും വായനാശീലം തീരെ ഇല്ലാതാ ക്കിയിരിക്കുന്നു. എങ്കിൽപോലും നമ്മുടെ ഗ്രന്ഥ ശാലകൾക്ക് പുതുജീവൻനൽകി കാര്യക്ഷമ മായി പ്രവർത്തിക്കുന്നതിന് അവസരം ഉണ്ടാ കേണ്ടിയിരിക്കുന്നു.

സാക്ഷരതാപ്രവർത്തനം, ആദിവാസി മേഖലകളിലും പട്ടികജാതി കോളനികളിലും നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഒന്നാംഘട്ടസാ ക്ഷരതാ പരിപാടി ഒരു പുത്തൽ ഉണർവ് നിരക്ഷരരിൽ ഉളവാക്കിയിരിക്കുന്നു. അതേ രൂപത്തിലും ഭാവത്തിലും തുടർസാക്ഷരതാ പരിപാടിക്ക് ആസൂത്രണം ചെയ്ത് നടപ്പാ ക്കേണ്ടിയിരിക്കുന്നു.

ഒൻപതാം പദ്ധതി നമ്മുടെ പദ്ധതി യായി മാറുന്നതോടെ അധികാരവികേന്ദ്രീക രണത്തിലൂടെ ഗ്രാമപഞ്ചായത്തുകൾ പ്രൈമ റിവിദ്യാഭ്യാസത്തിന്റേയും ജില്ലാപഞ്ചായത്തു കൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റേയും പൂർണ്ണ ചുമതല ഏൽക്കുന്നതോടെ നമ്മുടെ വിദ്യാഭ്യാസമേഖലക്ക് ഒരു പുത്തൻ ഉണർവ്വും ജനപങ്കാളിത്തത്തോടെയും വിദ്യാലയസമിതി കളുടേയും അയൽക്കൂട്ടങ്ങളുടേയും ശക്ത മായ പ്രവർത്തനത്തിയൂടെയും P. T. A മാതൃസംഗമം ഇവകളുടെ ശക്തമായ പ്രവർത്ത നത്തിലൂടെയും ഇടപെടലുകളിലൂടെയും നമ്മുടെ വിദ്യാഭ്യാസരംഗത്തെ ഗുണനിലവാ രത്തകർച്ചയിൽനിന്നും കരകയറ്റി നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനപങ്കാളികളാക്കി വരും തലമുറയെ മാറ്റാമെന്ന് ആശിക്കുന്നു.

## പ്രശ്നങ്ങൾ

1. സ്കൂളുകളുടെ ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത
2. വീടുകളിൽനിന്ന് സ്കൂളുകളിലേക്കുള്ള ദൂരക്കൂടുതലും യാത്രാക്ലേശവും.

3. അദ്ധ്യാപകരുടെ അർപ്പണബോധമില്ലായ്മ.
4. ഗുരുശിഷ്യബന്ധത്തിലെ മൂല്യശോഷണം.
5. രക്ഷകർത്താക്കളുടെ ശ്രദ്ധയില്ലായ്മ
6. രക്ഷകർത്താക്കളുടെ സാമ്പത്തിക പരാധീനതയും വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും.
7. അദ്ധ്യാപകരുടെ അശാസ്ത്രീയമായ സ്ഥലംമാറ്റം.
8. മേലധികാരികളുടെ കൃത്യസമയത്തുള്ള പരിശോധനക്കുറവ്.
9. പഠനോപകരണങ്ങളുടെ കുറവ്.
10. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ വേണ്ട ഇൻസർവ്വീസ് കോഴ്സുകളുടെ കുറവ്.
11. വിദ്യാഭ്യാസത്തേക്കുറിച്ചുള്ള രക്ഷിതാക്കളുടെ അവബോധക്കുറവ്.
12. കലാകായിക വിദ്യാഭ്യാസത്തിന്റെ കുറവും കാര്യക്ഷമതയില്ലായ്മയും.

## സാദ്ധ്യതകൾ

1. കുട്ടമ്പുഴ ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി അനുവദിക്കുക.
2. വടാട്ടുപാറ ഹൈസ്കൂളിനാവശ്യമായ കെട്ടിടം നിർമ്മിക്കുക.
3. കുട്ടമ്പുഴ ഹൈക്കൂളിന് കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിക്കുക.
4. കുട്ടമ്പുഴ, വടാട്ടുപാറ ഹൈസ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക.
5. മാമലക്കണ്ടം, പൂയംകുട്ടി യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക.
6. തട്ടേക്കാട് യു. പി. എസ്സിന് ആവശ്യമായ കെട്ടിടവും കളിസ്ഥലവും ചുറ്റുമതിലും നിർമ്മിക്കുക.
7. പിണവൂർകുടി യു. പി. എസ്സിനാവശ്യമായ കെട്ടിടം നിർമ്മിക്കുക.
8. കുറ്റ്യാംചാൽ എൽ. പി. എസ്സിന് കെട്ടിടവും കളിസ്ഥലവും ചുറ്റുമതിലും നിർമ്മിക്കുക.
9. കുട്ടമ്പുഴ എൽ.എ.എസിനു കെട്ടിടവും കളിസ്ഥലവും, ചുറ്റുമതിലും നിർമ്മിക്കുന്നു.
9. കുട്ടമ്പുഴഎൽ.എസിനു കളിസ്ഥലവും,ചുറ്റുമതിലും നിർമ്മിക്കുക.
10. ഉരുളൻ തണ്ണികല്ലേലിമേട്, മണികണ്ടംചാൽ, പലവൻപടി എന്നിവിടങ്ങളിൽ ഓരോ എൽ.പി.സ്കൂൾ സ്ഥാപിക്കണം.
11. മാതൃസംഘത്തിന്റേയും പി.റ്റി.എ യുടെയും പ്രവർത്തനങ്ങൾ ശക്തമാക്കണം.
12. സാമ്പത്തികമായ പിന്നോക്കാവസ്ഥ പരിഗണിച്ച് ഉച്ചക്കഞ്ഞി വിതരണം ഹൈസ്കൂൾ തലത്തിലും നടപ്പിലാക്കണം.
13. പഞ്ചായതിൽ ഒരു ടെക്നിക്കൽ സ്കൂൾ അനുവദിക്കണം.
14. സ്കൂളുകളിൽ കുടിവെള്ളവും മറ്റു പ്രാഥമികസൗകര്യങ്ങളും ഏർപ്പെടുത്തുക.
15. പ്രൈമറിതലംമുതൽ നിർബന്ധമായും കായികാദ്ധ്യാപരെ നിയമിച്ച് കായികപരിശീലനം ആരംഭിക്കുക.
16. കുട്ടമ്പുഴ ഹൈസ്കൂളിനോട് അനുബന്ധിച്ച് ട്രൈബൽ കുട്ടികൾക്കായി ഹോസ്റ്റൽ സംവിധാനം ഏർപ്പെടുത്തുക.
17. പഠനനിലവാരത്തിൽ പിന്നോക്കംനിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പഠനനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം.
18. സ്കൂൾ ലൈബ്രറി സൗകര്യങ്ങൾ കാര്യക്ഷമമാക്കുക.
19. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.
20. പി. ഡി. സി. പരീക്ഷ എഴുതാൻ കുട്ടമ്പുഴ ജി. എച്ച്. എസ്സ്-ൽ സെന്റർ അനുവദിക്കുക.
21. സ്കൂൾ കോംപ്ലക്സ് ആരംഭിക്കുക.

## പട്ടിക 1 വിദ്യാർത്ഥികൾ -അധ്യാപകർ

| ക്രമ നമ്പർ | സ്കൂൾ | മാനേജ്മെന്റ് | LP UP HS | വിദ്യാർത്ഥികൾ | | | SC/ST വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ഗവ:ഹൈസ്കൂൾ, കുട്ടമ്പുഴ | ഗവൺമെന്റ് | HS | 356 | 315 | 671 | 37 | 57 | 94 | 10 | 13 | 23 |
| 2 | ഗവ:ഹൈസ്കൂൾ, പൊയ്ക | ഗവൺമെന്റ് | HS | 551 | 549 | 1100 | 38 | 48 | 86 | 15 | 21 | 36 |
| 3 | ഗവ:യുപിസ്കൂൾ, ഇടമലയാർ | ഗവൺമെന്റ് | UP | 59 | 53 | 112 | 59 | 53 | 112 | 7 | 1 | 8 |
| 4 | ഗവ:ഹരിജൻ വെൽഫയർ യുപിസ്കൂൾ, തട്ടേക്കാട് | ഗവൺമെന്റ് | UP | 89 | 86 | 175 | 12 | 9 | 21 | 3 | 5 | 8 |
| 5 | ഗവ:യുപിസ്കൂൾ, മാമലക്കണ്ടം | ഗവൺമെന്റ് | UP | 73 | 54 | 129 | 15 | 9 | 24 | 5 | - | 5 |
| 6 | സെന്റ് ജോർഇജ്യുപി സ്കൂൾ, പൂയംകുട്ടി | എയ്ഡഡ് | UP | 219 | 207 | 426 | 17 | 15 | 32 | 10 | 6 | 16 |
| 7 | ഗവ:യുപിസ്കൂൾ, പിണവൂർകുടി | ഗവൺമെന്റ് | UP | 120 | 62 | 182 | 119 | 62 | 181 | 5 | 3 | 8 |
| 8 | സെന്റ് ആന്റണീസ് യുപി സ്കൂൾ, ഞായപ്പിള്ളി | എയ്ഡഡ് | UP | 73 | 55 | 128 | 2 | 3 | 5 | 4 | 2 | 6 |
| 9 | ഗവ:ഹൈസ്കൂൾ, കുട്ടമ്പുഴ | ഗവൺമെന്റ് | LP | 69 | 63 | 132 | 7 | 6 | 13 | 2 | 2 | 4 |
| 10 | ഗവ:എൽ.പി.സ്കൂൾ, കുറ്റ്യാംചാൽ | ഗവൺമെന്റ് | LP | 124 | 89 | 213 | 11 | 12 | 23 | 4 | 2 | 6 |
| 11 | ശങ്കർ മെമ്മോറിയൽ എൽ.പി.സ്കൂൾ, മാമലക്കണ്ടം | എയ്ഡഡ് | LP | 114 | 119 | 233 | 20 | 21 | 41 | 3 | 4 | 7 |
| 12 | സെന്റ് മേരീസ് എൽ.പി.സ്കൂൾ, കുട്ടമ്പുഴ | എയ്ഡഡ് | LP | 35 | 42 | 77 | 6 | 4 | 10 | 1 | 3 | 4 |
| 13 | കുമാരനാശാൻ എൽ.പി.സ്കൂൾ, കുട്ടമ്പുഴ | അൺ എയ്ഡഡ് | LP | 70 | 61 | 131 | 10 | 8 | 18 | 1 | 4 | 5 |
| 14 | സരസ്വതി ശിശുമന്ദിരം, ഉരുളൻതണ്ണി | അൺ എയ്ഡഡ് | LP | 58 | 42 | 100 | 2 | 1 | 3 | 0 | 6 | 6 |

## പട്ടിക 2
## സ്കൂളുകളിലേക്കുള്ള ശരാശരി യാത്രദൂരം

| സ്കൂളുകൾ തരം | ശരാശരി ദൂരം കി. മീ. | പരമാവധി ദൂരം കി. മീ |
|---|---|---|
| ലോവർ പ്രൈമറി സ്കൂൾ | 1.500 | 8.000 |
| അപ്പർ പ്രൈമറി സ്കൂൾ | 2.000 | 7.500 |
| ഹൈസ്കൂൾ | 5.000 | 18.500 |

## പട്ടിക 3
## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| എൽ.പി | | | യു. പി | | | എച്ച്. എസ് | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 56 | 52 | 108 | 224 | 151 | 375 | 75 | 105 | 180 |

## പട്ടിക 4 സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | എച്ച്. എസ് യു.പി. എൽ.പി. പ്രീപ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾകാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റുകുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണീച്ചർറിപ്പയർ തുടങ്ങിയവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ള വരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| ഗവ;ഹൈസ്കൂൾ കുട്ടമ്പുഴ | H.S | ✓ | | | | 350 | 315 | 671 | 23 | 22 | 1 | 3 | 3.ഏക്കർ | 75സെന്റ് | 1ഏ.25സെ. | ചുറ്റുമതിലില്ല. |
| ഗവ;ഹൈസ്കൂൾ പൊയ്ക | H.S | ✓ | | | | 574 | 505 | 1135 | 36 | 36 | NIL | NIL | 4ഏ74സെ | 2ഏക്കർ | ഇല്ല. | DO,സ്ഥിരംകെട്ടിടം വേണം |
| ഗവ;U.P.S. ഇടമലയാർ | U.P | ✓ | | | | 59 | 53 | 112 | 8 | 8 | NIL | NIL | 1ഏ.75സെ. | 1ഏക്കർ | 50 സെന്റ് | DO, |
| ഗവ;U.P.S. തട്ടേക്കാട് | U.P | ✓ | | | | 89 | 86 | 175 | 8 | 8 | NIL | NIL | 1ഏ.17സെ. | ഇല്ല. | 75 സെന്റ് | DO,സ്ഥിരംകെട്ടിടം വേണം |
| ഗവ;U.P.S മാമലക്കണ്ടം | U.P | ✓ | | | | 73 | 54 | 127 | 5 | 5 | NIL | NIL | 3.ഏക്കർ | 1ഏക്കർ | ഇല്ല. | DO, |
| St:ജോർജ് പൂയംകുട്ടി | U.P | | ✓ | | | 219 | 207 | 426 | 16 | 16 | NIL | NIL | 1ഏ.50സെ. | 30സെ. | 90സെന്റ് | DO, |
| G.T.U.P പെണ്ണൂർക്കുടി | U.P | ✓ | | | | 120 | 62 | 182 | 8 | 8 | NIL | NIL | 1ഏ.50സെ. | 40സെ. | ഇല്ല. | കെട്ടിടംവേണം ഫർണിച്ചർ റിപ്പയർ. |
| St:ആന്റണീസ് ഞായപ്പിള്ളി | U.P | | ✓ | | | 73 | 55 | 128 | 6 | 6 | NIL | NIL | 1ഏക്കർ | 5സെന്റ് | ഇല്ല. | DO, |
| G.L.P കുട്ടമ്പുഴ | L.P | ✓ | | | | 69 | 63 | 132 | 4 | 4 | NIL | NIL | 50 സെ | ഇല്ല. | 30സെന്റ് | ചുറ്റുമതിലില്ല. |
| G.L.P. കുറ്റ്യാൻചാൽ | L.P | ✓ | | | | 124 | 89 | 213 | 6 | 6 | NIL | NIL | 50 സെ | ഇല്ല. | 30സെന്റ് | DO,ഫർണിച്ചർവേണം |
| S.M.L.P മാമലക്കണ്ടം | L.P | | ✓ | | | 114 | 119 | 233 | 7 | 7 | NIL | NIL | 2ഏക്കർ | ഇല്ല. | 1ഏ.50സെ. | DO, |
| St മേരീസ് ഇഞ്ചതൊട്ടി | L.P | | ✓ | | | 35 | 42 | 77 | 4 | 4 | NIL | NIL | 1ഏക്കർ | ഇല്ല. | 50സെന്റ്. | ചുറ്റുമതിലില്ല. |
| കുമാരനാശാൻ മെമ്മോറിയൽ വടാട്ടുപാറ | L.P | | | | ✓ | 70 | 61 | 131 | - | 5 | NIL | NIL | 1ഏക്കർ | 50സെന്റ്. | ഇല്ല. | DO, |
| സരസ്വതീ ശിശുമന്ദിരം ഉരുളൻതണ്ണി | L.P. | | | | ✓ | 60 | 40 | 100 | - | 6 | NIL | NIL | 1ഏക്കർ | 50സെന്റ്. | 10 സെന്റ് | ചുറ്റുമതിലില്ല. |

| സ്കൂളിന്റെപേര് | ലൈബ്രറി ഉണ്ട്/ ഇല്ല/പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. | ലബോറട്ടറി സജ്ജീകരണ സൗകര്യം ഉണ്ട്/ഇല്ല/ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്രയുണ്ട്/ഇല്ല. | ദൃശ്യശ്രാവ്യ ഉപകരണങ്ങൾ-എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96ൽ ലഭിച്ച അദ്ധ്യയനദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രാദേശികാഘോഷങ്ങളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങൾ | | ക്ലാസ്റൂം പി.ടി.എകൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി.സെറ്റ് | വി.സി.ആർ/ വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| G.H.S. കുട്ടമ്പുഴ | ഉണ്ട് | ഭാഗികം | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - | 17 | 17 | 195 | - | 1 | ഭാഗികം | ഇല്ല |
| G.H.S. പൊയ്ക | ഭാഗികം | ഭാഗികം | " | ഉണ്ട് | ഇല്ല | " | " | " | " | " | - | 10 | 20 | 173 | - | 17 | " | " |
| G.T.U.P പിണവൂർ | ഇല്ല | ഇല്ല | " | ഇല്ല | " | " | " | ഇല്ല | " | " | - | 7 | 4 | 195 | - | 5 | " | ഉണ്ട് |
| G.U.P മാമലക്കണ്ടം | ഉണ്ട് | " | " | ഇല്ല | " | " | " | " | " | " | - | ഉണ്ട് | 3 | 195 | - | 5 | " | " |
| S.M.L.P.S ഇഞ്ചതൊട്ടി | " | " | ഉണ്ട് | ഉണ്ട് | " | " | " | " | " | " | - | ഇല്ല | 6 | 195 | - | 5 | " | " |
| S.M.L.P.S മാമലക്കണ്ടം | ഇല്ല | " | ഇല്ല | " | ഉണ്ട് | " | " | " | " | " | ഇല്ല | 7 | 7 | 192 | 3 | 4 | " | ഇല്ല |
| G.L.P കുറ്റ്യാൻചാൽ | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | " | 8 | 5 | 196 | 2 | 4 | " | " |
| G.L.P.S കുട്ടമ്പുഴ | " | ഇല്ല | " | " | " | " | " | " | " | " | " | ഉണ്ട് | 7 | 193 | 1 | 6 | " | " |
| H.W.U.P.S തട്ടേക്കാട് | " | " | " | " | " | " | " | " | " | " | " | 7 | 7 | 194 | ഇല്ല | 6 | " | ഉണ്ട് |
| S.A.U.P.S പൂയംകുട്ടി | " | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | " | " | " | " | " | " | ഇല്ല | 4 | 197 | ഇല്ല | ഇല്ല | " | " |
| S.G.U.P.S ഞായപ്പിള്ളി | " | " | ഇല്ല | " | " | " | " | " | " | " | " | 13 | 13 | 196 | ഇല്ല | 4 | " | ഇല്ല |
| G.U.P.S ഇടമലയാർ | ഇല്ല | " | " | " | " | " | " | " | " | " | " | 7 | 8 | 194 | ഇല്ല | 1 | ഉണ്ട് | " |
| കുമാരനാശാൻ L.P.S. വടാട്ടുപാറ | " | " | " | " | " | " | " | " | " | " | " | 5 | 5 | 194 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| സരസ്വതീശിശുമന്ദിരം ഉരുളൻതണ്ണി | " | " | ഉണ്ട് | " | " | " | " | " | " | " | " | 2 | 4 | 194 | ഇല്ല | 1 | " | ഇല്ല |

## പട്ടിക 6 അക്കാദമിക നിലവാരം

| സ്കൂളിന്റെ പേര് | ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | 30% താഴെ കുട്ടികൾ | 30-40 മാർക്ക് നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60 % ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| G.H.S. കുട്ടമ്പുഴ | | 642 | 349 | 114 | 79 | 44 | 56 | 20% | 43% | 24% | 17% | 16% |
| G.H.S പൊയ്ക | | 936 | 220 | 273 | 187 | 157 | 99 | 56% | 43% | 49.5% | 40.4% | 39% |
| G.V.P. ഇടമലയാർ | | 57 | 12 | 32 | 13 | - | - | - | - | - | - | - |
| G.H.W.U.P തട്ടേക്കാട് | | 115 | 25 | 16 | 18 | 21 | 35 | - | - | - | - | - |
| G.U.P.S. മാമലക്കണ്ടം | | 110 | 45 | 36 | 12 | 09 | 08 | - | - | - | - | - |
| St. ജേർഇജ്ജ് U.P.S. പൂയംകുട്ടി | | 326 | 95 | 50 | 55 | 55 | 71 | - | - | - | - | - |
| G.T.U.P.S. പെഞ്ഞൂർ കുടി | | 123 | 34 | 34 | 29 | 17 | 09 | - | - | - | - | - |
| St. ആന്റണീസ് U.P. ഞായപ്പിള്ളി | | 128 | 07 | 12 | 15 | 36 | 58 | - | - | - | - | - |
| Govt. L.P.S. കുട്ടമ്പുഴ | | 68 | 26 | 12 | 07 | 08 | 15 | - | - | - | - | - |
| Govt. L.P.S. കുറ്റ്യാഞ്ചാൽ | | 100 | 30 | 13 | 17 | 11 | 29 | - | - | - | - | - |
| S.M. L.P.S. മാമലകണ്ടം | | 102 | 32 | 15 | 18 | 15 | 22 | - | - | - | - | - |
| St. മേരീസ് L.P.S. ഇഞ്ചത്തൊട്ടി | | 132 | 01 | 03 | 10 | 04 | 14 | - | - | - | - | - |
| സരസ്വതി ശിശുമന്ദിരം ഉരുളൻ തണ്ണി | | 37 | - | - | - | 25 | 12 | - | - | - | - | - |
| കുമാരനാശാൻ മെമ്മോറിയൽ വടാട്ടുപാറ | | 54 | - | 11 | 17 | 15 | 11 | - | - | - | - | - |

(1,2. ക്ലാസ്സുകളിലെ കുട്ടികളുടെ വിജയശതമാനം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.)

# കുടിവെള്ളവും പൊതുജനാരോഗ്യവും



# പൊതുജനാരോഗ്യം കുടിവെള്ളം

ആരോഗ്യമുള്ള പൗരൻമാരാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്. ആരോഗ്യത്തിന്റെ അടിസ്ഥാനഘടകം ശുദ്ധജലവും ശുദ്ധവായുവുമാണ്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിനുവേണ്ടി കിണറുകളേയും നീർച്ചാലുകളേ.ഉമാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ വിവിധഭാഗങ്ങളിലായി മുപ്പത്താറോളം കിണറുകൾ പഞ്ചായത്തിൽനിന്ന് നിർമ്മിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളക്ഷാമം പരിഹരിക്കാനായിട്ടില്ല. ഗിരിജൻ കോളനികളിൽ I.T.D.P യുടെ ആഭിമുഖ്യത്തിൽ കിണറുകൾ നിർമ്മിച്ച് കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

**I-ാം വാർഡ്.**

പൂയംകുട്ടി തണ്ടിലും തലവച്ചപാറ, കുഞ്ചിപ്പാറ മുതലായ ആദിവാസികോളനികളും കുടിവെള്ളക്ഷാമം രൂക്ഷമായി നേരിടുന്നു.

**II-ാം വാർഡ്.**

മാമലക്കണ്ടം, കൊയ്നിപ്പാറ, കൊല്ലപ്പാറ, കാര്യാട്, ചാമപ്പാറ, താലിപ്പാറ മുതലായ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നു.

**III-ാം വാർഡ്.**

കൂവപ്പാറ, കുറ്റിയാംചാൽ സ്കൂൾ പരിസരം, അട്ടിക്കളം, നൂറേക്കർ മുതലായ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമംരൂക്ഷമാണ്.

**IV-ാം വാർഡ്.**

ഉരുളൻതണ്ണി, 6-ാംബ്ലോക്ക്, പോസ്റ്റോഫീസ്പടി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്.

**V-ാം വാർഡ്.**

കൂറ്റാംപാറ, കള്ളിപ്പാറ കോളനി, ഉരുളൻതണ്ണി 1,3,5 ബ്ലോക്കുകൾ സത്രപ്പടി ഹരിജൻകോളനി ലക്ഷം വീട് എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

**VI-ാം വാർഡ്.**

8-ാം മൈൽ സ്കൂൾ പരിസരം, ഞായപ്പിള്ളി ഭാഗങ്ങൾ കുടിവെള്ളക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്

**VII-ാം വാർഡ്.**

ഈ വാർഡിൽ ഒട്ടാകെ ഭാഗീകമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

**VIII-ാം വാർഡ്.**

ഈ വാർഡിൽ മുഴുവൻ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട് ചക്കിവേട്, അമ്മാവൻ സിറ്റി തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളത്തിന് കടുത്ത ബുദ്ധിമുട്ട് നേരിടുന്നു.

**IX-ാം വാർഡ്.**

അമ്മാവൻസിറ്റി മുകൾഭാഗം, അരീക്കസിറ്റി മുകൾഭാഗങ്ങളിലും പാടശേഖരങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

**X-ാം വാർഡ്.**

പലവൻപടി, റോക്ക് ജംഗ്ഷൻ മുതലായസ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്.

## പരിഹാരമാർഗ്ഗങ്ങൾ- നിർദ്ദേശങ്ങൾ

I-ാം വാർഡ്.

പൂയംകുട്ടി തണ്ടിൽ കൊളത്തിനായി പടിയ്ക്കൽ ഒരു വലിയ ടാങ്ക് നിർമ്മിച്ചാൽ വെള്ളം ശേഖരിച്ച് പെപ്പുവഴി വിതരണം നടത്തി കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. കൂടാതെ ട്രൈബൽ കോളനികളിൽ ആവശ്യത്തിന് കിണറുകൾ കുഴിച്ചാൽ ശുദ്ധ ജലം ലഭ്യമാകുന്നതാണ്.

II-ാം വാർഡ്

മാമലക്കണ്ടം ഭാഗത്ത് സ്വാഭാവിക ജല സ്രോതസുകൾ സംരക്ഷിച്ച് വെള്ളം ടാങ്കുകളിൽ ശേഖരിക്കുകയും പൈപ്പ് സ്ഥാപിക്കുകയും ചെയ്താൽ മതിയാകുന്നതാണ്.

III-ാം വാർഡ്

കുളത്തിനായി പടിക്കൽ ഒരു വലിയ ടാങ്ക് നിർമ്മിച്ചാൽ അവിടെ ശേഖരിക്കുന്ന വെള്ളം കൂവപ്പാറ കീഴാലിപ്പടി ഭാരം വരെ പൈപ്പിട്ട് വിതരണം നടത്തിയാൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

കുട്ടമ്പുഴ ഇല്ലിത്തണ്ടിലോ, കൂറ്റമ്പാറ ത്തണ്ടിലോ ഒരു വാട്ടർ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് 3, 5, 6 വാർഡുകളിലെ പ്രധാന ഭാഗങ്ങളിൽ ടാപ്പുകൾ സ്ഥാപിച്ച് വെള്ളം വിതരണ് നടത്താവുന്നതാണ്.

IV-ാം വാർഡ്

ഉരുളൽതണ്ണി ആറാംബ്ലോക്കുഭാഗത്ത് ഒരു ചെക്ക് ഡാം നിർമ്മിച്ച് വെള്ളം ശേഖരിച്ചാൽ വേനൽക്കാലത്ത് കുടിവെള്ളത്തിനും ജലസേചനത്തിനും പ്രയോജനപ്പെടുത്താം.

V-ാം വാർഡ്

1. കൂറ്റാമ്പാറയിൽ കുഴൽകിണർ കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.

2. കൂറ്റാംപാറത്തോട്ടിൽ ഒരു ചെക്ക്ഡാം നിർമ്മിക്കുക. കുട്ടമ്പുഴ ഇല്ലിത്തണ്ടിലോ, കൂറ്റമ്പാറത്തണ്ടിലോ ഒരു വാട്ടർ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് പൈപ്പുവഴി വിതരണം നടത്തുക.

VI-ാം വാർഡ്

1. എട്ടാംമൈൽ ഭാഗത്ത് പൈപ്പ്ലൈൻ കിഴക്കോട്ട് ഞായപ്പിള്ളി വരെയും, പടിഞ്ഞാറോട്ട് ദശമൂലം കവലവരെയും നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

2. ഇപ്പോഴുള്ള കിണറ്റിലെ വെള്ളം പമ്പ് ചെയ്യാൻ മതിയാകാത്തതിനാൽ ഒരു കുളം കൂടി നിർമ്മിച്ച് എട്ടാംമൈൽ ടാങ്കിലേക്ക് വെള്ളം ശേഖരിക്കാം.

3. കുട്ടമ്പുഴ ഇല്ലിത്തണ്ടിൽ ഒരു വാട്ടർടാങ്ക് സ്ഥാപിച്ച് തട്ടേക്കാട്വരെ പൈപ്പ് ലൈൻ ഉണ്ടാക്കി ശുദ്ധജലം എത്തിച്ചാൽ ആറാം വാർഡിൽ ഒട്ടാകെയുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

VII-ാം വാർഡ്

വാർഡിൽ ഉടനീളം പൈപ്പുവഴി വെള്ളം വിതരണം നടത്തിയും ആവശ്യമുള്ളിടങ്ങളിൽ കിണറുകൾ നിർമ്മിച്ചും കുടിവെള്ള പ്രശ്നം പരിഹരിക്കാം.

### വടാട്ടുപാറ മേഖലയിൽ

1. വടാട്ടുപാറ 8, 9 വാർഡുകൾക്ക് മദ്ധ്യേ ഒരു കുളം നിർമ്മിച്ച് അമ്മാവൻതണ്ടിനുമുകളിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് വഴി കുടിവെള്ള വിതരണം നടത്തണം.

2. ചക്കിമേട് വാട്ടർസപ്ലൈ സ്കീമിന്റെ അപാകതകൾ പരിഹരിച്ച് ജനങ്ങൾക്ക് പ്രയോ

ജനകരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

3.ഇടമലയാർ പുഴയിൽനിന്നും വെള്ളം പമ്പുചെയ്ത് ടാങ്കിൽ ശേഖരിച്ച് വിതരണം നടത്തിയാൽ 8, 9, 10, വാർഡുകളിലെ കുടി വെള്ളക്ഷാമം പരിഹരിക്കാനാകും.

പഞ്ചായത്തിലൊട്ടാകെ സ്വാഭാവിക നീരുറവകൾ കണ്ടെത്തി സംരക്ഷിക്കുന്നതിനുള്ള ജലസമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നത് അഭികാമ്യമാണ്.

## ആരോഗ്യം

പഞ്ചായത്തിലെ ആദ്യ ചികിത്സാ കേന്ദ്രം കൂട്ടമ്പുഴ ആയൂർവ്വേദാശുപത്രിയായിരുന്നു. എന്നാൽ ഇപ്പോൾ ആരോഗ്യരംഗത്ത് പഞ്ചായത്തിലാകെ ഒരു പ്രൈമറി ഹെൽത്ത്സെന്ററും മൂന്ന് ആയൂർവ്വേദാശുപത്രികളുമാണുള്ളത്. വടാട്ടുപാറയിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും സ്വകാര്യമേഖലയിൽ 3 ആശുപത്രികളും പ്രവർത്തിക്കുന്നു.

നിലവിലുള്ള ആശുപത്രികളുടെ നിലവാരം വളരെ ശോചനീയമാണ്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതും രോഗികളെകിടത്തി ചികിത്സിക്കാൻ കഴിയാത്തതും സർവ്വോപരിയായി പ്രാഥമികസൗകര്യങ്ങൾ ഒന്നുമില്ലാത്തവയുമാണ് ഇത്. വിദഗ്ദ്ധ ചികിത്സ ലഭിക്കണമെങ്കിൽ 25 ഓളം കിലോമീറ്റർ യാത്രചെയ്ത് കോതമംഗലത്ത് എത്തേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. എന്നാൽ പെട്ടെന്നൊരത്യാഹിതമുണ്ടായാൽ തട്ടേക്കാട് കടവിൽ ഉണ്ടാകുന്ന കാലതാമസംമൂലം അടിയന്തിരചികിത്സ ലഭിക്കാതെതന്നെ രോഗി മരണപ്പെടുകയും അതുപോലെതന്നെ അവിടെവച്ച് പ്രസവം നടക്കുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യത്തിന് മരുന്നും സൗകര്യങ്ങളും ഇല്ലാത്തത് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. എന്നാൽ ബഹുമാനപ്പെട്ട എം. പി. ശ്രീ. എ. സി . ജോസ് പ്രാദേശികവികസനഫണ്ടിൽനിന്നും പി. എച്ച്. സെന്ററിന് കെട്ടിടം പണിയുന്നതിനുള്ള തുക നൽകാമെന്ന് ഏറ്റിട്ടുണ്ട്. ടി ഫണ്ട് ഉപയോഗപ്പെടുത്തി കെട്ടിടം നിർമ്മിച്ച് കൂടുതൽ സൗകര്യങ്ങളോടെ പ്രവർത്തനം ആരംഭിച്ചാൽ ആരോഗ്യരംഗത്ത് ഒരു മുന്നേറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## പരിസരശുചിത്വം

പരിസരശുചിത്വത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ് നമ്മുടെ പഞ്ചായത്ത്. അതിനു പ്രധാന കാരണം കക്കൂസുകളില്ല എന്നുള്ളതാണ്. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നതിനാൽ പലതരത്തിലുള്ള രോഗങ്ങൾ ഉണ്ടാകുന്നു. ഇങ്ങനെയുള്ള പകർച്ചവ്യാധികൾ കൂടുതലും ഗിരിജൻ കോളനികളിലാണ് കണ്ടുവരുന്നത്. അടുത്തകാലത്ത് മഞ്ഞപ്പിത്തം, കോളറ മുതലായ രോഗങ്ങൾ മൂലം ആളുകൾ മരണപ്പെട്ടിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. ആരോഗ്യകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം ഉള്ളിടത്തുപോലും വെള്ളമോ പ്രാഥമികസൗകര്യങ്ങളോ ഇല്ല.
2. ഡോക്ടർമാരുടേയും മറ്റു സ്റ്റാഫുകളുടേയും സേവനം സ്ഥിരമായി ലഭിക്കുന്നില്ല.
3. ആശുപത്രികളിൽ ആവശ്യത്തിന് മരിന്നു ലഭ്യമല്ല.
4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾ അധിവസിക്കുന്നതുകൊണ്ട് ആവശ്യത്തിന് കക്കൂസുകൾ ഇല്ലാത്തത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു.
5. പരിസരശുചിത്വം പാലിക്കുന്നതിനേക്കുറിച്ചുള്ള അറിവില്ലായ്മ.

6. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ കുറവ്.
7. ആദിവാസികോളനികളിൽ ആരോഗ്യപ്രവർത്തകർ എത്തുന്നില്ല.
8. മലിനജലം കെട്ടിനിൽക്കുന്നത് കൊതുക് പെരുകിയും അല്ലാതെയും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടവരുന്നു.

## പരിഹാരമാർഗ്ഗങ്ങൾ-നിർദ്ദേശങ്ങൾ

1. പി.എച്ച്. സെന്ററിന് പുതിയ കെട്ടിടംനിർമ്മിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക. സ്ത്രീരോഗവിദഗദ്ധരെയും ശിശുരോഗവിദഗദ്ധരെയദ ഉൾപ്പെടുത്തി കൂടുതൽ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുകയും 25 കിടക്കകൾ അനുവദിക്കുകയും ചെയ്യുക.
2. വടാട്ടുപാറ, ഇഞ്ചത്തൊട്ടി എന്നിവിടങ്ങളിൽ പുതിയ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുകയും വിശേഷിച്ച് ആദിവാസിമേഖലകളിൽ പ്രത്യേകം ആരോഗ്യപ്രവർത്തകരെ നിയമിക്കുകയും ചെയ്യുക.
3. ആശുപത്രികളിൽ പ്രാഥമികസൗകര്യങ്ങൾ ഉണ്ടാക്കുക.
4. കുട്ടമ്പുഴ ആയുർവ്വേദ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണം.
5. ഇഞ്ചത്തൊട്ടി, വടാട്ടുപാറ എന്നിവിടങ്ങളിൽ ആയുർവ്വേദ ആശുപത്രികൾ അനുവദിക്കുക .
6. കക്കൂസുകളില്ലാത്ത മുഴുവൻ പേർക്കും സൗജന്യമായി നിർമ്മിച്ചുനൽകുക.
7. പകർച്ചവ്യാധികൾ ഇല്ലാതാക്കുന്നതിന് മുൻകരുതലുകൾ സ്വീകരിക്കുക.
8. പോഷകാഹാരകുറവ് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
9. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
10. സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
11. പ്രകൃതിചികിത്സാകേന്ദ്രം അനുവദിക്കുക.
12. കുട്ടമ്പുഴ ആയുർവ്വേദ ആശുപത്രിയ്ക്ക് കോമ്പണ്ട്വാൾ കെട്ടുക.
13. വൈദ്യുതീകരണം പൂർത്തീകരിക്കുക.
14. ആയുർവ്വേദ ആശുപത്രികളോടനുബന്ധിച്ച് ഔഷധസസ്യങ്ങൾ വച്ച് പടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക.
15. പിണവൂർകുടി ആയുർവ്വേദ ഡിസ്പെൻസറിയിൽ ആവശ്യത്തിന് ഫർണിച്ചറുകൾ അനുവദിക്കുക.
16. 10 കിടക്കകളെങ്കിലും ഈ ആശുപത്രിയിൽ അനുവദിക്കുക.
17. മാമലകണ്ടം ആയുർവ്വേദ ആശുപത്രികെട്ടിടത്തിന്റെ ചോർച്ചമാറ്റുക.
18. ഈ ആശുപത്രിയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുകയും, കിണറിന് ആഴംകൂട്ടുകയും ചെയ്യുക.
19. ജീവനക്കാർക്ക് താമസിക്കുന്നതിന് ക്വാർട്ടേഴ്സ് ഏർപ്പെടുത്തുക.
20. ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് അനുവദിക്കുക.
21. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായിബുദ്ധിമുട്ടുകൾ പരിഗണിച്ച് ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുക.

" കേന്ദ്രത്തിലിരിക്കുന്ന 20 പേർക്ക് നടപ്പിലാക്കാവുന്ന ഒന്നല്ല യഥാർത്ഥ ജനാധിപത്യം ഓരോ ഗ്രാമത്തിലെയും ജനങ്ങൾ താഴെ നിന്ന് നടപ്പിലാക്കേണ്ടതാണ് അത് "

ഗാന്ധിജി


പഞ്ചായത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളെ സംബന്ധിക്കുന്ന പട്ടിക .

| നമ്പർ | സ്ഥാപനം | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെഎണ്ണം | കെട്ടിടം സ്വന്തം/വാടക |
|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ | V | 1987 | 27 | വാടക |
| 2 | ആയുർവ്വേദ ഡിസ്പെൻസറി കുട്ടമ്പുഴ | | 1974 | 4 | സ്വന്തം |
| 3 | ആയുർവ്വേദ ഡിസ്പെൻസറി മാമലക്കണ്ടം | II | 1991 | 4 | സ്വന്തം |
| 4 | ആയുർവ്വേദ ഡിസ്പെൻസറി പിണവൂർകുടി | IV | 1986 | 4 | സ്വന്തം |
| 5 | ഹോമിയോ ആശുപത്രി വടാട്ടുപാറ | IX | 1991 | 3 | വാടക കെട്ടിടം നിർമ്മാണത്തിൽ |



വടാട്ടുപാറയിൽ ഹോമിയോ ആശുപത്രിയുടെ ശിലാസ്ഥാപനം ശ്രീ. എ. കെ മണി എം.എൽ.എ നിർവ്വഹിക്കുന്നു.

# വ്യവസായം



# വ്യവസായം ടൂറിസം

ഈ പ്രദേശത്തെ കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് കൂടുതൽ സാദ്ധ്യതകളുണ്ട് . റബ്ബറുൽപ്പന്നങ്ങൾ, കൈതച്ചക്ക, അടയ്ക്ക തുടങ്ങിയവയുടെ സംസ്ക്കരണം അച്ചാർ, ചിപ്സ്, സോപ്പുപൊടി, കറിപൗഡറുകൾ, ബുക്ക്ബൈന്റിംഗ് തുടങ്ങിയ ചെറുകിട വ്യവസായങ്ങൾക്ക് സാദ്ധ്യതകൾ ഏറെയാണ്. പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള ഈറ്റ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

ഫോറസ്റ്റുകളിൽ നിന്നും തേക്ക് കഴകൾ വെട്ടിയെടുത്തതിനുശേഷമുള്ള കുറ്റികൾ ശേഖരിച്ച് മനോഹരമായ ദാരുശില്പങ്ങൾ നിർമ്മിക്കാം.

ഈറ്റയും മുളയും കൊണ്ടുള്ള വ്യവസായമാണ് പ്രധാനമായും കുട്ടമ്പുഴ പഞ്ചായത്തിലേത്. മറ്റ് വനവിഭവങ്ങളായ തടി (കൂപ്പ്വെട്ട്) ചെറുചരക്ക് ശേഖരണവും ധാരാളം ആളുകൾക്ക് ജോലി നൽകുന്ന വ്യവസായമാണ്.

വനത്തിൽ നിന്നും തടിമുറിക്കൽ അവസാനിപ്പിച്ചതും, ഈറ്റയുടെ ലഭ്യത കുറഞ്ഞുവരുന്നതും തൊഴിൽ സാദ്ധ്യത കുറയ്ക്കാൻ ഇടയായിട്ടുണ്ട്. കൂടുതൽ പേർ കാർഷിക രംഗത്ത് തൊഴിൽ കണ്ടെത്തുകയും വളരെ പേർ പഞ്ചായത്തിന് പുറത്ത് വിവിധ നിർമ്മാണരംഗത്ത് തൊഴിൽ തേടിയിട്ടുണ്ട്. പനമ്പ് നെയ്ത്ത് ഒരു പ്രധാന കുടിൽ വ്യവസായമാണ്. മുൻകാലങ്ങളിൽ ചൂരൽ കൊണ്ടുള്ള കുടിൽ വ്യവസായം ധാരാളമായിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ചൂരലിന്റെ അലഭ്യതമൂലം ഈ തൊഴിലിന് മാന്ദ്യം നേരിട്ടിട്ടുണ്ട്. നിരവധി പേർ ഈറ്റ കൊണ്ട് പനമ്പ് നെയ്ത് ജീവിക്കുന്നുണ്ട്. ഇവിടുത്തെ തൊഴിലാളികൾ നെയ്യുന്ന പനമ്പുകൾ ബാംബു കോർപ്പറേഷനാണ് ശേഖരിക്കുന്നത്.

പൂയംകുട്ടി, വടാട്ടുപാറ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കാർഷിക ആവശ്യങ്ങൾക്കുള്ള ചിക്കുപനമ്പ് എന്ന വലിയിനം പനമ്പുകൾ വിവിധ മാർക്കറ്റുകളിൽ വിശേഷിച്ച് ഹൈറേഞ്ച് മേഖലകളിൽ വിൽപ്പെടുന്നുണ്ട്.

ആധുനീക വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. എണ്ണയാട്ട് മില്ല്, ഫ്ളവർ മില്ലുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

## ടൂറിസം

വ്യവസായികമായി ഈ പഞ്ചായത്തിനെ സംബന്ധിച്ചാടത്തോളം ഏറ്റവും സാദ്ധ്യതയുള്ളതാണ് ടൂറിസം.

ഈ പഞ്ചായത്തിന്റെ അതിമനോഹരമായ ഭൂപ്രകൃതി ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമാണ്. അനേകം വിദേശടൂറിസ്റ്റുകൾ വന്നുപോകുന്നുണ്ട്. വനത്തിൽ തങ്ങി ഭൂപ്രകൃതി ആസ്വദിക്കുന്നതിനായി എത്തിച്ചേരുന്നവർക്കും പക്ഷികളേയും മൃഗങ്ങളേയും മറ്റും കാണുന്നതിനും ആയി എത്തിച്ചേരുന്നവർക്കും അവധിക്കാലം ചെലവഴിക്കുന്നതിനായി എത്തുന്നവർക്കും പ്രിയപ്പെട്ടദേശമാണിവിടം.

പഞ്ചായത്തും വനംവകുപ്പും സ്വകാര്യ സംരംഭകരും മുൻകൈയ്യെടുത്താൽ ഈ

രംഗത്ത് വികസനം കൈവരിക്കാൻ കഴിയും.

കുട്ടമ്പുഴ പഞ്ചായത്തിലെ പഴയ ഭൂതത്താൻ കെട്ട്, ഭൂതത്താൻ കെട്ട് ജലാശയം, തട്ടേക്കാട് പക്ഷി സങ്കേതം, ഇടമലയാർ പ്രദേശം, കീരിത്തോട്, കുട്ടമ്പുഴ ആനക്കയം പ്രദേശങ്ങൾ പിണ്ടിമേട് വെള്ളച്ചാട്ടം കുഞ്ചിക്കുട്ടി ആനക്കുളം തുടങ്ങിയ പ്രദേശങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കുന്നത് സംബന്ധിച്ച് ഇതിനുമുമ്പ് ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്കും, ബഹു. സർക്കാരിനും നിവേദനങ്ങൾ നൽകിയിട്ടുള്ളതാണ്.

ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയുന്ന സ്ഥലങ്ങളും അതിന്റെ വികസനം സംബന്ധിച്ച് പരാമർശങ്ങളും താഴെ ചേർക്കുന്നു.

### 1. പഴയ ഭൂതത്താൻകെട്ട്

ഭൂതത്താൻകെട്ടിയ ഡാം എന്നു വിശേഷിപ്പിക്കുന്ന മനോഹരമായ പ്രദേശം. ഇവിടേക്കു പോകുന്നതിനുള്ള നടപ്പാത വൃത്തിയാക്കുകയും, ഇതിനു സമീപമുള്ള പുരാതന ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കാണുന്നതിന് സൗകര്യം ഉണ്ടാക്കുകയും വേണം.

### 2. ഭൂതത്താൻകെട്ട് ജലസംഭരണി

കോതമംഗലത്തുനിന്നും 11 കി. മീ. അകലെയാണ് ഐതീഹ്യങ്ങളുടെ പരിവേഷം ചാർത്തി നിൽക്കുന്ന ഭൂതത്താൻകെട്ട്. ഭൂതത്താൻകെട്ട് മുതൽ തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അരികിൽകൂടെ നേര്യമംഗലം വരെയും, തട്ടേക്കാട് കുട്ടമ്പുഴ വഴി ഇടമലയാറിന്റേയും, പൂയംകുട്ടി ആറിന്റേയും സംഗമസ്ഥാനമായ ആനക്കയംവരേയും ബോട്ട്യാത്ര നടത്താം.

ഭൂതത്താൻകെട്ട് മുതൽ കുട്ടമ്പുഴവരെയുള്ള റിസർവോയറിന്റെ ഇടതുകരയിൽ തുണ്ടത്തിൽ റേഞ്ചിൽപെട്ടതേക്കുപ്ലാന്റേഷന്റെ പുഴയോരത്തും കാട്ടാനകൾ കൂട്ടമായിവരികയും ആഴ്ചകളോളം വിഹരിച്ചിട്ട് മടങ്ങിപോവുകയും ചെയ്യാറുണ്ട്. ഈ തീരങ്ങളിലും ചതുപ്പ് നിലങ്ങളിലും ആനകൾക്ക്പുറമേ മ്ലാവും, കേഴ തുടങ്ങിയ മൃഗങ്ങളും യഥേഷ്ടം മേഞ്ഞുനടക്കുന്നത് വിദേശികളടക്കമുള്ള ടൂറിസ്റ്റുകളെ ഹരം പിടിപ്പിക്കുന്ന ഒരു കാഴ്ചയാണ്. ഇവിടേക്ക് വിനോദസഞ്ചാരികൾക്കുവേണ്ടി ബോട്ട് സർവ്വീസ് ഏർപ്പെടുത്തണം.

കുട്ടമ്പുഴയാറ്റിൽ ചെറുതും വലുതുമായ പതിനാറോളം തുരുത്തുകൾ ഉണ്ട്. ഏതു വെള്ളപ്പൊക്കത്തിലും മുങ്ങിപ്പോകാത്ത ഈ തുരുത്തുകളിൽ തണൽമരങ്ങൾ നട്ടുപിടിപ്പിക്കുക, ഉദ്യാനങ്ങളും ചിലവുകുറഞ്ഞരീതിയിൽ വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കുക എന്നിവ ചെയ്താൽ വിനോദസഞ്ചാരികളെ ഈ പുതുമ ആകർഷിക്കുമെന്നതിൽ സംശയമില്ല. തൊട്ടുതൊട്ടുകിടക്കുന്ന തുരുത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് നടപ്പാലങ്ങളും തൂക്കുപാലങ്ങളും ഉപയോഗപ്പെടുത്താവുന്നതണ്.

### 3. ആനക്കയം

ഇടമലയാർ, പൂയംകുട്ടി പുഴകളുടെ സംഗമസ്ഥാനമാണ് ആനക്കയം. പുഴയുടെ വടക്കുകിഴക്കു ഭാഗത്തുള്ള കുന്നിൻപുറത്ത് ഒരു വിശ്രമകേന്ദ്രം നിർമ്മിക്കുകയും അതിനോടനുബന്ധിച്ച് ഒരു ബോട്ടുസർവ്വീസ് ഏർപ്പെടുത്തുകയും വേണം. നിശ്ശബ്ദ സുന്ദരമായ ഈ പ്രദേശത്തെ താമസവും, ബോട്ടുയാത്രയും പ്രകൃതിസ്നേഹികൾക്ക് മറക്കാനാവാത്ത ഒരു പുതിയ അനുഭവമായിരിക്കും. റോഡുമാർഗ്ഗവും പ്രദേശത്തേക്കെത്തുന്നതിനുള്ള സൗകര്യമുണ്ട്.

## 4. തട്ടേക്കാട് പക്ഷിസങ്കേതം.

കേരളത്തിലെ ഏക പക്ഷിസങ്കേതമാണ് തട്ടേക്കാട്. അത്യപൂർവ്വങ്ങളായ മലബാർക്ഷാമ, ഫ്രോഗ്മൗത്ത്, മലമുഴക്കി, ഗരുഡൻകോഴി തുടങ്ങിയ 100 കണക്കിന് ഇനങ്ങളും ദേശാടനക്കിളികളായ സൈബീരിയൻ കൊക്കുകൾ കൂടാതെ വന്യമൃഗങ്ങളായ കാട്ടാനയും കടുവയും, പുള്ളിപ്പുലിയും കാട്ടുപന്നിയും ഇവിടെ സ്വൈരവിഹാരം നടത്തുന്നു. സ്വദേശികളും വിദേശികളുമായുള്ള 100 കണക്കിന് സഞ്ചാരികളും പരകൃതിസ്നേഹികളും ഇവിടെവരെ പോകുന്നുണ്ട്. ഇവിടെ എത്തിച്ചേരുന്ന സഞ്ചാരികൾക്ക് ജലയാത്രക്കുള്ള സൗകര്യവും ലഭ്യമാക്കാവുന്നതാണ്.

## 5. ഇടമലയാർ പദ്ധതിപ്രദേശം.

വൈദ്യുതി ഉല്പാദനം ആരംഭിച്ച ഇടമലയാർ പദ്ധതി പ്രദേശത്തേക്ക് പ്രതിദിനം 100 കണക്കിന് വിനോദസഞ്ചാരികൾ വരുന്നുണ്ടെങ്കിലും ഇതൊരു വിനോദസഞ്ചാരകേന്ദ്രമായി വികസിപ്പിക്കുന്നതിന് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. പദ്ധതിയുടെ നിർമ്മാണകാലത്ത് ജീവനക്കാർക്ക്വേണ്ടി നിർമ്മിച്ച ഡോർമെറ്ററികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നല്കാൻ നടപടിയുണ്ടാകണം. ഇടമലയാർ ഡാമിൽ ബോട്ടുസർവ്വീസ് ഏർപ്പെടുത്തണം. ഇടമലയാർ ഡാമിന്റെ വലതുകരയിൽ ഡാമിനോട്ചേർന്ന് ഡാം നിർമ്മാണത്തിനുപയോഗിച്ച കേബിൾവേയുടെ ഫൗണ്ടേഷൻ ഉപയോഗപ്പെടുത്തി ഒരു നിരീക്ഷണ ഗാലറി നിർമ്മിക്കുക, ഈ പ്രദേശത്ത് ഒരു പൂന്തോട്ടം നിർമ്മിക്കുക എന്നിവ ചുരുങ്ങിയ ചിലവിൽ നിർവ്വഹിച്ച് അനേകായിരങ്ങളെ എളുപ്പം ആകർഷിക്കുവാൻ കഴിയും. എർണാകുളത്തുനിന്നും ഒരു കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് ആരംഭിക്കുകയും വേണം.

ഇടമലയാർ ഡാമിൽ ബോട്ടുയാത്രചെയ്യുന്ന സഞ്ചാരികൾക്ക് അപൂർവ ഇനത്തിൽപെട്ട പക്ഷികളേയും ആന, കാട്ടുപോത്ത്, മ്ലാവ്, കേഴ, വരയാട് തുടങ്ങിയ കാട്ടുമൃഗങ്ങളേയും കാണാൻ സാധിക്കും. ഇടമലയാർ ഡാമിന്റെ കാച്ച്മെന്റ് ഏരിയായിലുള്ള തുരുത്തുകൾ അതിമനോഹരങ്ങളാണ്.

## 6. കീരിത്തോട്

ഇടമലയാർ നദി ആനക്കയത്ത് ഒഴുകിയെത്തി പൂയംകുട്ടി ആറിനോട് ചേരുന്നതിന്മുമ്പ്, ഇടമലയാർ പവ്വർ ഹൗസിന് 3 കി. മീ. താഴെ വച്ച് കീരിത്തോട് പുഴ ഇടമലയാറിൽ ചേരുന്നു. കീരിത്തോടിനു തീരത്തുകൂടി നിബിഡവനങ്ങൾക്കിടയിലൂടെ അപൂർവ്വ പക്ഷികളുടെ കളകൂചനങ്ങൾ കേട്ട് തലവച്ച പാറ മലമുകളിലേക്കും, അവിടെ ആദിവാസികളേയും അവരുടെ ജീവിതചര്യകളും കണ്ടു മനസ്സിലാക്കുന്നതിനും വിനോദയാത്രക്കാരെ സംബന്ധിച്ചടത്തോളം ആവേശകരമായ യാത്രയായിരിക്കും. കീരിത്തോടിൽനിന്നും തലവച്ച പാറയിലേക്കുള്ള യാത്രക്കിടയിൽ ഇടക്കിടക്കു കേൾക്കുന്ന വേഴാമ്പൽ ( മലമുഴക്കി പക്ഷികളുടെ ഭയപ്പെടുത്തുന്ന ചിറകടിയും, കാട്ടുവള്ളികളിൽ കെട്ടിത്തൂങ്ങി ഊഞ്ഞാലാടി രസിക്കുന്ന കുരങ്ങിൻകൂട്ടങ്ങളുടെ കലപിലശബ്ദവും സഞ്ചാരികൾക്ക് മറക്കാനാവാത്ത പുതിയൊരനുഭവമായിരിക്കും.

ഇടമലയാറിനും ആനക്കയത്തിനുമിടക്ക് പാറക്കൂട്ടങ്ങളിലൂടെ പതഞ്ഞൊഴുകുന്ന ഇടമലയാർ നദിയുടെ തീരത്തുകൂടിയുള്ള യാത്രയും സഞ്ചാരികളെ ആവേശം കൊള്ളിക്കുന്നതാണ്. ഇതിന് തുണ്ടം ഫോറസ്റ്റ് റേഞ്ചിൽപെട്ട ഇടമലയാർ കുട്ടമ്പുഴ റോഡ് ഗതാഗതയോഗ്യമാക്കുകയാണെങ്കിൽ കൂടുതൽ സൗകര്യപ്രദമാക്കാം.

## 7. കുട്ടമ്പുഴമുതൽ മൂന്നാർവരെ

പൂയംകുട്ടി ആറിന്റേയും അതിന്റെ പോഷകനദികളായ കരിന്തിരി, കുഞ്ചിയാർ, നല്ലതണ്ണി എന്നിവയുടെ തീരത്തുകൂടി പിണ്ടിമേട്, തോളുനട, കുഞ്ചിക്കുട്ടി, കുഞ്ചിയാർ, ആനക്കുളം, പെരുമ്പൻകുത്ത്, നല്ലതണ്ണി, കല്ലാർ വഴി ടൂറിസ്റ്റ് കേന്ദ്രമായ മൂന്നാറിലെത്താം.

കൊല്ലവർഷം 1099 നു മുൻപ് മൂന്നാർ കണ്ണൻദേവൻ എസ്റ്റേറ്റിലേക്കും മാങ്കുളത്തേക്കും ഉള്ള പ്രധാനരാജവീതിയായിരുന്ന മെറ്റൽചെയ്ത പഴയ ആലുവ മൂന്നാർ റോഡ് ഈ നദീ തീരത്തുകൂടിയാണ് മൂന്നാറിൽ എത്തിയിരുന്നത്. ഇപ്പോഴും വേനൽക്കാലത്ത് ജീപ്പുമാർഗ്ഗം ഇതുവഴി സഞ്ചരിക്കാവുന്നതാണ്. ഇതുവഴി സഞ്ചരിക്കുമ്പോഴുള്ള കാനനഭംഗിയിൽ ആകൃഷ്ടരായി പല ചലച്ചിത്രകാരൻമാരും ഈ കാഴ്ചകൾ അഭ്രപാളികളിൽ പകർത്തിയിട്ടുണ്ട്.

മൂന്നാറിനും കുട്ടമ്പുഴക്കുമിടക്കുള്ള പ്രധാനകേന്ദ്രങ്ങളേക്കുറിച്ച് ഇനി വിവരിക്കുന്നു.

## 8. പിണ്ടിമേട് വെള്ളച്ചാട്ടം

വിനോദസഞ്ചാരികളെ ഹഠാദാകർഷിക്കുന്ന നയനമനോഹരമായ കാഴ്ചയാണ് പിണ്ടിമേട് വെള്ളച്ചാട്ടം. വെള്ളച്ചാട്ടം സമീപത്ത് നിന്ന് കാണുന്നതിന് ഉപയുക്തമായരീതിയിൽ ഗാലറി നിർമ്മിക്കുകയും, വെള്ളച്ചാട്ടത്തിന്റെ പതനഭാഗത്ത് എത്തിച്ചേരുന്നതിന് നടപ്പുവഴികൾ നിർമ്മിക്കുകയും ചെയ്താൽ കേരളത്തിലെ ഏറ്റവും ഭംഗിയേറിയ, പ്രകൃതിയൊരുക്കിയ വിരുന്നുണ്ണാൻ കൊതിക്കാത്ത കണ്ണുകളുണ്ടാവില്ല.

പുരാതന കാലത്ത് ഇംഗ്ലീഷുകാർ സ്ഥാപിച്ച ഒരു ഫാക്ടറിയുടേയും, അതിനോടനുബന്ധിച്ചുള്ള കോളനിയുടേയും അവശിഷ്ടങ്ങൾ ഇവിടെ ഇപ്പോഴും കാണാം. വെള്ളച്ചാട്ടത്തിനു മുകളിൽ നിന്നും പതനഭാഗത്തെത്തുന്നതിന് കടുംതൂക്കായ പാറയിൽ ഉറപ്പിച്ചിട്ടുള്ള കമ്പികൾ, വെള്ളച്ചാട്ടത്തിന് സമീപത്തായി യന്ത്രസാമഗ്രികൾ ഉറപ്പിച്ചിരുന്ന കോൺക്രീറ്റ് ഫൗണ്ടേഷനുകൾ, അതിലുറപ്പിച്ചിട്ടുള്ള ബോർഡുകളും കേടുകൂടാതെ ഇരിക്കുന്നതുകൊണ്ടുതന്നെ പിണ്ടിമേട് വെള്ളച്ചാട്ടത്തിലെ ജലശക്തിയുപയോഗിച്ച് യന്ത്രങ്ങൾ പ്രവർത്തിച്ചിരുന്നു എന്ന് ഉറപ്പിക്കാവുന്നതാണ്.

## 9. തോളുനട

പൂയംകുട്ടിയാറിൽ വിദേശികൾ നിർമ്മിച്ചപാലത്തിന്റെ അവശിഷ്ടങ്ങൾ സഞ്ചാരികൾക്ക് കഴിഞ്ഞൊരു യുഗത്തിന്റെ ഓർമ്മ പുതുക്കുന്നതിനും, അന്നത്തെ സാങ്കേതീക വിദ്യയുടെ മർമ്മം വെളിവാക്കുന്ന തരത്തിൽ ദൃശ്യമാണ്. പാലത്തിന് താഴെക്കൂടിയൊഴുകുന്ന പൂയംകുട്ടിആറിന്റെ വളരെ അടിത്തട്ടിലൂടെ, പ്രകൃതിദത്തമായിട്ടുള്ള തുരങ്കം വഴി മറ്റൊരു പുഴകൂടി ഒഴുകുന്നത് അത്ഭുതകരവും, മനോഹരവുമായ കാഴ്ചയും തോളുനടഭാഗത്തിന്റെ മാത്രം പ്രത്യേകതയാണ്.

## 10. കുഞ്ചിക്കുട്ടി

ഇടതിങ്ങിയ വനത്തിനുനടുവിൽ കുഞ്ചിയാറിന്റേയും, കരന്തിരിപ്പുഴയുടേയും സംഗമസ്ഥാനമാണ് കുഞ്ചിക്കുട്ടി. പ്രകൃതിത്തമായ തടാകത്തിൽനിന്നും പരന്നൊഴുകുന്ന നദി, വീതിയേറിയ മണൽതീരം. തടാകത്തിലെ വെള്ളംകുടിക്കുന്നതിനും, കുളിച്ചുരസിക്കുന്നതിനും കൂട്ടമായെത്തുന്ന കാട്ടാനകൾ! അപകടരഹിതമായി ഈ ദൃശ്യഭംഗി ആസ്വദിക്കുന്നതിന് ഇവിടെ ഏറുമാടങ്ങൾ നിരത്തികെട്ടിയിരിക്കുന്നു. വിനോദസഞ്ചാരികൾക്ക് ഈ സ്ഥലം സ്വർഗ്ഗതുല്ല്യമായിരിക്കും. ഇതിനു സമീപത്തീയി കുഞ്ചിയാർ പാലത്തിനടുത്ത് ആരും

നട്ടുവളർത്താതെ, പ്രകൃതി ഒരുക്കുന്ന ഒരു അടയ്ക്കാതോട്ടവും കാണാം.

### 11. കുഞ്ചിയാർ.

പഴയ ആലുവാ-മൂന്നാർ റോഡിൽ കുഞ്ചിയാർപുഴക്കുമീതെ നിർമ്മിച്ചിരിക്കുന്ന പാലം, 1099 ലെ (കൊല്ലവർഷം) ഉരുൾപൊട്ടലിൽ തകർന്നതിന്റെ അവശിഷ്ടങ്ങളായി നിലകൊള്ളുന്നു. കാനന ഭംഗിനിറഞ്ഞ ഈ ഭാഗം ചരിത്രാന്വേഷികൾക്കും പ്രകൃതിസ്നേഹികൾക്കും വിരുന്നൊരുക്കുന്നു. ഇതിനോടു ചേർന്ന വിശാലമായ സ്ഥലത്ത് ട്രഞ്ച് തീർത്ത് ഇംഗ്ലീഷുകാരുടെ കാലത്ത് ഒരു സത്രംതീർന്നിരുന്നതിന്റെ അവശിഷ്ടങ്ങളും ഇവിടെയുണ്ട്.

### 12. ആനക്കുളം.

പ്രകൃതിദത്തമായ തടാകവും, പുഴയും ആനക്കുളത്തിന്റെ പ്രത്യേകതയാണ്. കാട്ടാനകൾ കൂട്ടമായിവന്നിറങ്ങുന്ന തടാകമാണിത്. സഹ്യന്റെ മടിത്തട്ടിൽനിന്നും ഉത്ഭവിക്കുന്ന പുഴയുടെ സൗന്ദര്യം വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ പര്യാപ്തമാണ്.

ഇവിടെനിന്നും തകർന്നുപോയ പെരുമ്പൻകുത്ത് പാലം കടന്ന് നല്ലതണ്ണിഎസ്റ്റേറ്റ്, ലക്ഷ്മിഎസ്റ്റേറ്റ് എന്നിവ വഴി പഴയമൂന്നാറിൽ എത്തിചേരാവുന്നതാണ്.

## ടൂറിസം

### പ്രശ്നങ്ങൾ

1. ടൂറിസ്റ്റുകൾക്ക് മിതമായ നിരക്കിൽ താമസസൗകര്യമില്ല.
2. ബോട്ടിംഗിനുള്ള സൗകര്യമില്ല.
3. എറണാകുളം, കോട്ടയം,തിരുവന്തപുരം, കോഴിക്കോട് തുടങ്ങിയ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ബസ്സർവീസുകളില്ല.
4. പബ്ലിസിറ്റിയുടെ കുറവ്
5. ആവശ്യമായ വിശ്രമകേന്ദ്രങ്ങളുടെ അപര്യാപ്തത.

### സാധ്യതകൾ.

1. പഴയ ആലുവ മൂന്നാർ റോഡ് ഗതാഗതയോഗ്യമാക്കി മൂന്നാറിലെത്തിചേരുന്നതിനുള്ള നടപടി സ്വീകരിക്കുക.
2 ഇടമലയാറിലേക്കും പൂയംകുട്ടിക്കും പ്രധാനനഗരങ്ങളിൽനിന്നും ദീർഘദൂര ബസ്സർവീസുകൾ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തണം.
3. കുട്ടമ്പുഴയിൽനിന്നും ഇടമലയാർവരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
4. പെരിയാർജലസംഭരണികളിലും, ഇടമലയാർ ജലസംഭരണികളിലും കുറഞ്ഞനിരക്കിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുക.
5.മിതമായ നിരക്കിൽ താമസിക്കുന്നതിനും, നല്ല ഭക്ഷണം ലഭിക്കുന്നതിനു് ആവശ്യമായ ലോഡ്ജുകളും, ഹോട്ടലുകളും ഉണ്ടാവണം.
6. കുട്ടമ്പുഴ ഭാഗത്തുള്ള തുരുത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് തൂക്കുപാലങ്ങളും ഉദ്യാനങ്ങളും വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കണം.
7. ഇടമലയാറിലും പീണ്ടിമേട്ടിലും നിരീക്ഷണ ഗാലറികൾ നിർമ്മിക്കണം.
8. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എല്ലാ വർഷവും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ടൂറിസംമേള ആരംഭിക്കുക.
9. തട്ടേക്കാട് കേന്ദ്രമാക്കി ഒരു ജലോത്സവം സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകണം.
10. ടൂറിസ്റ്റുഗൈഡുകളെ പരിശീലിപ്പിക്കുക.
11. ടൂറിസ്റ്റ്മാപ്പിൽ പഞ്ചായത്ത് പ്രദേശം ഉൾപ്പെടുത്തുക.

## വ്യവസായം

### പ്രശ്നങ്ങൾ

1. ഈറ്റതൊഴിലാളികൾക്ക് വേതനം വളരെ

കുറവായതിനാൽ ഈ രംഗത്ത് തകർച്ചനേരി ടുന്നു.

2. ഗതാഗതസൗകര്യക്കുറവ് മൂലം വ്യവസായികൾ മുന്നോട്ട് വരുന്നില്ല.

3. തദ്ദേശീയ മുതൽ മുടക്കിന് സാദ്ധ്യത കുറവ്.

4. സാങ്കേതീകവിദക്തർ ഇല്ലാത്തത്.

5. വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ സേവനം ലഭ്യമല്ലാത്തത്.

## സാദ്ധ്യതകൾ

1. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണം.

2. ബാംബൂപ്ലൈക്ക് ആവശ്യമായ പനമ്പ് നെയ്യുന്നതിന് പരിശീലനം നൽകണം.

3. ഈറ്റക്കാടുകൾ സംരക്ഷിക്കുന്നതിന് ശാസ്ത്രീയരീതികൾ സ്വീകരിക്കണം.

4. പൾപ്പ് ഫാക്ടറി സ്ഥാപിക്കണം.

5. ദാരുശില്പ നിർമ്മാണംപ്രോത്സാഹിപ്പിക്കണം.

6. കറിപൗഡർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

7. റബ്ബർബാൻഡ് യൂണിറ്റ് ആരംഭിക്കണം.

8. ചകിരി ഉപയോഗിച്ച് ഉല്പന്നങ്ങളുടെ നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

9. മെഴുകുതിരി വ്യവസായം ആരംഭിക്കുക.

10. മിനറൽ വാട്ടർ യൂണിറ്റ് ആരംഭിക്കണം.

11. ഔഷധസസ്യങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

12. റബ്ബർ റീട്രേഡിംഗ് യൂണിറ്റ് ആരംഭിക്കണം.

13. ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണയൂണിറ്റ് ആരംഭിക്കണം.


14. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കണം

15. ഭക്ഷ്യസംസ്കരണ വ്യവസായം ആരംഭിക്കുക.

**" ഇന്ത്യക്കുവേണ്ടി നമുക്ക് ഇന്നിനെ ചരിഷ്കരിക്കാം. ഒത്തൊരുമിച്ച് വെല്ലുവിളികളെയും. പ്രതിസന്ധികളെയും. നേരിടാം.. കരുത്തുറ്റതും. മഹത്തരവുമായ ഇന്ത്യയെ പുനസൃഷ്ടിക്കാം.. ശാന്തിയുടേയും. സഹിഷ്ണുതയുടേയും. ജ്വാലകൾ നമുക്കൊരുമിച്ച് തെളിക്കാം. "**

രാജീവ് ഗാന്ധി

# ഗതാഗതവും ഊർജ്ജവും



# ഗതാഗതം, ഊർജ്ജം

വെള്ളത്താൽ ചുറ്റപ്പെട്ട ഒരു ഉപദ്വീപായ കുട്ടമ്പുഴ പഞ്ചായത്ത് യാത്രാക്ലേശം ഏറ്റവും അധികം അനുഭവിക്കുന്ന പ്രദേശമാണ്. പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡ് പഴയ ആലുവ മൂന്നാർ റോഡാണ്. ഇപ്പോൾ P.W.D രേഖകളിൽ കോതമംഗലം പെരുമ്പൻകുത്ത് റോഡ് (K.P) എന്നറിയപ്പെടുന്ന ഈ റോഡിന്റെ തട്ടേക്കാടുമുതൽ പെരുമ്പൻകുത്തുവരെയുള്ള 52 കി മീ. ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. 1800 കളിൽ കണ്ണൻദേവൻ തേയിലത്തോട്ടം തുടങ്ങിയപ്പോൾ ആലുവായിൽനിന്നും പെരുമ്പാവൂർ, കോതമംഗലം, തട്ടേക്കാട്, കുട്ടമ്പുഴ, പൂയംകുട്ടി, കുഞ്ചിയാർ, പെരുമ്പൻകുത്ത്, മാങ്കുളം വഴി മൂന്നാറിലേക്ക് രാജപാത നിർമ്മിച്ചു ഗതാഗതയോഗ്യമാക്കി. പൂഞ്ഞാർ രാജാവിന്റെ കാലത്ത് ജോൺ മൺറോ എന്ന ബ്രട്ടീഷ് എൻജിനീയറുടെ നേതൃത്വത്തിലാണ് ഈ റോഡ് നിർമ്മിച്ചതെന്ന് പറയപ്പെടുന്നു.

അന്നു തട്ടേക്കാടുകടവിൽ പെരിയാറിനു കുറുകെ വർഷകാലങ്ങളിൽ കുതിരവണ്ടി, കാളവണ്ടി, പോത്തുവണ്ടി എന്നിവ കടത്തുന്നതിന് "കുതിരക്കൂട്"എന്നറിയപ്പെട്ടിരുന്ന രണ്ട് വള്ളങ്ങൾ ബന്ധിച്ചുണ്ടാക്കിയ തുഴയുന്ന ചങ്ങാടമാണുണ്ടായിരുന്നത്. വേനൽകാലങ്ങളിൽ പെരിയാർ വറ്റുമ്പോൾ നടന്നു മറുകരയെത്തിയിരുന്നു. പിന്നീട് ബസ്സുകളുൾപ്പെടെയുള്ള വാഹനങ്ങൾ കയറ്റിയിറക്കുന്നതിന് കേവുഭാരം കൂടിയ "ജങ്കാർ" സർവ്വീസുകൾ P.W.Dആരംഭിച്ചു.

പെരിയാർവാലി ജലസേചനപദ്ധതി കമ്മീഷൻ ചെയ്തപ്പോൾ ജലവിതാനം ഉയരുകയും കുട്ടമ്പുഴപ്രദേശം പൂർണ്ണമായി ഒറ്റപ്പെടുകയും ചെയ്തു. എന്നാൽ എല്ലാവർഷവും കാലവർഷക്കാലത്ത് മെയിന്റനൻസിനുംമറ്റുമായി അണക്കെട്ടു തുറന്നുവിടുമ്പോൾ ജലവിതാനം താഴുകയും സർവ്വീസ് തടസ്സപ്പെട്ട് പ്രദേശവാസികൾ അനുഭവിക്കുന്ന യാത്രാക്ലേശം വിവരണാതീതമാണ്. ഈ കാലയളവിൽ നിത്യോപയോഗസാധനങ്ങളുടെ വില അന്യായമായി വർദ്ധിക്കുകയും കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടാതെ വരികയും ചെയ്യുന്നു. ഇതിന് ശാശ്വതമായ ഒരു പരിഹാരം തട്ടേക്കാട് ഒരു പാലം നിർമ്മിക്കുക എന്നുള്ളതാണ്.

## തുണ്ടം -പലവൻപടി -കുട്ടമ്പുഴ റോഡ്

പഞ്ചായത്തിലെ മറ്റൊരു പ്രധാന റോഡാണ് തുണ്ടം -പലവൻപടി റോഡ്. VIII, IX, X വാർഡുകളിലേ ജനങ്ങൾക്ക് പുറംലോകവുമായി ബന്ധപ്പെടുവാനുള്ള ഏക മാർഗ്ഗമാണിത്. K.S.E.B പൂയംകുട്ടി പദ്ധതിക്കവേണ്ടി ഈ റോഡ് ഏറ്റെടുക്കുകയും പലവൻപടി വരെ ടാർചെയ്ത് ഗതാഗതയോഗ്യമാക്കുകയും ചെയ്തു.

എന്നാൽ പദ്ധതി അവതാളത്തിലായപ്പോൾ പലവൻപടി മുതൽ കുട്ടമ്പുഴ വരെയുള്ള വഴി പൂർത്തിയാകാതെ വരികയും, നിലവിലുള്ള പലവൻപടിവരെയുള്ള മെയിന്റനൻസ് നടത്താത്തതിനാൽ കുണ്ടും കുഴിയുമായി കിടക്കുകയുമാണ്. K.S.E.Bയുടെ ഭൂതത്താൻകെട്ട് ഇടമലയാർ റോഡിന് 17 കി.മീ. ദൂരമുണ്ട്.

## നേര്യമംഗലം - തട്ടേക്കാട് റോഡ്

പഞ്ചായത്തിലെ ഏഴാം വാർഡായ

ഇഞ്ചത്തൊട്ടിയിലേക്കുള്ള ഏക മാർഗ്ഗമാണിത്. നേര്യമംഗലത്തുനിന്നാരംഭിച്ച് തട്ടേക്കാട് കടവിൽ അവസാനിക്കുന്നതുമായ റോഡിന് 15 കി മീ. ദൂരമുണ്ട്. ഇതിന്റെ 2 കി.മീ. ദൂരം J.R.Y സ്കീമിൽ ഉൾപ്പെടുത്തി മെറ്റൽ ചെയ്തിട്ടുണ്ട്. 2 കി. മീ. ദൂരംകൂടി മെറ്റൽചെയ്യുന്നതിന് അനുമതിയായിട്ടുണ്ട്. പെരിയാറ്റിലെ ജലവിതാനം താഴുമ്പോൾ ഭാരവണ്ടികൾ ഈ റോഡിൽകൂടിയാണ് കോതമംഗലത്തേക്കു പോകുന്നത്.

## 6-ാം മൈൽ -മാമലക്കണ്ടം റോഡ്

ദേശീയപാത 49 -ന്റെ 6-ാം മൈലിൽനിന്നും 12 കി. മീ. ദൂരമുള്ള മാമലക്കണ്ടത്ത് എത്തുന്നു. അവിടെനിന്നും എളബ്ലാശേരി, മേട്നാപ്പാറ ഗിരിജൻ കോളനികളിലേക്കും നീളുന്നു. പഞ്ചായത്തിലെ രണ്ടാം വാർഡിലെ ജനങ്ങൾക്കുള്ള മുഖ്യ ഗതാഗത മാർഗ്ഗമാണിത്.

## കുട്ടമ്പുഴ -പിണവൂർകുടി റോഡ്

പഞ്ചായത്തിലെ IV, V വാർഡുകളിലെ ജനങ്ങൾക്കുള്ള മുഖ്യ ഗതാഗതമാർഗ്ഗമാണിത്. പിണവൂർകുടി ഗിരിജനസെറ്റിൽമെന്റ് കോളനിയിലേക്കും, നിർദ്ദിഷ്ട പൂയംകുട്ടി പവ്വർഹൗസ് സെറ്റിലേക്കും എത്തിച്ചേരുന്ന ഈ റോഡിന് 8 കി. മീ. ദൂരമുണ്ട്. J.R.Y സ്കീമിൽ പെടുത്തി 2 കി. മീ. ടാറിംഗും 1 കി.മീ. മെറ്റലിംഗും നടത്തിയിട്ടുണ്ട്.

## ബ്ലാവന - കല്ലേലിമേട് റോഡ്

I-ാം വാർഡിലെ കുടിയേറ്റമേഖലയായ കല്ലേലിമേടിലേക്ക് എത്തിച്ചേരുന്നതിന് ബ്ലാവനയിൽനിന്നും കല്ലേലിമേട് വരെ 5 കി. മീ. ദൂരമുള്ള ടി റോഡ് വാർഡ് മെമ്പർ ശ്രീ. ജോയി ദേവസ്യയുടെ നേതൃത്വത്തിൽ പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നിർമ്മിച്ചതാണ്. നിരവധി ആധിവാസി കോളനികളുമായി ഈ റോഡ് ബന്ധപ്പെട്ടുകിടക്കുന്നു.

പഞ്ചായത്തിലൊട്ടാകെ 186 കി.മീ. റോഡുകളുള്ളതിൽ P.W.D 8 കി. മീറ്ററും പഞ്ചായത്തും ബ്ലോക്കും ചേർന്ന് 5 കി. മീറ്ററും K.S.E.B 30 കി. മീറ്ററും ടാർ ചെയ്തിട്ടുള്ളതാണ്. K.S.E.B 16 കി. മീറ്ററും പഞ്ചായത്തിന്റെ 5 കി. മീറ്ററും റോഡുകൾ മെറ്റൽ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 122 കി. മീ. ഗ്രാമീണറോഡുകളുമാണ്.

## പ്രശ്നങ്ങൾ

1. തട്ടേക്കാടുകടവിൽ പാലമില്ലാത്തതിനാൽ യാത്രാക്ലേശം പരിഹരിക്കാൻ കഴിയുന്നില്ല.
2. റോഡുകൾക്ക് ഓടകളില്ല.
3. സത്രപ്പടിമുതൽ റോഡിന് സംരക്ഷണഭിത്തിയില്ല.
4. ആവശ്യത്തിനു കലുങ്കുകളില്ല.
5. ആവശ്യത്തിനു വെയിറ്റിംഗ് ഷെഡ്ഡുകൾ ഇല്ല.
6. ടാക്സി സ്റ്റാന്റ് ഇല്ല.
7. മണികണ്ടം ചാലിൽ പൂയംകുട്ടിപ്പുഴക്ക് ചപ്പാത്തില്ല.
8. പഞ്ചായത്തിലെ മുഴുവൻ വാർഡുകളേയും തമ്മിൽ വന്ധിക്കുന്നതിനുള്ള റോഡുകളും പാലങ്ങളുമില്ല.
9. മാമലക്കണ്ടം വാർഡിൽനിന്നും പഞ്ചായത്താസ്ഥാനത്തേക്ക് നേരിട്ട് റോഡുകളില്ല.
10. തുണ്ടം പലവൻപടി റോഡ് ടാർ ചെയ്യാതെ കിടക്കുന്നു.
11. ആദിവാസികോളനികളിലേക്ക് യാത്രാസൗകര്യം വളരെ കുറവാണ്.

## സാദ്ധ്യതകൾ

1. തട്ടേക്കാട് കടവിൽ പാലം നിർമ്മിക്കണം.
2. സത്രപ്പടിമുതൽ കുട്ടമ്പുഴ ടൗൺവരെയുള്ള ഭാഗങ്ങളിൽപുഴയോരത്ത് റോഡിന് സംരക്ഷണഭിത്തി നിർമ്മിക്കണം.

3. കുട്ടമ്പുഴ ടൗണിൽ ഓടകളും കലുങ്കുകളും തീർത്ത് റോഡിന്റെ ഉപരിതലം ഉയർത്തണം.

4. കുട്ടമ്പുഴ പൂയംകുട്ടി റോഡ് ടാർ ചെയ്യണം.

5. കുട്ടമ്പുഴ പിണവൂർകുടി റോഡ് ബാക്കി ഭാഗംകൂടി ടാർ ചെയ്യണം.

6. കൂറ്റാമ്പാറ കുട്ടമ്പുഴ ഹരിജൻ കോളനി റോഡ് ടാർ ചെയ്യണം.

7. 6-ാംമൈൽ മാമലക്കണ്ടം റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം.

8. നേര്യമംഗലം ഇഞ്ചത്തൊട്ടി തട്ടേക്കാട് റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം.

9. മണികണ്ടംചാൽ ചപ്പാത്ത് നിർമ്മിക്കണം.

10. ബ്ലാവന ചപ്പാത്ത് നിർമ്മിക്കണം.

11. കുട്ടമ്പുഴ ഇടമലയാർ ഓഡ് ടാർ ചെയ്യണം.

12 തുണ്ടം പലവൻപടി റോഡ് മെയിന്റനൻസ് ചെയ്യണം.

13. ബ്ലാവന കല്ലേലിമേട് റോഡിൽ കലുങ്കുകളും ഓടകളും നിർമ്മിക്കണം.

14. കുട്ടമ്പഴ ഉരുളൻതണ്ണി ജംഗ്ഷനിൻ ടാക്സി സ്റ്റാന്റ് നിർമ്മിക്കണം.

15. പ്രധാന കേന്ദ്രങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകളും മൂത്രപ്പുരകളും നിർമ്മിക്കണം.

16. പഴയ ആലുവ മൂന്നാർ റോഡ് N.H. 49-ന്റെ ലിങ്ക് റോഡായി വികസിപ്പിക്കണം.

17. പൂയംകുട്ടി വെട്ടിയാങ്കൽപടി റോഡ് ഗതാഗതയോഗ്യമാക്കണം.

18. കീഴാലിപ്പടി ചെകുത്താൻമുക്ക് റോഡ് ഗതാഗതയോഗ്യമാക്കണം.

19. തലവച്ചപാറ, കുഞ്ചിപ്പാറ റോഡുകൾ ഗതാഗതയോഗ്യമാക്കണം.

20. കുറ്റ്യാഞ്ചാൽ, എൽ. പി. എസ് ആനക്കയം റോഡ് നൂറേക്കർ ആനക്കയം റോഡുമായി ബന്ധിക്കണം.

21. കുറ്റ്യാംചാൽ ചെങ്ങമനാട്ടുപടി റോഡ് ഗതാഗതയോഗ്യമാക്കണം. കൂവപ്പാറ ഫോറസ്റ്റ് റോഡ് സിറ്റിയുമായി ബന്ധിപ്പിക്കണം.

22. ക്ണാച്ചേരി റോഡുകൾ രണ്ടും പോസ്റ്റോഫീസ്പടി ഫോറസ്റ്റ് റോഡ് ഗതാഗത യോഗ്യമാക്കണം.

23. ഉരുളൻതണ്ണി 3-ാം ബ്ലോക്ക് വെയിറ്റിംഗ് ഷെഡ് പടി റോഡ് തുറക്കണം.

24. ഉരുളൻതണ്ണി മൂന്നാംബ്ലോക്ക് കോട്ടയിൽ തൊമ്മൻപടി ഫോറസ്റ്റ് റോഡ് വീതി കൂട്ടണം

25. കൂറ്റാമ്പാറ സൗത്ത് തരിശ് റോഡ് ഗതാഗതയോഗ്യമാക്കണം.

26. കള്ളിപ്പാറ കോളനിറോഡ് ഗതാഗതയോഗ്യമാക്കണം.

27. കൂറ്റാമ്പാറ തരിശ്പുളിഞ്ചുവട്കവല ഉരുളൻതണ്ണി റോഡ് ഗതാഗതയോഗ്യമാക്കുക.

28. തട്ടേക്കാട് ഹരിജൻകോളനി റോഡ് 4സെന്റ് കോളനിറോഡ്, കുഞ്ചിറക്കാട്ടുപടിറോഡ്, നെടുംപറമ്പിൽപടിറോഡ്, ഞായപ്പിള്ളി വർക്ക്ഷോപ്പ്പടി റോഡ്, എന്നിവ ഗതാഗതയോഗ്യമാക്കുകയും മോസ്ക് റോഡിന് സംരക്ഷണഭിത്തി കെട്ടുകയും ചെയ്യണം. തട്ടേക്കാട് പ്ലാന്റേഷൻ, കുരിശുപടി റോഡുകളും ഗതാഗതയോഗ്യമാക്കണം.

29. ഇഞ്ചത്തൊട്ടി 2ാം ബ്ലോക്ക് റോഡ് ഗതാഗതയോഗ്യമാക്കുക. 1,5 ബ്ലോക്കുകളിൽപെട്ട റോഡുകൾ പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുക.

30. വടാട്ടുപാറ മാർത്തോമാസിറ്റി, അമ്മാവൻസിറ്റി, ചക്കിമേട് പട്ടികജാതികോളനി റോഡ് ടാർടെയ്ത് ഗതാഗതയോഗ്യമാക്കണം.

31. പൊയ്ക സ്കൂൾപടി -അമ്മാവൻസിറ്റി റോഡ് ടാർ ചെയ്യണം.

32. പാർട്ടിഓഫീസ് പ്ലാന്റേഷൻ റോഡിന് കലുങ്കുകൾ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

33. ഇടമലയാർ വാർഡിലെ പാപ്പുട്ടിപ്പടി പ്ലാന്റേഷൻ റോഡിൽ ആവശ്യമായ കലുങ്കുകൾ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

34. ഇടമലയാർ താളുംകണ്ടം ഗിരിജൻ കോളനി റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.

35. പടാട്ടുപാറ പൊയ്ക പി. ഒ. ജംഗ്ഷൻ റോഡ് ഗതാഗതയോഗ്യമാക്കുക.

36. പൂയംകുട്ടിത്തണ്ട് കോളനി കീഴാലിപ്പടി റോഡ് ഗതാഗയോഗ്യമാക്കണം.

37. പൊയ്ക ക്ഷേത്രം റോഡ് ഗതാഗതയോഗ്യമാക്കണം.

38. എളമ്പ്ലാശ്ശേരി മാമലക്കണ്ടം റോഡിൽ പാലം നിർമ്മിക്കണം.

39. മാമലക്കണ്ടം കൊയ്നിപ്പാറ റോഡ് ഗതാഗതയോഗ്യമാക്കുക.

40. അട്ടിക്കളം മാമലക്കണ്ടം റോഡ് തുറക്കണം.

41. കല്ലടി -മാമലക്കണ്ടം റോഡിൽ കലുങ്ക് തീർക്കണം.

42. കമ്പിപ്പാലം മോസ്ക് ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കണം.

43. താലിപ്പാറ -മാമലക്കണ്ടം റോഡ് ഗതാഗതയോഗ്യമാക്കണം.

44. ഇഞ്ചത്തൊട്ടി -പാലമറ്റം ജംങ്കാർ സർവ്വീസ് ആരംഭിക്കണം.

45. കുട്ടമ്പുഴ -വടാട്ടുപാറ ജങ്കാർ സർവ്വീസ് ആരംംഭിക്കണം.

46. കുറ്റ്യാംചാൽ -കുറുക്ക് റോഡ് ഗതാഗതയോഗ്യമാക്കണം.



വികസനത്തിന്റെ പാതയിൽ
കൂവപ്പാറ അമ്പലംകുളിക്കടവ് റോഡിന്റെ നിർമ്മാണോൽഘാടനം
പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോയി കുര്യാക്കോസ് നിർവ്വഹിക്കുന്നു.

# ഊർജ്ജം

പഞ്ചായത്തിലെ 98% വീടുകളിലും വിറക് അടുപ്പാണ് പാചകത്തിന് ഉപയോഗിക്കുന്നത്. എൽ. പി. ജി. സ്റ്റൗ ഉപയോഗിക്കുന്ന വീടുകൾ 100ൽ താഴെ മാത്രമാണ്. വെളിച്ചത്തിന് മുഖ്യമായും മണ്ണെണ്ണവിളക്കുകളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിന്റെ 10ാം വാർഡായ ഇടമലയാറിൽനിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് വിവിധമേഖലകളിൽ വിതരണം ചെയ്യുമ്പോഴും ബഹുഭൂരിപക്ഷം പഞ്ചായത്തുനിവാസികൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. രണ്ടാം വാർഡായ മാമലക്കണ്ടത്ത് വൈദ്യുതി എത്തിയിട്ടേ ഇല്ല. പഞ്ചായത്തിലാകെ വൈദ്യുതി ലഭിച്ചവരുടെ എണ്ണം രണ്ടായിരത്തിൽ താഴെ മാത്രമാണ്.താഴെ ചേർത്തിരിക്കുന്ന പട്ടിക കാണുക.

| ക്രമനമ്പർ | കണക്ഷൻ ലഭിച്ചവ | എണ്ണം | അപേക്ഷകർ | എണ്ണം |
|---|---|---|---|---|
| 1 | ഗാർഹികം | 1960 | ഓർഡിനറി | 102 |
| 2 | വ്യാപാരം | 221 | ഒ.വൈ.ഇ.സി | 40 |
| 3 | കാർഷികം | 56 | ഒ. ടി. പി | 12 |
| 4 | വ്യവസായികം | 11 | | |
| | ആകെ | 1978 | ആകെ | 154 |

പഞ്ചായത്തിലൊട്ടാകെ 55 ബൾബുകളും ഒരു ട്യൂബ്ലൈറ്റുമാണ് വഴിവിളക്കായി സ്ഥാപിച്ചിട്ടുള്ളത്. ഇതു കണക്കിലെടുത്ത് മാമലക്കണ്ടം ഒഴികെയുള്ള 7 വാർഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കാൻ പഞ്ചായത്തു തീരുമാനിക്കുകയും നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

പഞ്ചായത്തിൽ 27 കി.മീ. 11 കെ.വി. ലൈനും 142 കി.മീ. എൽ. ടി. ലൈനും വലിച്ച് 11 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചാണ് വൈദ്യുതി വിതരണം നടത്തിവരുന്നത്.

ഇനിയും വൈദ്യുതി എത്താത്ത മാമലക്കണ്ടം, മണികണ്ടൻചാൽ, കൂറ്റാമ്പാറ ഹരിജൻകോളനി, കീഴാലിപ്പടി, കല്ലേലിമേട്, കൂവപ്പാറ തെക്കേത്തണ്ട്, കറ്റ്യാഞ്ചാൽ ഹരിജൻകോളനി, അട്ടിക്കളം ഹരിജൻകോളനി മിനിമം ഗ്യാരണ്ടി വച്ചിട്ടുള്ള നൂറേക്കർ ക്ലാച്ചേരികോളനി, കള്ളിപ്പാറകോളനി, തട്ടേക്കാട് 4 സെന്റ് കോളനി, മുതലായവയാണ്.

തട്ടേക്കാട്, മണിമരുതുംചാൽ, ഇഞ്ചത്തൊട്ടി, ചക്കിമേട് എന്നീ പട്ടികജാതികോളനികളാണ് പഞ്ചായത്തിൽ വൈദ്യുതീകരിച്ചിട്ടുള്ളത്.

എന്നാൽ പഞ്ചായത്തിലെ 14 ഗിരി

ജൻകോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. വെള്ളാരംകുത്ത് ഗിരിജൻകോളനി, വൈദ്യുതീകരിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു. പൂയംകുട്ടിയിൽനിന്നും 1.2 കി. മീ. 11 കെ വി വലിച്ച് വെള്ളാരംകുത്ത് കവലയിൽ 100 കി. വാട്ട് ട്രാൻഫോർമർ സ്ഥാപിച്ച് 2 കി. മീ. എൽ. ടി ലൈനും (3 ഫേസ് ) 2 കി. മീ. സിംഗിൾ ഫേയ്സ് ലൈനും വലിച്ച് ടി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശം. ഇതിലേക്ക് 897739 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

മാമലക്കണ്ടം വൈദ്യുതീകരിക്കുന്നതിന് പഴമ്പിള്ളിച്ചാലിൽനിന്നും 9 കി. മീ. 11 കെ വി ലൈനും 8 കി. മീ. 3 ഫെയ്സും 5 കി. മീ. സിംഗിൾ ഫെയ്സ് ലൈനും 3 ട്രാൻസ്ഫോർമറുകളും വേണ്ടിവരുന്ന ടി പദ്ധതിക്ക് ഉദ്ദേശം 32 ലക്ഷം രൂപ മതിപ്പുചെലവു പ്രതീക്ഷിക്കുന്നു. ഈ പദ്ധതിമൂലം എളബ്ലാശ്ശേരി മേട്നാപ്പാറ എന്നീ പട്ടികവർഗ്ഗകോളനികൾക്കും മാമലക്കണ്ടം പട്ടികജാതികോളനിക്കും വൈദ്യുതി ലഭിക്കുന്നതാണ്.

നാലാം വാർഡിന്റെ ഭാഗമായ പെണ്ണൂർകുടിയിൽ വൈദ്യുതീകരിക്കുന്നതിന് 5 കി. മീ. 11 കെ.വി ലൈനും 3 കി.മീ. 3 ഫേസും 3 കി.മീ. സിംഗിൾഫേസും 1 ട്രാൻസ്ഫോർമറും വേണ്ടിവരും. ആയതിന് ഉദ്ദശം 13 ലക്ഷം രൂപ മതിപ്പ് ചിലവാകുന്നതാണ്. ക്ണാച്ചേരി കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് 1.5 കി. മീ. 3 ഫേസ് ലൈനും 1 കി.മീ. സിംഗിൾ ഫേസും മതിയാകും ആയതിന് 2.5 ലക്ഷം രൂപ ചെലവാകുമെന്നു കണക്കാക്കുന്നു.

താളുംകണ്ടം ഗിരിജൻകോളനിയിൽ 100 കെ.വി. യുടെ ട്രാൻസ്ഫോർമറും 3 ക. മീ. എൽ. ടി ലൈനും വലിച്ചാൽ വൈദ്യുതി ലഭ്യമാക്കാം.

മറ്റു ഗിരിജൻ കോളനികളിൽ വൈദ്യുതി എത്തിക്കുക ദുഷ്കരമാണ്. ഇവിടെ സൗരോർജ്ജവിളക്കുകളാണ് അഭികാമ്യം.

## പ്രശ്നങ്ങൾ

1. 11 കെ.വി ലൈൻ നൂറോളം കി.മീ. ചുറ്റിവളഞ്ഞെത്തുന്നതുകൊണ്ട് വൈദ്യുതി തകരാർ കൂടുതലാണ്.
2. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
3. വൻതോതിലുള്ള പ്രസരണനഷ്ടം.
4. യഥാസമയം മാറ്റിസ്ഥാപിക്കാത്ത വഴിവിളക്കുകൾ
5. വൈദ്യുതിയുടെ അനാവശ്യ ഉപയോഗം.
6. അപ്രഖ്യാപിത പവ്വർ കട്ട്
7. പ്രവർത്തിക്കാത്തമീറ്ററുകളും അമിതമായ അഡീഷണൽ ബില്ലും.
8. അടിക്കടിയുണ്ടാകുന്ന വൈദ്യുതി അപകടങ്ങൾ.

## സാദ്ധ്യതകൾ


1. ഇടമലയാർ പദ്ധതിയുടെ ആവശ്യത്തിലേക്കായി സ്ഥാപിച്ച 66 കെ. വി. സബ്സ്റ്റേഷനും 11 കെ. വി. ലൈനും നിലവിലുണ്ട്. പ്രസ്തുത ലൈനുപയോഗിച്ച് വടാട്ടുപാറയിലേക്ക് വൈദ്യുതിനൽകുന്നുണ്ട്. എന്നാൽ ടി സബ്സ്റ്റേഷനിൽനിന്നും ഇടമലയാർകോളനിയിലേക്കു മാത്രമാണ് ഇപ്പോൾ വൈദ്യുതി നൽകുന്നത്. ടി സബ്സ്റ്റേഷനും ടി 11 കെ. വി. ലൈനും ഉപയോഗപ്പെടുത്തി ഇടമയാറിൽനിന്ന് വടാട്ടുപാറയിളേക്കും അവിടെനിന്ന് കുട്ടമ്പുഴ 11 കെ. വി. ലൈൻ വലിച്ചും വൈദ്യുതി നൽകണം.
2. കൂടുതൽ ശേഷിയുള്ള ട്രാൻഫോർമറുകൾ കൂടുതലെണ്ണം സ്ഥാപിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.
3. ടച്ചിംഗുകൾ യഥാകാലം വെട്ടിമാറ്റുക.
4. കുട്ടമ്പുഴയിൽ സബ് എൻജിനീയർ ഓഫീസ് അനുവദുക്കുക.
5. വൈദ്യുതി എത്തിക്കാൻ കഴിയാത്ത ട്രൈബൽകോളനികളിൽ സൗരോർജ്ജവിളക്കുകൾസ്ഥാപിക്കുകയും അനർട്ടിന്റെ സേവനം

പ്രയോജനപ്പെടുത്തുകയും ചെയ്യുക.
6. ഗോബർഗ്യാസ് പ്ലാന്റുകൾ പ്രചരിപ്പിക്കുക.
7. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുകയും ആവശ്യമായ ബോധവത്കരണം നടത്തുകയും ചെയ്യുക.
8.മാമലക്കണ്ടം വാർഡിൽ വൈദ്യുതി എത്തിക്കുക.
9. പഞ്ചായത്തിൽ എൽ. പി. ജി കണക്ഷനുകൾ അനുവദിക്കുക.
10. മാമലക്കണ്ടത്ത് കൊയ്നിപ്പാറയിൽ കാറ്റാടിയന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക.
11. ഉരുളിക്കുഴി, മാട്ടുമെട്ടുകുത്ത്, കൊടുമ്പിരിക്കുത്ത് എന്നീ സ്ഥലങ്ങളിൽ ചെറുകിട ജലവൈദ്യുതപദ്ധതികൾ നടപ്പാക്കുക
12. കേരളത്തിന്റെ വൈദ്യുതക്ഷാമം പരിഹരിക്കാനുതകുന്ന പൂയംകുട്ടി ജലവൈദ്യുതപദ്ധതി നടപ്പിലാക്കുക.
13. വഴിവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് സപ്ലൈ ചെയ്യുകയും പഞ്ചായത്ത് നേരിട്ട് പ്രവർത്തിക്കുകയും ചെയ്യണം.
14. ഉപഭോക്താക്കൾക്ക് ഗുണകരമായ സ്പോട്ട് ബില്ലിംഗ് ഏർപ്പെടുത്തണം.
15. കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പ് ഉപയോഗം പ്രചരിപ്പിക്കണം.
16. വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് ബോധവല്കരണം നടത്തണം.

**" ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ പണിയെടുത്തു ജീവിച്ചെങ്കിൽ ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു. "**

ഗാന്ധിജി.

# പാർപ്പിടവും സാമൂഹ്യക്ഷേമവും



# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

ക്രിസ്തുവിനു മുമ്പ് അയ്യായിരവും, ഏഴായിരവും വർഷങ്ങൾ പഴക്കമുള്ള സംസ്കാരത്തിൽ ഹാരപ്പയിലും മോഹഞ്ചതാരോയിലും ചുടുകട്ടകൊണ്ട് നിർമ്മിച്ച വീടിന്റെ അവശിഷ്ടങ്ങൾ ചരിത്രരേഖകളായി ലോകത്തിനുകാണിച്ചുകൊടുത്ത ആർഷഭാരതത്തിൽ താമസിക്കുവാൻ ഒരുവീട് എന്ന സ്വപ്നം ഭാരതീയന്റെ സംസ്കാരത്തിന്റെ മുഖമുദ്രകൂടിയാണ്.

23,000 ത്തോളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ 95/96-ലെ കണക്കുകൾ അനുസരിച്ച് 7796 വീടുകളാണുള്ളത്. പഴയകൂട്ടുകുടുംബസമ്പ്രദായത്തിൽനിന്നും മാറിയാണ് കുടുംബങ്ങൾ ഏറെയും. ഏതാണ്ട് മൂന്നാൾക്ക് ഒരുവീട് എന്ന നിലയിലാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 4197 എണ്ണം ഓട് മേഞ്ഞ വീടുകളാണ്. 3466 എണ്ണം ഓലകൾകൊണ്ട് മേഞ്ഞവയും 216 കോൺക്രീറ്റ് കെട്ടിടങ്ങളും 143 മറ്റുള്ള കെട്ടിടങ്ങളും ആണുള്ളത്. ഇനിയും സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ ഏറെയുണ്ട്. കഴിഞ്ഞ 5 വർഷത്തെ വളർച്ചാനിരക്കുകൾ സൂചിപ്പിക്കുന്നത് വർഷംതോറും 100ൽ കൂടുതൽ വീടുകൾ വർദ്ധിക്കുന്നു എന്നുള്ളതാണ്

| വർഷം | വീടുകളുടെ എണ്ണം |
|---|---|
| 1991-92 | 7401 |
| 1992-93 | 7496 |
| 1993-94 | 7562 |
| 1994-95 | 7698 |
| 1995-96 | 7796 |

കേരളത്തിലെമറ്റു പഞ്ചായത്തുകളിൽനിന്നും വ്യത്യസ്തമായി നമ്മുടെ പഞ്ചായത്തിന് വളരെ പ്രത്യേകതകൾ ഉണ്ട്. ഭൂമിശാസ്ത്രപരമായി വെള്ളത്താലും വനത്താലും ചുറ്റപ്പെട്ടു കിടക്കുന്നതുമൂലം ജനങ്ങൾ വളരെയധികം കഷ്ടപ്പെടുന്നു. ഈ പഞ്ചായത്തിൽ പതിനാലോളം ഗിരിജൻ കോളനികളിലായി 900ത്തോളം ആദിവാസികുടുംബങ്ങൾ ഉണ്ട്. ഇതിൽ ഭൂരിഭാഗവും പുരാതനരീതിയിലുള്ള ജീവിതനിലവാരവും താമസസൗകര്യങ്ങളുമാണ് നിലവിലുള്ളത്.

വീടുകൾ നിർമ്മിച്ച് നൽകുന്നതിനും ആദിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമുള്ള ഗവ. ഏജൻസികളുടെ പ്രവർത്തനം ഒട്ടും തന്നെ തൃപ്തികരമല്ല. യാത്രായൗകര്യങ്ങളുടെ കുറവ് നിയമപരമായ തടസ്സങ്ങൾ കുറ്റകരമായ അനാസ്ഥ തുടങ്ങിയ സാഹചര്യങ്ങൾ ആദിവാസി ഭവനനിർമ്മാണത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

ചിലവുകുറഞ്ഞവീടുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനങ്ങളോ വേണ്ടത്ര ധനസഹായങ്ങളോ കിട്ടുന്നില്ല . കോൺക്രീറ്റ് കെട്ടിടങ്ങളാണ് ജനങ്ങൾ കൂടുതൽ താല്പര്യം കാണിക്കുന്നത് കെട്ടിടനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ പഞ്ചായത്തിൽ പലസ്ഥലങ്ങളിലും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഹോളോബ്രിക്സ്, കോൺക്രീറ്റ് കട്ടിള, ജനൽ, വെന്റിലേറ്റർ മുതലായവയാണ് ഇവ. കൂടാ സിമന്റിഷ്ടികയുടെ നിർമ്മാണവും ഊർജ്ജിതപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഇവകൊണ്ടാണ് വീടുകൾ അധികവും നിർമ്മിക്കുന്നത്. ചെങ്കല്ല് 3,5,6,8,9 വാർഡുകളിൽ സുലഭമാണ്. ചുടുകട്ട നിർമ്മാ

ണം പഞ്ചായത്തു പ്രദേശത്ത് എങ്ങുംതന്നെ യില്ല.

വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ 20 ഉം 30 ഉം കിലോമീറ്റർ അകലെ കോതമംഗലത്തുപോയി കൊണ്ടുവരുന്നതിന് തട്ടേക്കാട് കടത്തു കടവിലെ അമിതമായ ക ടത്തുകൂലിയും കെട്ടിടനിർമ്മാണത്തിന് വിഘാതം നിൽക്കുന്നു.

കൂടാതെ ഭൂരിഭാഗം കുടുംബങ്ങൾക്കും കൈവശഭൂമിയ്ക്ക് പട്ടയം ഇല്ലാത്തതുമൂലം ബാങ്ക്വായ്പ്പ എടുക്കുന്നതിനോ ഭവന നിർമ്മാണ വായ്പകൾ ലഭ്യമാക്കുന്നതിനോ കഴിയുന്നില്ല.

നിലവിലുളള വീടുകളിൽ അധികവും കക്കൂസുകൾ ഇല്ലാത്തതുമൂലം ആരോഗ്യപര മായ പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു. പഞ്ചാ യത്തിൽ നിരവധി പട്ടികജാതി വർഗ്ഗകോളനി കൾ ഉണ്ടെങ്കിലും കെട്ടിടങ്ങളോ മറ്റുസൗകര്യ ങ്ങളോ ജീവിതസാഹചര്യങ്ങളോ ഇല്ല, കുടി വെളളം, ഗതാഗതം, വൈദ്യുതി, കക്കൂസ് മുതലായ സൗകര്യങ്ങൾ ഒന്നും ഒട്ടുമിക്ക കോള നികളിലുമില്ല.

## പ്രശ്നങ്ങൾ

1. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുളള ഒരു പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ട് തന്നെ കെട്ടിട നിർമ്മാണം വളരെ ശ്രമകരമാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അഭൂതപൂർവ്വമായ വിലകയറ്റം, തൊഴിലാളികളുടെ കുറവ്, വായ്പ കിട്ടുന്നതിനുളള ബുദ്ധിമുട്ട് ഇവയെല്ലാമാണ് പ്രധാനപ്രശ്നങ്ങൾ.
2. കോളനികളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒന്നുമില്ല.
3. ഫോറസ്റ്റ് നിയമങ്ങളിലെ തടസ്സങ്ങൾ.
4. ചിലവ് കുറഞ്ഞ വീടുകളെ സംബന്ധിച്ചുളള അറിവില്ലായ്മ.
5. വിവിധ ഹൗസിംഗ് സ്കീമുകളെ സംയോജിപ്പിക്കുന്നില്ല.
6. കൈവശക്കാർക്ക് മുഴുവനും പട്ടയമില്ല.
7. ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം ഇല്ലായ്മ.

## പരിഹാരങ്ങൾ

1. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക, തട്ടേക്കാട് കടവിൽ പാലം നിർമ്മിക്കുക.
2. വാസയോഗ്യമായ വീടില്ലാത്ത മുഴുവൻ പേർക്കും വീട് നിർമ്മിക്കുന്നതിനുളള ധനസഹായം ഏർപ്പെടുത്തുക.
3. നിലവിലുളള ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുക.
4. ചെലവ് കുറഞ്ഞ വീടുകളെകുറിച്ച് ബോധവൽക്കരണം നടത്തുക. "നിർമ്മിതി കേന്ദ്ര" പോലുളള ഏജൻസികളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലേയ്ക്ക് വ്യാപിപ്പിക്കുക.
5. ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. നടപടിക്രമങ്ങൾ ലഘൂകരിക്കുക.
6. വനത്തിനുള്ളിൽ കിടന്ന് നഷ്ടപ്പെട്ടുപോകുന്ന കോടികണക്കിന് രൂപയുടെ തടി ഭവനനിർമ്മാണആവശ്യത്തിലേയ്ക്ക് പ്രാദേശിക തലത്തിൽ ലേലം ചെയ്തുകൊടുക്കുന്നതിന് വന നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുക.
7. ഭവനനിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ കൂടുതലായി ഇവിടെത്തന്നെ നിർമ്മിച്ച് നൽകുന്നതിന് താല്പര്യമുളള ഏജൻസികൾക്കും വ്യക്തികൾക്കും ധനസഹായം ചെയ്തുകൊടുക്കുക.
8. പട്ടയമില്ലാത്ത മുഴുവൻ കൈവശ ഭൂമിയ്ക്കും പട്ടയം നൽകുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുക.
9. ആദിവാസി മേഖലകളിൽ ഭവനങ്ങൾ നിർമ്മിച്ചുനൽകുന്നതിനുളള മേൽനോട്ടം സന്നദ്ധ സംഘടനകളെ ഏൽപ്പിക്കുക. പൊതുജന പങ്കാ

ളിത്തം ഉറപ്പു വരുത്തുക.

10. പുറം പോക്കിൽ കിടക്കുന്നവരെ പുനരധിവസിപ്പിക്കുക. പൂയംകുട്ടി കുട്ടമ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ കോളനികൾ സ്ഥാപിക്കുക.

11. ചിലവ് കുറഞ്ഞ വിടുകളുടെ നിർമ്മാണരീതി പ്രോത്സാഹിപ്പിക്കുകയും, നിർമ്മാണ തൊഴിലാളികൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്യുക.

## പഞ്ചായത്തിലെ വാസയോഗ്യമായവീടുകളുടെ സ്ഥിതി വിവരം

| ഒന്നിൽ കൂടുതൽ നിലകളുള്ളത് | കോൺക്രീറ്റ് | ഓട് മേഞ്ഞത് | ഓല മേഞ്ഞത് | ആകെ | | | |
|---|---|---|---|---|---|---|---|
| 20 | 216 | 2472 | 2384 | 5092 | | | |

അവലംബം: 1991 ലെ സെൻസസ്

## ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം നൽകിയ വീടുകളുടെ കണക്ക്

| ഒന്നിൽ കൂടുതൽ നിലകളുള്ളത് | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | ആകെ |
|---|---|---|---|---|---|---|---|
| J.R.Y | 15 | 6 | 30 | 6 | 7 | 20 | 84 |
| UNTAID | - | - | - | - | 15 | | |

| ഒന്നിൽ കൂടുതൽ നിലകളുള്ളത് | 91-92 | 92-93 | 93-94 | 94-95 | 95-96 | 96-97 | ആകെ |
|---|---|---|---|---|---|---|---|
| M.W.H. | 5 | 10 | - | - | 25 | | |
| J.R.Y | 8 | 5 | - | - | 1 | | |
| I.A.Y | - | - | 2 | 17 | 17 | 23 | |
| ആകെ | 1 | | | | | | |

# സംസ്ക്കാരം



# സംസ്കാരം

പ്രകൃതി ദേവി കനിഞ്ഞുനൽകിയ സൗന്ദര്യത്തിന്റെ തികവാണ് കുട്ടമ്പുഴ കുണുങ്ങി ഒഴുകുന്ന കുഞ്ഞരുവികളും, ഹരിതാഭ മങ്ങാത്ത കാനനവും ഈ നാടിന്റെ ചാരുതയ്ക്ക് മാറ്റു കൂട്ടുന്നു. കുട്ടമ്പുഴയുടെ വിരിമാറിലൂടെ ശാന്തമായൊഴുകുന്ന പുഴ ഈ ഗ്രാമത്തിന്റെ ചൈതന്യമായി നിലകൊളളുന്നു. പല പുഴകൾ കൂടി ചേർന്നൊഴുകുന്ന കൂട്ടുപുഴയാണ് കുട്ടമ്പുഴയായത് എന്ന് അനുമാനിക്കുന്നു.

പ്രധാനമായും മദ്ധ്യതിരുവിതാംകൂറിന്റെ വിവിധമേഖലകളിൽ നിന്നും കുടിയേറി പാർത്തവരാണ് ഇന്ന് കുട്ടമ്പുഴയിൽ അധിവസിക്കുന്നവർ കുടിയേറ്റ മേഖലയായ കുട്ടമ്പുഴയിലേയ്ക്ക് കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്നുളളവർ ഇപ്പോഴും വാസസ്ഥലം തേടിയെത്തുന്നു. വളക്കൂറുളള മണ്ണും നല്ലകാലാവലാവസ്ഥയുമാകാം ഇപ്പോഴും തുടരുന്ന ഈ കുടിയേറ്റത്തിന് നിദാനം. വിസ്തൃതമായി കിടക്കുന്ന ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി ധാരാളം ആദിവാസികൾ അധിവസിക്കുന്നു. മന്നാന്മാർ, മുതുവാന്മാർ, മലങ്കുടികൾ മുതലയ ആദിവാസികൾ ഈ പഞ്ചായത്തിലെ ജനതയുടെ 12 ശതമാനത്തോളം വരും. വിവിധ പ്രദേശങ്ങളിൽ നിന്നും കടന്ന് വന്നവരാകയാൽ ഒരു ഏകീകരിച്ച ജീവിതരീതിയും സംസ്ക്കാരവുമല്ല പഞ്ചായത്തി ൽ നിലനില്ക്കുന്നത്.

ക്രൈസ്തവർ, ഹിന്ദുക്കൾ, മുസ്ലീംങ്ങൾ തുടങ്ങിയ വിവിധമതസ്ഥർ പരസ്പരം കൈകോർത്ത് മതസഹിഷ്ണതയോടെ ജീവിച്ചുപോരുന്നു. ക്രൈസ്തവരിൽ കത്തോലിക്കർ, മാർത്തോമക്കാർ, പൊന്തിക്കോസ്തുകാർ തുടങ്ങിയവരും. ഹിന്ദുക്കളിൽ നമ്പൂതിരി, നായർ, ഈഴവർ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മറ്റ്പിന്നോക്കകാരും, മുസ്ലിം സമുദായത്തിലെ എല്ലാ അവാന്തര വിഭാഗക്കാരും ഇവിടെ അധിവസിക്കുന്നു. ക്രൈസ്തവർക്ക് 27 പള്ളികളും, ഹിന്ദുക്കൾക്ക് 16 അമ്പലങ്ങളും, മുസ്ലീംങ്ങൾക്ക് 3 മുസ്ലീം ദേവാലയങ്ങളും കൂടാതെ ആദിവാസികളായ മുതുവാൻ വിഭാഗക്കാർക്ക് അവരുടെ ഓരോ കടികളിലും ( കോളനികളിലും) ഓരോ അമ്പലങ്ങളുമുണ്ട്.

വിവിധ നാമധേയങ്ങളിൽ സ്ഥാപിതമായിട്ടുളള ക്രൈസ്തവദേവാലയങ്ങളിൽ ആണ്ടുതോറും തിരുന്നാളാഘോഷങ്ങൾ നടത്താറുണ്ട്. ഇതിൽ കുറ്റ്യംചാൽ, ( നാഗപ്പുഴ മാതാവിന്റെ നാമധേയത്തിലുളള പളളിയിൽ സെപ്റ്റംബർ ഒന്നു മുതൽ എട്ടുവരെ തീയതികളിൽ നടക്കുന്ന എട്ടുനോമ്പാചരണവും, പെരുന്നാളും, പ്രദക്ഷിണവും ധാരാളം ആളുകളെആകർഷിക്കുന്നു. ക്രൈസ്തവരോടൊപ്പം തന്നെ പെരുന്നാൾ നടത്തിപ്പിൽ പങ്കാളികളായും, പെരുന്നാൾ ചടങ്ങുകളിൽ, പ്രദക്ഷിണം ഉൾപ്പെടെ, സജീവമായി, ഭക്തിപുരസരം പങ്കെടുക്കുകയും ചെയ്യുന്നത് ഈ നാട്ടിൽ നിലനില്ക്കുന്ന മതസൗഹാർദ്ദത്തിന്റെ ഉത്തമോദാഹരണമാണ്. കുറ്റ്യംചാലിൽ, വിശുദ്ധഗീവർഗീസ് സഹദായുടെ നാമധേയത്തിൽ സ്ഥാപിതമായിട്ടുളള യാക്കോബായ പളളിയിൽ എല്ലാവർഷവും ഏപ്രിൽ 22,23 തീയതികളിൽ പെരുന്നാളിനോടനുബന്ധിച്ച് നേർച്ച സദ്യ നടത്തിവരുന്നു.

ക്ഷേത്രങ്ങളിൽ തട്ടേക്കാട് ശിവക്ഷേത്രം പൊയ്ക മഹാദേവക്ഷേത്രം, കൂവപ്പാറ ഭഗവതി ക്ഷേത്രം, മാമലക്കണ്ടം ഇളംപ്ലാ

ശ്ശേരി ക്ഷേത്രം, പുതിയതായി പ്രതിഷ്ഠനടത്തിയ ഉരുളൻ തണ്ണി പാറമേൽ ഭഗവതി ക്ഷേത്രം എന്നിവ കൂടുതൽ പ്രാധാന്യമർഹിക്കുന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് തകർന്നടിഞ്ഞുപോയ ക്ഷേത്രവും, ക്ഷേത്രക്കുളങ്ങളും മനുഷ്യന്റെ രണ്ടാം വരവോടുകൂടി പൊയ്കയിൽ പുനരാരംഭിച്ചിട്ടുണ്ട്. ശില്പചാതുര്യമാർന്ന ക്ലാച്ചേരി ഭഗവതി ക്ഷേത്രം നൂറ്റാണ്ടുകൾക്ക് മുൻമ്പ് തകർന്നടിഞ്ഞിട്ടുളളതാണെന്ന് മനസിലാക്കുവാൻ കഴിയും. വനങ്ങളിൽ കാണുന്ന കല്ലുകയ്യാലയും, അതിലും പഴക്കമേറിയ മുനിയറകളും വിവിധ പ്രദേശങ്ങളിൽ കാണപ്പെടുന്നത്, പൊയ്പ്പോയ മാനവികതയുടെ ശേഷിച്ച ദൃഷ്ടാന്തങ്ങളാണ്.

പെരിയാറിന്റെ തീരത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന തട്ടേക്കാട് ശിവക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവും അതോടനുബന്ധിച്ച് സത്രപടിമുതൽ തട്ടേക്കാട് വരെ നടത്തപ്പെടുന്ന ഗജവീരൻമാരുടെ അകമ്പടിയോടെയുളള ഘോഷയാത്രയിൽ വളരെയധികം ആളുകൾ പങ്കെടുക്കുന്നതും ജനശ്രദ്ധാകർഷിക്കുന്നതാണ്. ക്ഷേത്രങ്ങളിൽ ബഹുജനപങ്കാളിത്തത്തോടെ കമ്മറ്റികൾ രൂപീകരിച്ച് ഉത്സവങ്ങൾ നടത്തിവരുന്നു. ഉത്സവങ്ങളോടനുബന്ധമായി സാംസ്ക്കാരിക സമ്മേളനങ്ങളും കലാപരിപാടികളും നടത്തിവരുന്നു. മണ്ഡലമഹോത്സവനാളുകളിൽ മണ്ഡലപൂജയും നടന്നുവരുന്നു.

മുസ്ലീം ദേവാലയങ്ങളിൽ നബിദിനം, റംസാൻ, ഈദുൽഹിത്തർ തുടങ്ങിയുളള പെരുന്നാളുകൾ നടക്കുന്നുണ്ട്.

പഞ്ചായത്തിൽ 3 S.N.D.P. ശാഖകളും അവയ്ക്ക് ഗുരുമന്ദിരങ്ങളുമുണ്ട്. ചിങ്ങമാസത്തിൽ ഗുരുദേവ ജയന്തിയും, ചതയദിനാഘോഷവും, കന്നി അഞ്ചിന്റെ ഗുരുദേവസമാതിയും , ആണ്ടുതോറും നടന്നുവരുന്നുണ്ട്. മതസൗഹാർദ്ദം നിലനിൽക്കുന്ന കുട്ടമ്പുഴ പഞ്ചായത്തിൽ ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും സർവ്വവിധ മതസ്ഥരും പങ്കെടുക്കുകയും പരസ്പരം സഹായിക്കുകയും ചെയ്തുപോരുന്നു.

നാടിന്റെ പൊതുപ്രശ്നങ്ങളെ ഒറ്റക്കെട്ടായി നേരിടുന്നതിൽ ഇവിടുത്തെ ജനത ഒരുപടി പിന്നോക്കം പോകുന്നു. ആയതിന്റെ പരിണത ഫലമാവാം പഴയ രാജവീഥിയായിരുന്ന ആലുവ മൂന്നാർ റോഡിന്റെ ഇപ്പോഴത്തെ ദയനീയാവസ്ഥയും, സ്വപ്നം മാത്രമായി മാറികൊണ്ടിരിക്കുന്ന തട്ടേക്കാട് പാലവും.

**ലൈബ്രറികളും, വായനശാലകളും**

വിജ്ഞാനദാഹികളായ ഒരുകൂട്ടം ചെറുപ്പക്കാർ മുൻകൈയ്യെടുത്ത് അറുപതുകളിൽ കുട്ടമ്പുഴ പബ്ലിക് ലൈബ്രറി എന്നപേരിൽ ഒരെണ്ണം കുട്ടമ്പുഴയിലും ബസന്ത് തീയറ്റേഴ്സ് ആന്റ് റിക്രിയേഷൻ ക്ലബ് എന്നപേരിൽ ഞായപ്പിള്ളിയിലും പ്രവർത്തനമാരംഭിച്ചു പക്ഷേ ഏറേക്കാലം അതുരണ്ടും തുടർന്നുപോയില്ല. ശേഷം 1977 ൽ കുറ്റിയാംചാൽ കേന്ദ്രീകരിച്ച് ചലഞ്ചേഴ്സ് ലൈബ്രറി എന്നപേരിൽ ഒരു ലൈബ്രറി ആന്റ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് പ്രവർത്തനമാരംഭിച്ചു. ഉത്തരവാദിത്വബോധമുളള അംഗങ്ങളുടെയും സേവനതല്പരരായ പ്രവർത്തകരുടെയും അഭാവം മൂലം ഇപ്പോഴും ഇതിന്റെ പ്രവർത്തനം മരവിച്ചുകിടക്കുന്നു.

1989 ൽ കുട്ടമ്പുഴയിൽ കുട്ടമ്പുഴ പഞ്ചായത്ത് ലൈബ്രറി ഗവ. സഹായത്തോടെ ആരംഭിച്ചു. ആയിരക്കണക്കിനു പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും ഇന്ന് കുട്ടമ്പുഴ പഞ്ചായത്തിലുണ്ട്. തുടർന്നു പഞ്ചായത്തു ലൈബ്രറികൾ ഓരോന്നുവീതം മാമലക്കണ്ടത്തും, വടാട്ടുപാറയിലും ആരംഭിച്ചു. ഇവയോടെല്ലാം അനുബന്ധിച്ച് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനുളള വായ

നശാലകളുമുണ്ട്. ഇവയുടെ മൂന്നിന്റെയും പ്രവർത്തനം തൃപ്തികരമല്ല. ലൈബ്രറി അംഗങ്ങളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനുള്ള താല്പര്യക്കുറവ് നിലനില്ക്കുന്നു. ഈ ലൈബ്രറികൾക്കൊന്നിനും ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷനോ, മറ്റ് ജനാധിപത്യപരമായ പ്രവർത്തനങ്ങളോ, തിരഞ്ഞെടുപ്പോ നടക്കുന്നില്ല. കുട്ടമ്പുഴയിൽ പഞ്ചായത്താഫീസിനോട് ചേർന്നുള്ള സാംസ്ക്കാരികനിലയത്തിലാണ് ലൈബ്രറി പ്രവർത്തിക്കുന്നത്. സാംസ്ക്കാരികനിലയത്തിൽ T.V. സെറ്റുള്ളതുകൊണ്ട് വായനശാലയിൽ വരുന്നവർക്ക് സ്വസ്ഥമായി , ഏകാഗ്രതയോടെ വായിക്കുവാൻ കഴിയാതെ വരുന്നു. ആകയാൽ സാംസ്ക്കാരികനിലയത്തിൽ വച്ചിരിക്കുന്ന T.V. സെറ്റ് ഗ്രാമപഞ്ചായത്ത് ഒരു പൊതുസ്ഥലം കണ്ടെത്തി അങ്ങോട്ടുമാറ്റി T.V. പ്രേക്ഷകരെയും, വായനക്കാരെയും സഹായിക്കേണ്ടതുണ്ട്. കഴിഞ്ഞ രണ്ടുവർഷമായി പഞ്ചായത്തു ലൈബ്രറികളിൽ പുതിയ പുസ്തകങ്ങൾ എടുക്കാത്തത് വായനക്കാരെ നിരുത്സാഹപ്പെടുത്തുന്നു. പഞ്ചായത്തു ലൈബ്രറികളുടെ പ്രവർത്തനം തിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു. കുത്തഴിഞ്ഞ പുസ്തകങ്ങൾ അടിയന്തിരമായി ബൈന്റ് ചെയ്യേണ്ടതുണ്ട്.

ലൈബ്രറികളിൽ വായനക്കാരുടെ എണ്ണം വളരെ കുറഞ്ഞുവരുന്നു. സ്ത്രീകൾ വളരെ കുറവ് മാത്രമേ വായനശാലയും, ലൈബ്രറിയും പ്രയോജനപ്പെടുത്തുന്നുള്ളൂ. വിദ്യാഭ്യാസം കഴിഞ്ഞ് തൊഴിലന്വേഷിക്കുന്നവരും, വിദ്യാർത്ഥികളുമാണ് ഒരു പരിധി വരെ വായനശാലയും, ലൈബ്രറിയും പ്രയോജനപ്പെടുത്തുന്നത്. നോവലുകളാണ് ഏറ്റവുമധികം വിതരണം ചെയ്യപ്പെടുന്നത്. താരതമ്യേന വിദ്യഭ്യാസം കുറഞ്ഞ ഈ മേഖലയിലെ സ്ത്രീകൾ മംഗളം, മനോരമ മുതലായ വാരികകളാണ് കൂടുതലായി വായിക്കാറുള്ളത്.

വാർഡടിസ്ഥാനത്തിൽ അംഗൻവാടികൾ കേന്ദ്രീകരിച്ച് വായനശാലകളാരംഭിച്ചാൽ സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്. മറ്റൊന്നു വീടുകൾ തോറും പുസ്തകം എത്തിച്ചുകൊടുക്കുന്ന ഒരു സ്കീം നടപ്പിലാക്കിയാൽ ക്രമേണവായനാശീലം മെച്ചപ്പെടുത്തിയെടുക്കുവാൻ കഴിയും.

സ്കൂളുകളിൽ ചെറുതും വലുതുമായ ലൈബ്രറികൾ ഉണ്ടെങ്കിലും പുസ്തക വിതരണം പരമാവധി ഒരു വർഷം ഒന്നോ രണ്ടോ മാത്രമാണ്. പ്രാദേശികമായിട്ട് കൈയ്യെഴുത്ത് മാസികകളോ പ്രസിദ്ധീകരണങ്ങളോ ഒന്നുംതന്നെയില്ല. സ്കൂളുകളിലും മുൻകാലത്തുണ്ടായിരുന്ന കൈയ്യെഴുത്തു മാസികകൾ അന്യം നിന്നുപോയിരിക്കുന്നു. പഞ്ചായത്തിന്റെ വകയായിട്ട് കുട്ടമ്പുഴയിലും മാമലകണ്ടത്തും ഓരോ സാംസ്ക്കാരിക നിലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് സാംസ്ക്കാരികമായി ഒത്തുകൂടുന്നതിനും, ആവശ്യമായ ഒരു കമ്മ്യൂണിറ്റിഹാൾ ഇവിടെയില്ല. ആയതുകൊണ്ട് പഞ്ചായത്തുകേന്ദ്രത്തിൽ തന്നെ അടിയന്തിരമായി ഒരു കമ്മ്യൂണിറ്റിഹാൾ പണിയേണ്ടതുണ്ട്

## ആദിവാസി സംസ്ക്കാരം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ

ആദിവാസികളെക്കുറിച്ച് മേൽ സൂചിപ്പിച്ചിട്ടുള്ളതാണ്. 14 കുടികളാണ് പഞ്ചായത്ത് പ്രദേശത്തുള്ളത്. ഇന്ന് ജനങ്ങൾ അധിവസിക്കുന്ന പലപ്രദേശങ്ങളും മുൻപ് ആദിവാസികൾ കൈവശപ്പെടുത്തി അനുഭവിച്ച് പോന്നിരുന്നതാണ്.

ഇന്നും തനതായ സംസ്ക്കാരം നില

നിർത്തികൊണ്ടുപോകുന്ന ഒരു അവികസിത ഗിരിവർഗ്ഗമേഖലയായി ഈ പ്രദേശത്ത് ആദിവാസികുടികൾ നിലകൊള്ളുന്നു. ആദിവാസികൾ തുടർന്നുപോരുന്ന ഒരുപ്പൂ കൃഷി ( വനം വെട്ടിത്തെളിച്ച് ഒരു കൃഷി മാത്രം ചെയ്യുന്നരീതി) നിത്യഹരിതവനങ്ങളുടെ ശേഷിക്കുന്ന ആയുസും നഷ്ടപ്പെടുത്തുന്നു. അജ്ഞതയാണ് ഈ മഹാവിപത്തിന്റെ കാരണക്കാരൻ.

വനവിഭവങ്ങൾ ശേഖരിക്കുന്നതിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും പങ്കാളികളാകുന്നു. പുരുഷന്മാർ തേൻ, തെള്ളി, പത്രിപ്പൂവ് മുതലായവകൾ ശേഖരിക്കുമ്പോൾ, സ്ത്രീകൾ കൂവ, ശതാവരി, നറുനേണ്ടി തുടങ്ങിയവും ശേഖരിക്കുന്നു. കുഞ്ഞുങ്ങളെ മാറാപ്പുപോലെ പുറത്തുകെട്ടിയിട്ട് (ചേലയിൽ) വിറകുവെട്ടുന്ന കാഴ്ച സാധാരണജനങ്ങളെ പ്രത്യേകിച്ച് മാതൃഹൃദയങ്ങളെ അമ്പരപ്പിക്കുന്നതാണ്.

ഇവരുടെ പ്രധാനകൃഷികൾ നെല്ല്, ( വിരിപ്പു കൃഷി) കറുമ്പുല്ല്, ചോളം,തെന എന്നിവയാണ്. ഏലം കൃഷി ചെയ്യുന്നവരും, കപ്പ, ചേമ്പ് മുതലായവ കൃഷി ചെയ്യുന്നവരും ഇവരുടെ ഇടയിലുണ്ട്. എന്നാൽ നാട്ടുകാരുമായി കൂടുതൽ സമ്പർക്കമുള്ള മേഖലകളിൽ തെങ്ങും, റബറും, അടയ്ക്കാമരവും, കുരുമുളകും പ്ലാന്റ് ചെയ്തുവരുന്നു. നിലവിലുള്ള നിത്യ ഹരിത വനങ്ങളെ സംരക്ഷിക്കേണ്ടതിനും, ആദിവാസികൾക്ക് സ്വന്തമായി ഭൂമിയും, നിത്യവരുമാനങ്ങളും, ദേഹണ്ഡങ്ങളും ഉണ്ടാകുന്നതിനും, ഇവരെ അതതു കുടികളിൽ ശാസ്ത്രീയമയ കൃഷി രീതികൾ പരിശീലിപ്പിക്കേണ്ടതുണ്ട്.

രോഗം വന്നാൽ ആശുപത്രികളിൽ പോകാതെ പച്ചമരുന്നുകൾകൊണ്ടുള്ള ഒറ്റമൂലികൾ മാത്രം പ്രയോഗിച്ചുപോന്നിരുന്ന ഇവരിൽ ചുരുക്കമായെങ്കിലും ഇപ്പോൾ ആശുപത്രി ഉപയോഗിച്ചുപോരുന്നു.

വിത്തുകിളയ്ക്കുമ്പോഴും, കല്ല്യാണം കഴിക്കുമ്പോഴും തേൻ എടുക്കുന്ന സീസണിലും ഇവർ ലിപികളില്ലാത്ത പാട്ടുകൾ താളാത്മകമായി പാടുന്നു. കല്ല്യാണ സമയത്തു പാടുന്ന ആശപ്പാട്ടുകൾ കാമോദ്ദീപകമാണ്. ആഘോഷങ്ങൾക്ക് പൊതുവായി 'സാകൽ' എന്നു പറയുന്നു. സ്വാമീയൂട്ട് വളരെ വിശേഷപ്പെട്ട ഒരു ഉൽസവമാണ്. വിരിപ്പുകൃഷിക്ക് മുൻമ്പ് നടത്തപ്പെടുന്ന ഈ ഉത്സവം കുട്ടികളിൽ ആഹ്ലാദത്തിമർപ്പിന്റെ കാലമാണ്. ഓരു പാത്രത്തിൽ നിന്നും ഒന്നിച്ചു ഭക്ഷിക്കുന്ന ഇവരുടെ ആഘോഷവേളയിലെ ഭക്ഷണരീതി ആധുനീക ജനതയെ പ്പോലും കോരിത്തരിപ്പിക്കുന്നതാണ്. വിരിപ്പുകൃഷികഴിഞ്ഞ് കരിപ്പൊങ്കൽ ചെറിയ ആഘോഷമായി കൊണ്ടാടുന്നു.

ഓരോ കുടികളിലും ഓരോ ചാവടിയും പുരകളുമുണ്ട്. മാതാപിതാക്കളുടെ കൂടെനിന്നുമാറി തന്നെ കിടക്കാറാകുമ്പോൾ അത്തരത്തിലുള്ള കുട്ടികൾ ചാവടിപുരയിൽ ഒത്തുകൂടുന്നു. പുറമേനിന്നു കിടിയിൽ വരുന്നവർക്കും ചാവടിപുരയാണ് ആശ്രയം. ഓരോ കുടിയിലും ഓരോ അമ്പലങ്ങൾ നിർബന്ധമാണ്. സ്ത്രീകൾ പുഷ്പിണി ആകുമ്പോൾ ( തീണ്ടാരി ) വാലാമപ്പുരയിൽ പ്രത്യേകം താമസിക്കുന്നു. അങ്ങനെയുള്ള സമത്ത് പുരുഷന്മാരെ കാണരുതെന്നാണ് വിശ്വാസം. ഇന്നും തുടരുന്ന ആദിവാസിക്കുടികളിലെ വാലാമകൾ (വാലാമപ്പുരകൾ ) ആദിവാസി സ്ത്രീകളുടെ നരകമാണ്.

### വിവാഹരീതി

ആദിവാസികളുടെ വിവാഹരീതി പ്രത്യകം ശ്രദ്ധേയമാണ്. ഇന്നും മാറ്റങ്ങളില്ലാതെ തുടരുന്ന ഇവരുടെ തനതായ സാംസ്കാരിക

പൈതൃകം ഇവരുടെ വിവാഹച്ചടങ്ങുകളിൽ നമുക്ക് ദർശ്ശിക്കാം. പെണ്ണുകാണൽ എന്ന ആധുനീക ജനതയുടെ സംസ്കാരം ഇവരുടെ കുടികളിലും മാറ്റമില്ല. എന്നാൽ വിവാഹം വളരെ പ്രത്യേകതയുള്ളതാണ്. ചെറുക്കനും തോഴിമക്കാരും കൂട്ടുകാരി പെണ്ണിനെ പോയി കാണുന്നു. സ്വന്തം കുടികളിൽ നിന്നും ഇവർ വിവാഹം ചെയ്യാറില്ല. വിവാഹം നിശ്ചയം ചെയ്തിരിക്കുന്ന ആഴ്ചയിൽ ചെറുക്കനും തോഴ്മക്കാരും പെണ്ണിനെ കെട്ടുവാൻ വരുന്നു. ആളുകൾ താമസിക്കുന്ന കുടിയിലേക്ക് വരന്റെ ആളുകൾ പ്രവേശിക്കുന്നതോടെ ആശപ്പാട്ട് പാടുന്നു. ഈ പാട്ടുകേട്ട് വധുവിന്റെ വീട്ടുകാർ വരവേൽക്കാനൊരുങ്ങുന്നു. വധുവിനുള്ള ചേലയും, വള,കമ്മൽ, മുത്തുമാല എന്നിവയെല്ലാം വരന്റെ ആളുകൾ കൊണ്ടുചെല്ലുന്നു. ആശപ്പാട്ടു കഴിഞ്ഞ് പെണ്ണിന്റെ തോഴ്മക്കാർ പെണ്ണിനെ കാട്ടിൽ കൊണ്ടുപോയി ഒളിപ്പിക്കുന്നു. ഇത് ചെറുക്കനും തോഴ്മക്കാരും കണ്ടുപിടിക്കുന്നു. വളരെ ഗൗരവമായി , വിദഗ്ദ്ധമായി ഇവർ ഒളിച്ചുകളിക്കുന്നു. വരനെയും കൂട്ടരെയും കൂടുതൽ കബളിപ്പിക്കാൻ വധുവും തോഴ്മക്കാരും മത്സരിക്കുന്നു. ഈ ഒളിച്ചുകളി ചിലപ്പോൾ ദിവസങ്ങളോളം നീണ്ടുപോകാറുണ്ട്.

പെണ്ണിനെ കണ്ടുപിടിച്ചുകഴിഞ്ഞാൽ ചെറുക്കന്റെ തോഴമക്കാരിലൊരാൾ പെണ്ണിനെ വരന്റെ കയ്യിലേൽപ്പിക്കുന്നു. അപ്പോൾതന്നെ ചെറുക്കന്റെയും പെണ്ണിന്റേയും മുണ്ടുകൾ പരസ്പരം കൂട്ടികെട്ടുന്നു. തോഴ്മക്കാർ വിവരം കിടിയിലുള്ളവരെ അറിയിക്കുന്നതോടൊപ്പം ചെറുക്കനേയും പെണ്ണിനേയും വരവേൽക്കാൻ കുടിയിലുള്ളവർ ഒരുങ്ങുന്നു. ആദ്യം മഞ്ഞൾ ഇടിച്ചുപിഴിഞ്ഞ് വധൂവരൻമാരുടെ ദേഹത്തുപുരട്ടുന്നു. വിവാഹത്തിൽ പങ്കെടുത്ത മുഴുവനാളുകളുടെയും ദേഹത്ത് മഞ്ഞളും, ചാണകവും, ചെളിയും ചേർന്ന മിശ്രിതം പുരട്ടുന്നു. കുടിയിലുള്ള മുഴുവൻ വീടുകളിലും ആശപ്പാട്ടുപാടി വധൂവരൻമാർ കയറിയിറങ്ങുന്നു. ഇതിന് ചാറ്റൽ എന്നു പറയും. ആദ്യം വധുവിന്റെ വീട്ടിലാണ് ചടങ്ങ്. മൂന്നാം ദിവസംവരന്റെ കുടിയിലേക്ക് സംഘം പോകുന്നു. അവിടെയും ചാറ്റലും സദ്യയും നടത്തുന്നു.

പ്രസവരീതി വളരെയധികം പ്രാകൃതവും പൈശാചികവുമാണ്. പ്രസവ സമയമാകുമ്പോൾ ഗർഭിണിയേയും വളരെ പ്രായംകുറഞ്ഞ ഒരു പെൺകുട്ടിയേയും വാലാമാപ്പുരയിലാക്കുന്നു. മറ്റുസ്ത്രീകൾ വാലാമാപ്പുരയ്ക്കു കാവൽ നിൽക്കുന്നു. പ്രസവശേഷം ഈറയുടെ പൊളി ഉപയോഗിച്ച് പൊക്കിൾക്കൊടി സ്വയം മുറിച്ച് മാറ്റുന്നു. പ്രസവിച്ച സ്ത്രീതന്നെ നെല്ലുകുത്തി കഞ്ഞിവെച്ച് കഴിക്കണം. കൂടെ നിൽക്കുന്ന കുട്ടി ഇതെല്ലാം കണ്ടുപഠിക്കണം. വീണ്ടും പുഷ്പിണി ആകുന്നതുവരെ അവിടെതന്നെ കഴിയണം. പിന്നെ ഒഴുക്കുള്ള വെള്ളത്തിൽ കുട്ടിയുമായി കുളിച്ചു ശുദ്ധിയായി സ്വന്തം വീട്ടിലേക്ക് പോകുന്നു. ഇപ്പോൾ ചുരുക്കം ചിലരെങ്കിലും ആശുപത്രികളെ ആശ്രയിച്ചുതുടങ്ങി.

### മരണം.

മരിച്ചുകഴിയുമ്പോൾ ചുറ്റുമിരുന്ന് ഇവർ കരയുന്നു ജീവിച്ചിരുന്നപ്പോൾ ടിയാൻ ചെയ്തിട്ടുള്ളതും, സംഭവിച്ചിട്ടുള്ളതുമായ കാര്യങ്ങൾ എണ്ണിപ്പെറുക്കി കരയുന്ന ഇവർ ഇടക്ക് ആഹാരവും കഴിക്കാറുണ്ട്. മൃതുദേഹത്തിന്റെ വായിൽ ചോറു, വെറ്റയും, ചാക്കും വച്ചുകൊടുക്കും. കുടിയുമായി വളരെ അകലത്തിലായിരിക്കും " നൊള്ളിക്കാട് " (ശ്മശാനം) മറവുചെയ്യാൻ പോകുമ്പോൾ വഴിയിൽ ഈറപ്പൊളി ഇട്ടു പോകുന്നു. മരിച്ചആളുടെ ആത്മാവ് തിരിച്ചെത്താതിരിക്കാനാണ് ഈറപ്പൊളി വഴിയിലിടുന്നത് എന്നാണ് ഇവരുടെ വിശ്വാസം. കുഴി

ച്ചിട്ടുകഴിഞ്ഞാൽ ശവം മണ്ണിട്ടുമൂടാതെ ഈറ്റ ഇലയും കമ്പുകളും വെച്ച് മറവുചെയ്യുന്നു. ഇപ്പോൾ കുട്ടികളെയും മറ്റും മറവുചെയ്യുന്ന തിനായി മണ്ണിട്ടുമൂടുന്ന രീതിയും ആരംഭിച്ചി ട്ടുണ്ട്. മറവുകഴിഞ്ഞ് മൂന്നാം ദിവസം മറവുസദ്യ നടത്താറുണ്ട്.

## കായികസംസ്ക്കാരം

കായികസംസ്ക്കാരത്തെക്കുറിച്ച് പറ യുമ്പോൾ പഞ്ചായത്തുവകയായി മൂന്ന് കളി സ്ഥലങ്ങൾ ഉണ്ട്. (1) വടാട്ടുപാറയിൽ ഓപ്പൺ എയർ തീയറ്റർ (2) മിനിസ്റ്റേഡിയം വടാട്ടുപാറ (3) വിശാലമായ ഫുട്ബോൾ കോർട്ട് വടാ ട്ടുപാറ. ഞായപ്പിള്ളി 4 സെന്റ് കോളനിയി ലുള്ള ഒരു ചെറിയ കോർട്ട് കൂടാതെ പഞ്ചാ യത്തിന്റെ ഓരോ വാർഡുകളിലും, പുറമ്പോക്ക് സ്ഥലത്തും, സ്കൂൾ പള്ളി തുടങ്ങിയവയുടെ മുറ്റത്തും കളിസ്ഥലങ്ങൾ ഉണ്ട്. ഫുട്ബോൾ ആണ് ഇവിടുത്തെ ആളുകൾക്ക് കൂടുതൽ താല്പര്യമെങ്കിലും ടി.വി. യുടെ അതിപ്രസരം മൂലം ക്രിക്കറ്റ് ആ സ്ഥാനം കൈയ്യടക്കികൊ ണ്ടിരിക്കുന്നു. നല്ല കായിക അദ്ധ്യാപകരുടെ അഭാവവും, സേവനതാല്പര്യമില്ലായ്മ യുമാണ് ഇവിടുത്തെ കായിക അധഃപതന ത്തിന് മുഖ്യകാരണം.

# മറ്റു സാമൂഹ്യസാംസ്ക്കാരിക പ്രവർത്തനങ്ങൾ

ധർമ്മഗിരി വികാസ് സെന്ററിനുകീ ഴിൽ പ്രവർത്തിക്കുന്ന വികാസും സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ പങ്കാളി കളാകുന്നുണ്ട്. ഓണാഘോഷത്തോടനുബ ന്ധിച്ച് കുട്ടമ്പുഴ ടൗൺ കേന്ദ്രീകരിച്ച് കലാ കായിക മൽസരങ്ങൾ കാർഡ്, വികാസ് എന്നി വനടത്താറുണ്ട്.

## ക്രിസ്ത്യൻ ഏജൻസി ഫോർ റൂറൽ ഡെവലപ്മെന്റ് (CARD)

മാർത്തോമ്മ സഭയുടെ ഔദ്യോഗിക വികസന വിഭാഗമാണ് CARD ഗ്രാമപ്രദേശ ങ്ങളിൽ സാമ്പത്തികസാമൂഹ്യ പിന്നോക്കാവ സ്ഥയിലുള്ള ജനങ്ങളുടെ ഉദ്ധാര ണത്തി നായിതദ്ദേശീയജനകീയസംഘടനകളെ ഉത്തേ ജിപ്പിക്കുവാനായി കാർഡ് കഴിഞ്ഞ നാലു വർഷമായി പ്രവർത്തിച്ചുവരികയാണ്.
ഗ്രാമവികസനസമിതിയിൽകൂടിപ്രദേശത്തിന്റെ പൊതുവായ വികസനത്തിനുംമഹിളാസമാജം, യുവജനസംഘടന, ബാലസമാജം എന്നിവ യിൽകൂടി സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായും പരിശ്രമിക്കുന്നു. ചർച്ചാ ക്ലാസ്സുകൾ, ബോധവത്കരണക്ലാസ്സുകൾ, ബാലവാടി, തയ്യൽസെന്റർ, ട്യൂഷൻ സെന്റർ എന്നിവ കൂടാതെ വ്യക്തികൾക്ക് വീട് നിർമ്മി ക്കുവാനും കക്കൂസ് നിർമ്മിക്കുവാനും, സ്വയംതൊഴിൽവഴി വരുമാനം വർദ്ധിപ്പിക്കു വാനും CARD സഹായിക്കുന്നുണ്ട.കഴിഞ്ഞ വർഷങ്ങളിൽ'കാർഡ്" നടത്തിയ ഘോഷയാ ത്രയിൽ പഞ്ചായത്തിലെ വിവിധ തരക്കാരായ ആയിരക്കണക്കിനാളുകൾ പങ്കെടുത്തിരുന്നു. ഘോഷയാത്രയിൽ നിശ്ചല ദൃശ്യങ്ങളും, വാ ദ്യോപകരണങ്ങളും, കേരളത്തിന്റെ സാംസ്കാ രികതനിമ നിലനിർത്തുന്ന ദൃശ്യവതരണങ്ങ ളും മത്സരബുദ്ധിയോടെ നടത്തപ്പെടുന്നു. അ ടുത്തകാലം മുതൽ വികാസും കലാ കായിക മൽസരങ്ങൾ ഓണാഘോഷത്തോടനുബന്ധി ച്ച് നടത്തിവരുന്നുണ്ട്. വിവിധക്ലബുകളുടെ ഓണാഘോഷമത്സരങ്ങളിൽ ചീട്ടുകളി ഒരു പ്രധാന ഇനമാണ്.

## യവനികആർട്ട്സ് സൊസൈറ്റി

പഞ്ചായത്തിലെ 1,3,4,5,6 വാർഡുകൾ കേന്ദ്രീകരിച്ച് യവനികആർട്ട്സ് സൊസൈ റ്റി എന്ന ഒരു ഫൈൻ ആർട്ട്സ് സൊസൈ റ്റിയും പ്രവർത്തിക്കുന്നു. 1988ൽ പ്രവർത്തനമാ

രംഭിച്ച സംഘടനയിൽ 102 ലൈഫ് മെമ്പർ മാരും 150 മേൽ വാർഷിക അംഗങ്ങളും ഉണ്ട്. ഓരോവർഷവും നാലോ, അഞ്ചോ പ്രൊഫ ഷണൽ നാടകങ്ങളും നടത്തിപ്പോരുന്നു. കൂടാതെ നിർദ്ധനരായ കുട്ടികൾക്കും (എൽ.പി. സ്കൂളിലെ) സ്കൂൾ യൂണിഫോമുകൾ വിത രണം ചെയ്തുപോരുന്നു. കുട്ടമ്പുഴ ഗവഃഹൈ സ്കൂളിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന രണ്ട് കുട്ടികൾക്കും യാസിന്റെ മെമ്പറൻമാരിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നരണ്ട് കുട്ടികൾക്കും ക്യാഷ് അവാർഡു കൾ നൽകിപ്പോരുന്നു. വിജ്ഞാനോത്സവ വിജയികൾക്കും സമ്മാനങ്ങൾ നൽകാൻ സഹാ യിച്ച് പോരുന്നു.

പഞ്ചായത്തിലെ സാധാരണ ജന ങ്ങൾക്ക് കുറഞ്ഞചെലവിൽ വിനോദസൗ കര്യംനൽകുന്നതിന് ഏക ആശ്രയം കുട്ട മ്പുഴയിൽ പ്രവർത്തിക്കുന്ന മയൂര തീയറ്ററാ ണ്. ഈ തിയേറ്ററിൽ കലാമൂല്യമുള്ള ചിത്ര ങ്ങൾ പ്രദർശിപ്പിക്കുന്നു എന്ന് ഗ്രാമപഞ്ചായ ത്തിന് ഉറപ്പുവരുത്താൻ കഴിഞ്ഞാൽ ഏറെ നന്നായിരിക്കും.

പഞ്ചായത്തിന്റെ വിവിധമേഖലകളിൽ കരാട്ടേ പരിശീലനം വിജയകരമായി നടക്കു ന്നുണ്ട്.തദ്ദേശവാസികളായ ഇൻസ്ട്രക്ടർമാ രാണ് പരിശീലകർ. കളരി, ജിംനേഷ്യം,ഹെൽ ത്ത്ക്ലബ്ബ്,യോഗ തുടങ്ങിയവയൊന്നും പഞ്ചാ യത്തിലേക്ക് എത്തിച്ചേർന്നിട്ടില്ല. ലോക്കൽടീ മുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഫുട്ബോൾമ ത്സരം,വോളീബോൾമത്സരം എന്നിവ പഞ്ചാ യത്തിന്റെ വിവിധമേഖലകളിൽ നടക്കുന്നു ണ്ട്. ഓണാഘോഷത്തിന്റെ ഭാഗമായി പഞ്ചാ യത്തിന്റെ വിവിധ മേഖലകളിൽ കലാകായി കമത്സരങ്ങൾ, വടംവലി എന്നിവ നടക്കാറു ണ്ട്. ഞായപ്പിള്ളി "നാസ്" വടംവലി പ്രത്യേകമായി നടത്തിവരുന്നത് വളരെയധി കം ജനശ്രദ്ധയാകർഷിക്കാറുണ്ട്. പൊതുവെ എല്ലാ കായികരംഗത്തും കരുത്തരായ താര ങ്ങളുണ്ടെങ്കിലും ഇവരെ ശാസ്ത്രീയമായി വളർത്തിയെടുത്ത് പഞ്ചായത്തിന് തന്നെ ഒരു മുതൽക്കൂട്ടാക്കിയെടുക്കുവാൻ ഇനിയും വൈകിക്കൂടാ.

## പ്രശ്നങ്ങൾ.

1. ഗ്രന്ഥശാലകളിൽ പുതിയ പുസ്തകങ്ങൾ ലഭ്യമല്ല.
2. പ്രവർത്തനം കാര്യക്ഷമമല്ല.
3. വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവ പരമാവധി പ്രയോജനപെടുത്തുന്നില്ല.
4. സാംസ്കാരികനിലയത്തോടനുബന്ധിച്ചുള്ള വായനശാലകളിൽ വച്ചിരിക്കുന്ന ടി.വി. സെറ്റ് വായനക്കാരുടെ സ്വസ്ഥതയും ഏകാഗ്രതയും നഷ്ടപെടുത്തുന്നു.
5. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്ര സരം വായനാശീലം കുറയ്ക്കുന്നു.
6. ഗ്രന്ഥശാലകളിൽ ജനാധിപത്യപരമായ തിരെ ഞ്ഞെടുപ്പുകൾ നടക്കുന്നില്ല.
7. ഗ്രന്ഥശാല സംഘത്തിൽ അഫിലിയേഷ നില്ല. 8. കായീക പരിശീലകരെ ലഭ്യമല്ല.

സാധ്യതകൾ.

1. വാർഡടിസ്ഥാനത്തിൽ അംഗൻവാടികൾ തോറും വായനശാലകൾ ആരംഭിക്കുക.
2. ഉള്ള ലൈബ്രറികളിൽ കൂടുതൽ പുസ്തക ങ്ങൾ വാങ്ങുക.
3. പുസ്തകവായനക്കാരുടെ ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുക.
4. വായിച്ചപുസ്തകങ്ങളുടെ നിരൂപണ മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുക.
5. പുതിയതായി പൊതു റേഡിയൊ, ടി.വി.സെറ്റ് സ്ഥാപിക്കുക.
6. കുട്ടമ്പുഴ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ടി.വി.സെറ്റ് വായനാശാല യുടെ സൗകര്യാർത്ഥം ഒരു പുതിയ പൊതു സ്ഥലത്തേക്ക് മാറ്റിവയ്ക്കുക.
7. എല്ലാ സ്കൂളുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുകയും കായീകാധ്യാപകരെ നിയമി ക്കുകയും ചെയ്യുക.
8. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സമിതികളുടെ പ്രത്യേക

രജിസ്റ്റർ പഞ്ചായത്താഫീസിൽ സൂക്ഷിക്കുകയും ജനകീയസമിതികൾ ഇടപെടുകയും ചെയ്യുക.

9. കുട്ടമ്പുഴ പഞ്ചായത്താസ്ഥാനം കേന്ദ്രീകരിച്ച് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

10. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സമിതികൾക്ക് പ്രോത്സാഹനവും ഗ്രാന്റനുവദിക്കുകയും ചെയ്യുക.

11. കുട്ടമ്പുഴയിൽ ഒരു ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കുക.

12. പഞ്ചായത്തടിസ്ഥാനത്തിൽ സാംസ്കാരീക വളർച്ചക്ക് നൃത്തവും സംഗീതവും വാദ്യോപകരണങ്ങളും ശാസ്ത്രീയമായി പഠിപ്പിക്കുന്നതിന് ഒരു പഠനകേന്ദ്രം ആരംഭിക്കുക.

13. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുക. വീടുകളിൽ പുസ്തകമെത്തിച്ചുകൊടുക്കുന്ന ഒരു സ്കീം കൊണ്ടുവരികയും ചെയ്യുക.

14. പ്രാദേശികമായിട്ട് കൈയെഴുത്തുമാസികകൾ ആരംഭിക്കുക.

15. നാടൻപാട്ടുകൾ,ഐതീഹ്യങ്ങൾ ഇവരേഖപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുക.

16. ഗ്രന്ഥാലയങ്ങളിൽ കൂടുതൽ കൃത്യനിഷ്ഠ പാലിക്കുക.

17. ടി.വി.യുടെ അതിപ്രസരം കുട്ടികളുടെ വളർച്ചയെയും, പുരോഗതിയെയും ദോഷകരമായി ബാധിക്കുന്നെങ്കിൽ കുട്ടുകളെ നിയന്ത്രിക്കുന്നതിൽ രക്ഷാകർത്താക്കൾ കൂടുതൽ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.

18. പഞ്ചായത്തടിസ്ഥാനത്തിൽ നടക്കുന്ന കലാകായിക മത്സരങ്ങൾക്ക് വാർഡുകളുടെ പങ്കാളിത്തം ഉറപ്പാക്കുക.

19. സ്കൂളുകളിൽ കലാകായിക മത്സരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാർഷികങ്ങൾ നടക്കുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്തു സമിതി ഉറപ്പുവരുത്തുക.

20. മതസൗഹാർദ്ദം നിലനിർത്തുന്നതിന് ഉത്സവങ്ങളിലും, പെരുന്നാളുകളിലും മറ്റു മതനേതാക്കന്മാരെ പങ്കെടുപ്പിക്കുകയും, മത സൗഹാർദ്ദ സമ്മേളനങ്ങൾ നടത്തുകയും ചെയ്യുക.

21. കലാസാംസ്കാരിക സംഘടനകളുടെ പ്രവർത്തനറിപ്പോർട്ടും,കണക്കും, വർഷാവർഷം ഗ്രാമ പഞ്ചായത്തിനു സമർപ്പിക്കുകയും പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുക.

22. പഞ്ചായത്തിലെ കലാസാംസ്ക്കാരിക സംഘടനകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും മറ്റും ഉതകുന്ന നിരീക്ഷണ സമിതികളെ നിയോഗിക്കുക. ഏല്ലാ സംഘടനകൾക്കും പ്രാധിനിത്യം ഉറപ്പാക്കുകയും ചെയ്യുക.

23. വടാട്ടുപാറയിലെ ഗ്രൗണ്ട് വലുപ്പപ്പെടുത്തുകയും ചുറ്റുമതിൽ തീർക്കുകയും ചെയ്യുക.

24. കുട്ടമ്പുഴ ഹൈസ്കൂൾ ഗ്രൗണ്ട് ' പരമാവധി വലിപ്പത്തിലാക്കുകയും ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്യുക.

25. ഓരോവാർഡിലും ഓരോ കളിസ്ഥലം എങ്കിലും നിർമ്മിക്കുക.

26. പഞ്ചായത്തിലെ എല്ലാ സ്കൂളുകളോടുമനുബന്ധിച്ച് കളിസ്ഥലം നിർമ്മിക്കുക.

27. സ്വാതന്ത്ര്യദിനാഘോഷം, റിപ്പബ്ലിക്ദിനാഘോഷം എന്നിവ പഞ്ചായത്ത് മുൻകൈഎടുത്ത് സംഘടിപ്പിക്കുകയും എല്ലാ വാർഡിനും പ്രാധിനിത്യം ഉറപ്പാക്കുകയും ചെയ്യക.

## കുട്ടമ്പുഴ പഞ്ചായത്ത് മേഖലയിൽപ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ/വായനശാലകളുടെ പൊതുവിവരം. പട്ടിക 1

| പേര് | സ്ഥാപിത വർഷം | ഗ്രേഡ് | പുസ്തകങ്ങൾ | അംഗങ്ങൾ | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെഎണ്ണം | |
|---|---|---|---|---|---|---|---|
| | | | | | | പത്രം | മറ്റുള്ളവ |
| കുട്ടമ്പുഴ പഞ്ചായത്ത് ലൈബ്രറി. | 1989 ആഗസ്റ്റ്15 | ഗ്രേഡിങ്ങ് നടന്നിട്ടില്ല | 2758 | 333 | 246 | 6 | 5 |
| മാമലക്കണ്ടം പഞ്ചായത്ത് ലൈബ്രറി. | 91-92 | | 873 | 218 | 225 | 3 | 2 |
| വടാട്ടുപാറ പഞ്ചായത്ത് ലൈബ്രറി. | 91-92 | | 1225 | 185 | 200 | 3 | 2 |
| മാർത്തോമ പബ്ലിക്ക് ലൈബ്രറി. | 1996 | | 500 | 65 | 175 | 1 | 2 |
| ഗ്രാമീണ വായനശാല | 1996 | | - | - | - | 1 | 2 |

## പട്ടിക 2
## പഞ്ചായത്ത് പ്രദേശത്ത് പ്രചാരത്തിലുള്ള പ്രധാന പത്രവാരികകൾ

| | | ദിനപത്രം | വാരിക | ദ്വൈവാരിക | മാസിക |
|---|---|---|---|---|---|
| 1 | മലയാള മനോരമ | 265 | 655 | - | - |
| 2 | മാതൃഭൂമി | 255 | 25 | - | - |
| 3 | ദീപിക | 97 | 30 | - | - |
| 4 | ദേശാഭിമാനി | 72 | - | - | - |
| 5 | കേരള കൗമുദി | 32 | 12 | - | - |
| 6 | മംഗളം | 35 | 465 | - | - |
| 7 | ഇൻഡ്യൻ എക്സ്പ്രസ്സ് | 12 | - | - | - |
| 8 | കേരള ശബ്ദം | - | 35 | - | - |
| 9 | ബാലരമ | - | - | 60 | - |
| 10 | ബാലമംഗളം | - | - | 40 | - |
| 11 | ബാലഭൂമി | - | - | 25 | - |
| 12 | കുട്ടികളുടെ ദീപിക | - | - | 15 | - |
| 13 | വനിത | - | - | 45 | - |
| 14 | ഗ്രഹ ലക്ഷ്മി | - | - | - | 30 |
| 15 | നാനാ | - | 25 | - | - |
| 16 | രാഷ്ട്രദീപിക സിനിമ | - | 30 | - | - |

# വനിത



# വനിതാക്ഷേമം

കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ 91 ലെ കാനേഷുമാരി കണക്കനുസരിച്ച് 11268 സ്ത്രീകളാണ് ഉള്ളത്. സംസ്ഥാന ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരേക്കാൾ മുന്നിലാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ 507 പുരുഷൻമാർ കൂടുതലുണ്ട്. സ്ത്രീ ജനസംഖ്യയിൽ 8048 പേർ സാക്ഷരരാണ്. വിദ്യാർത്ഥികളുടെ കണക്ക് പരിശോധിച്ചാൽ 1897 പെൺകുട്ടികളാണ് പഞ്ചായത്തിലെ 14 സ്കൂളുകളിലായി പഠിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് ആൺകുട്ടികളാണ് മുൻപന്തിയിൽ. ഭൂപ്രകൃതിയുടെ കിടപ്പ് ഈ പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിയെ തടസ്സപ്പടുത്തുന്നു. ഒറ്റപ്പെട്ട മേഖലയായതുകൊണ്ടും പാരമ്പര്യ തൊഴിൽസംസ്കാരം (ഈറ്റയും അനുബന്ധ തൊഴിലുകളും) നിലനിൽക്കുന്നതുകൊണ്ട് സ്ത്രീകളുടെ സാമൂഹ്യ സാംസ്കാരിക ഉന്നമനം മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചു വളരെ പിന്നിലാണ്.

തൊഴിൽ രംഗത്ത് ജോലി ചെയ്യുന്ന സ്ത്രീകളിൽ അധികവും ഈറ്റ ശേഖരണത്തിലും പനമ്പുനെയ്ത്തിലും ഏർപ്പെട്ടിരിക്കുന്നു. കാർഷികമേഖല, നിർമ്മാണ മേഖല എന്നിവിടങ്ങളിലും സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം പുരുഷൻമാരേക്കാളധികം സ്ത്രീകളാണ് ജോലിചെയ്ത് കുടുംബം പുലർത്തുന്നത്. സമൂഹത്തിൽ സ്ത്രീകൾക്ക് അർഹിക്കുന്ന സംരക്ഷണം ലഭിക്കുന്നല്ല. ഈ പഞ്ചായത്തിൽ സ്ത്രീകളുടെ നേതൃത്ത്വത്തിൽ നടത്തപ്പെടുന്ന 20 ശതമാനത്തോളം കുടുംബങ്ങൾ ഉണ്ട്. തൊഴിൽ രഹിതരായ വീട്ടമ്മമാർ തങ്ങളുടെ വീടുമായി ബന്ധപ്പെട്ട് ഉപതൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ട്. കാലിവളർത്തൽ, കോഴിവളർത്തൽ, അടുക്കളത്തോട്ടം, സ്വന്തം കൃഷിയിടങ്ങളിലെ കാർഷിക വേലകൾ മുതലായവ.

പഞ്ചായത്തിൽ 27 അംഗൻവാടികളിൽ സ്വന്തമായി കെട്ടിടം ഉള്ളത് 7 എണ്ണത്തിന് മാത്രമാണ്. ഗർഭിണികളുടെ എണ്ണം 170 ആണ്. ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവർ 143 ആണ്. അംഗൻവാടികൾ മുഖേന പോഷകാഹാരം ലഭിക്കുന്നവർ 306 ആണ്. എല്ലാ ഗർഭിണികൾക്കും ശരിയായ രീതിയിലുള്ള പരിചരണമോ, പ്രതിരോധ കുത്തിവെയ്പോ ലഭിക്കുന്നില്ല. ഇതിനു കാരണം പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതയും ആരോഗ്യ സ്ഥാപനങ്ങളുടെ അപര്യാപ്തതയാണ്. ആശുപത്രികളിൽ എത്തുന്ന രോഗികളിൽ അധികവും സ്ത്രീകളാണ്.

ചാരായ നിരോധനം കൊണ്ട് ഈ പഞ്ചായത്തിലെ സ്ത്രീകൾക്ക് ധാരാളം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും വ്യാപകമായ വ്യാജവാറ്റ് മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണം ഏറെയാണ്. സ്ത്രീകളുടെ അറിവില്ലായ്മകൊണ്ട് സാമൂഹിക, കുടുംബ ജീവിതത്തിൽ വരും തലമുറയെ ദോഷകരമായി ബാധിക്കുന്ന രീതിയിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്.

ഈ പഞ്ചായത്തിലെ അഞ്ചുവാർഡുകളിൽ മാത്രമാണ് മഹിളാസമാജങ്ങൾ ഉള്ളത് അവ ഉന്നത നിലവാരം പുലർത്തുന്നുമില്ല. സ്ത്രീകൾക്ക് സമ്പാദ്യ ശീലം വളർത്തുന്നതിന് ആവശ്യമായ സ്ഥാപനങ്ങളോ, സാഹചര്യങ്ങളോ വിരളമാണ്. പൊതുരംഗത്ത് സ്ത്രീകൾ പിന്നിലാണ്. കാരണം വനിതകളോടുള്ള അവഗണന, ആക്ഷേപം, അജ്ഞത മുതലായവയാണ്. ഉന്നത വിദ്യാഭ്യാസം നേടാൻ കഴിഞ്ഞ

സ്ത്രീകൾ പഞ്ചായത്തിൽ വളരെ കുറവാണ്. പൊതുജനസംഘടനകളിൽ സ്ത്രീകൾക്ക് പ്രാധിനിത്യം ഉണ്ടെങ്കിലും നേതൃത്വത്തിൽ കാര്യമായ പങ്കാളിത്തമില്ല. ഗ്രാമ സഭകളിലും, ജനകീയാസൂത്രണ പരിപാടികളിലും സ്ത്രീകളുടെ പങ്കാളിത്തം തൃപ്തികരമായിരുന്നില്ല. ബോധവൽക്കരണത്തിലൂടെയും, സെമിനാറുകളിലൂടെയും മറ്റിതര പ്രവർത്തനങ്ങളുലൂടെയും സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്താൻ സാധിക്കും.

## പ്രശ്നങ്ങൾ

1 വിദ്യാഭ്യാസരംഗം ഒഴിച്ച് മറ്റ് മേഖലകളിൽ സ്ത്രീകളുടെ പങ്ക് വിരളമാണ്.

2 തൊഴിൽ രംഗത്ത് കൂലിനിരക്കിൽ സ്ത്രീ-പുരുഷ അന്തരം നിലവിലുണ്ട്.

3 മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

4 സ്ത്രീ പീഡനങ്ങളിൽ ശാരീരിക പീഡനത്തേക്കാൾ മാനസ്സീക പീഡനം കൂടുതലാണ്.

5 പൊതു സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുളള സൗകര്യം ഒന്നും തന്നെയില്ല.

6 തൊഴിൽ പരിശീലനമോ, നേതൃത്വ പരിശീലനമോ ഇല്ല.

7 സ്വയം തൊഴിൽ കണ്ടെത്താനുളള പദ്ധതിയെ സംബന്ധിച്ചുളള അറിവില്ലായ്മ

8 സ്ത്രീകളുടെ അദ്ധ്വാനഭാരം കൂടുതലാണ്.

9 സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുളള വേദികളുടെ അപര്യാപ്തത.

## നിർദ്ദേശങ്ങൾ

1 സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സാങ്കേതിര വിദ്യയും സാമ്പത്തികവും ലഭ്യമാക്കാനുളള സംവിധാനം ഏർപ്പെടുത്തുക.

2 തൊഴിൽരംഗത്ത് ആനുപാതിക സ്ത്രീ സംവരണം ഏർപ്പെടുത്തുക.

3 വനിതാവ്യവസായങ്ങൾ ആരംഭിച്ച് തൊഴിൽ രംഗത്ത് മുന്നേറ്റം സൃഷ്ടിക്കുക.

4 വനിതാസഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുക.

5 മഹിളാസമാജങ്ങളുടേയുംമറ്റു വനിതാ സംഘടനകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുക.

6 സ്ത്രീ വിദ്യാഭ്യാസത്തിന് ഗ്രാമീണതലത്തിൽ പ്രാധാന്യം നൽകുക.

7 ദൃശ്യ മാധ്യമങ്ങളിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പ്രദർശനങ്ങൾ നിരോധിക്കുക.

8 ആദിവാസി സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

9 മദ്യപാനം, സ്ത്രീധനം, സ്ത്രീപീഡനം എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക. ഇതിനായി സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.

10 നിരാലംബരായ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകുക.


11 നിയമ നിർമ്മാണ സഭകളിലേക്ക് സ്ത്രീകൾക്ക് 33% സംവരണം ഏർപ്പെടുത്തുക.

12 പുരുഷൻമാരുടെ സ്ത്രീകളോടുളള അവഗണന എല്ലാരംഗങ്ങളിൽനിന്നും ഒഴിവാക്കുക.

" ഗ്രാമീണ ഭാരതത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പകുതിയിലധികവും സ്ത്രീകളാണ് നടത്തുന്നത്. കുടുംബത്തിന്റെ ക്ഷേമം, നമ്മുടെ മഹത്തായ സാംസ്കാരികപാരമ്പര്യം, ധാർമ്മികമൂല്യങ്ങൾ എന്നിവയുടെയെല്ലാം സ്രോതസ്സും സൂക്ഷിപ്പുകാരിയും സ്ത്രീയാണ്. അവരെ സംവരണവും മറ്റും നൽകി നാം ശക്തിപ്പെടുത്തേണ്ടതല്ലേ? "

രാജീവ് ഗാന്ധി

# സഹകരണം



# സഹകരണമേഖല

ഇന്ത്യയിലെ സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രം 1904 ൽ ആരംഭിക്കുന്നു. സ്വാശ്രയബോധം, സമ്പാദ്യശീലം, പരസ്പരവിശ്വാസം, കൂട്ടായ്മ തുടങ്ങിയ തത്വങ്ങളിൽ അധിഷ്ഠിതമായിട്ടുളള സഹകരണപ്രസ്ഥാനങ്ങൾക്ക് സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ വലിയപ്രസക്തിയാണുളളത്.

കേരളത്തിലെ എല്ലാഗ്രാമങ്ങളിലും സഹകരണപ്രസ്ഥാനങ്ങൾക്ക് ശക്തിയാർജ്ജിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിശേഷിച്ച് കാർഷിക മേഖലയിൽ കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹകരണസംഘങ്ങൾക്കുളളപങ്ക് നിസ്തുലമാണ് സഹകരണമേഖലയുടെ പുരോഗതിയിൽ രാഷ്ട്രശില്പി ജവഹർലാൽ നെഹ്യ പ്രകടിപ്പിച്ച താല്പര്യം പ്രത്യേകം പറയേണ്ടതാണ്. അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 14 മുതൽ 1 ആഴ്ച്ചക്കാലം സഹകരണവാരമായി ആചരിച്ചുപോരുന്നു. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ചു സഹകരണ പ്രസ്ഥാനങ്ങൾ കുറവുളള പ്രദേശമാണ് നമ്മുടേത്. ചില സംഘങ്ങളുടെ പ്രവർത്തന വൈകല്യംമൂലം സഹകാരികൾക്ക് സഹകരണ സംഘങ്ങളോടുളള താല്പര്യം കുറയുന്നതായി കാണുന്നു.

## കൂട്ടമ്പുഴ സർവ്വീസ് സഹകരണബാങ്ക്

കുട്ടമ്പുഴ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയും ഉൾപ്പെടുത്തി 1968 ൽ ശ്രീ. കെ.ഇ. ജോസഫ് നേതൃത്വം നൽകി രൂപീകരിച്ചതാണ് കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക്. ആരംഭത്തിൽ 213 അംഗങ്ങളും 5010 രൂപ ഓഹരി മൂലധനവുമായി രജിസ്റ്റർ ചെയ്ത ഈ സംഘത്തിന് ഇപ്പോൾ 5050 അംഗങ്ങളും 836000 രൂപ ഓഹരിമൂലധനവുമുണ്ട്. 1038000 രൂപയുടെ സ്ഥിരനിക്ഷേപം ഉൾപ്പെടെ 2700000 ത്തിൽപരം രൂപയുടെ നിക്ഷേപം സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുൾപ്പെടെ വിവിധതരം കാർഷിക വായ്പകൾക്കുപുറമേ സ്വർണ്ണപ്പണയം, ബിസിനസ്ലോൺ ഐ. ആർ. ഡി. പി. തുടങ്ങിയ ഇനങ്ങളിലും വായ്പ നൽകുന്നുണ്ട്. കൂടാതെ ലേലച്ചിട്ടികൾ വളംവ്യാപാരം ഓണക്കാലത്ത് മാവേലിസ്റ്റോർ എന്നിവയും നടത്തിവരുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിന്റെ 1, 3, 4, 5, 6, 7 വാർഡുകളാണ് സംഘത്തിന്റെ പ്രവർത്തന മേഖല. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ സംയുക്തസംരംഭമായ ഐ. സി. ഡി. പി. സഹായം ഉപയോഗിച്ച് ബാങ്കിന്റെ ഓഫീസ് മന്ദിരം പുതുക്കി പണിതുകൊണ്ടിരിക്കുന്നു.

## ഇടമലയാർ സർവ്വീസ് സഹകരണബാങ്ക്

പഞ്ചായത്തിന്റെ 8, 9, 10 വാർഡുകളാണ് പ്രവർത്തനമേഖല. 1984ൽ ശ്രീ. എം. ഐ. തോമസ് ചീഫ് പ്രൊമോട്ടറായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. വളരെ ചുരുങ്ങിയ കാലംകൊണ്ട് ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയരുവാൻ കഴിഞ്ഞിട്ടുണ്ട്. 12,08120 രൂപ ഓഹരിമൂലധനവും 4131 അംഗങ്ങളുമിപ്പോഴുണ്ട്. 50 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം ഉൾപ്പെടെ 71 ലക്ഷം രൂപയുടെ നിക്ഷേപവും സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാർഷികവായ്പകൾ,

സ്വർണ്ണപണയം, വ്യാപാരവായ്പ, ഐ. ആർ. ഡി. പി ദീർഘകാല-മദ്ധ്യകാലവായ്പകൾ, ഹയർപർച്ചേസ് ലോൺ എന്നിവയും നൽകി വരുന്നു. സഹകാരികളുടെ സഹകരണവും കാര്യക്ഷമമായ പ്രവർത്തനവുംകൊണ്ട് ജില്ല യിലെ കുടിശികരബിതബാങ്കുകളിലൊന്നായി പ്രഖ്യാപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സംസ്ഥാനഗവൺമെന്റുകളുടെ സംയുക്ത സംരംഭമായ ഐ. സി. ഡി. പി. സഹായം ഉപയോഗിച്ച് ബാങ്കിന്റെ ആസ്ഥാനമായ വടാട്ടുപാറയിലെ ഓഫീസ് മന്ദിരം പണി പൂർത്തിയായിരിക്കുന്നു.

## മാമലക്കണ്ടം സർവ്വീസ് സഹകരണബാങ്ക്

പഞ്ചായത്തിന്റെ രണ്ടാം വാർഡായ മാമലക്കണ്ടം കേന്ദ്രമായി പ്രവർത്തിക്കുന്നതാണ് ഈ സഹകരണബാങ്ക്. 1989ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ 1686 അംഗങ്ങളും 15,7780 രൂപ ഓഹരി മൂലധനവുമുണ്ട്. 47,7976 രൂപയുടെ സ്ഥിരനിക്ഷേപവും 22,6493 രൂപയുടെ ഹ്രസ്വകാലനിക്ഷേപവുമുള്ള ഈ സംഘം കാർഷികവായ്പയിനത്തിൽ 54,8480 രൂപ വിതരണം ചെയ്തിട്ടുണ്ട്. മറ്റിനം വായ്പകളിൽ സ്വർണ്ണപണയം 37,9506 രൂപയും ഒ. എഫ്. ലോണായി 37023 രൂപയും, സാധാരണവായ്പയായി 95500 രൂപയും എഫ് ഡി. ലോൺ 48900 രൂപയുമാണ് വിതരണം ചെയ്തിട്ടുള്ളത്.

സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ മാമലക്കണ്ടം സർവ്വീസ് സഹകരണബാങ്ക് വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയത് ബാങ്കിന് വളരെയേറെ നഷ്ടമുണ്ടാക്കുന്നു. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഐ. സി. ഡി. പി. സഹായം ലഭ്യമാക്കണം.

## കാർഷിക വികസന ബാങ്ക് സബ് ഓഫീസുകൾ

അടിമാലികേന്ദ്രമായിദേവികുളംതാലൂക്ക് കാർഷികവികസനബാങ്ക് പ്രവർത്തിക്കുന്നു. ഇതിന്റെ ഓരോ സബ് ഓഫീസുകൾ കുട്ടമ്പുഴയിലും വടാട്ടുപ ാറയിലും പ്രവർത്തിക്കുന്നു. 1980ൽ പ്രവർത്തനമാരംഭിച്ച ഈ ബാങ്കിൽ 14679 അംഗങ്ങളും 1 കോടി 10 ലക്ഷം രൂപയുടെ പിരിഞ്ഞ ഓഹരിമൂലധനവുമുണ്ട്. ഈ പഞ്ചായത്തിൽ 290 അംഗങ്ങൾക്കായി 100 ലക്ഷം രൂപയുടെ ദീർഘകാലകാർഷികവായ്പകളും 110 അംഗങ്ങൾക്കായി 32 ലക്ഷം രൂപയുടെ വ്യവസായവായ്പകളും 225 അംഗങ്ങൾക്കായി 48 ലക്ഷം രൂപയുടെ ഭവനനിർമ്മാണവായ്പകളും നൽകിയിട്ടുണ്ട്.

## കുട്ടമ്പുഴ ഗിരിജൻ സർവ്വീസ് സഹകരണസംഘം

കുട്ടമ്പുഴ കേന്ദ്രമായി പഞ്ചായത്തിന്റെ മുഴുവൻ ഗിരിജനങ്ങൾക്കുംവേണ്ടി പ്രവർത്തിക്കുന്നതാണ് കുട്ടമ്പുഴ ഗിരിജൻ സർവ്വീസ് സഹകരണസംഘം. പഞ്ചായത്തിലെ 800ഓളം പേർ ഇതിൽ അംഗങ്ങളാണ്. വനത്തിൽനിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് പരമാവധി വിലനൽകി സംഭരിച്ചുവരുന്നു. സംഘത്തിന്റെ ഗോഡൗണിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സ്വന്തമായി ഓഫീസ്കെട്ടിടം നിർമ്മിക്കുവാനും പദ്ധതിയുണ്ട്.

## മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ

കർഷകരുടെ കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണി കണ്ടെത്തുന്നതിനുംവേണ്ടി രൂപീകൃതമായിട്ടുള്ള 3 സംഘങ്ങൾ നിലവിലുണ്ട്. കുട്ടമ്പുഴ പഞ്ചായത്ത് ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം ലിമിറ്റഡ് I.270, കുട്ടമ്പുഴ ജനറൽ മാർക്കറ്റിംഗ് ലിമിറ്റഡ് I.425, മാമലക്കണ്ടം ജനറൽ മാർക്കറ്റിംഗ് ലിമിറ്റഡ് എന്നിവയാണ്.

## വനിതാ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ വടാട്ടുപാറ, കുറ്റ്യാംചാൽ എന്നവ കേന്ദ്രമാക്കി യഥാക്രമം. 356 ഉം.304ഉം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗ്രൂപ്പ് ഡെപ്പോസിറ്റ് ആന്റ് ക്രെഡിറ്റ് സ്കീം, റെക്കറിംഗ് ഡെപ്പോസിറ്റ്, സാധാരണവായ്പ, ഒ. എഫ് ലോൺ മുതലായവയാണ് വടാട്ടുപാറ സംഘത്തിന്റെ പ്രവർത്തനങ്ങൾ.

ഗ്രൂപ്പ് ഡെപ്പോസിറ്റ് ആന്റ് ക്രെഡിറ്റ് സ്കീം, റെക്കറിംഗ് ഡെപ്പോസിറ്റ്, നാടൻക്ഷീരോല്പന്ന നിർമ്മാണയൂണിറ്റ് എന്നിവയാണ് കുട്ടമ്പുഴ വനിതാസംഘത്തിന്റെ പ്രവർത്തനങ്ങൾ.

## ഹരിജൻ സഹകരണസംഘം

ഏറെക്കാലമായി പ്രവർത്തനം മുടങ്ങിക്കിടന്ന കുട്ടമ്പുഴ ഹരിജൻ സഹകരണ സംഘം അടുത്ത കാലത്തായി പുനരുജ്ജീവിച്ച് വരുന്നു. തയ്യലും പരിശീലനം നൽകലുമാണ് പ്രധാന പ്രവർത്തനങ്ങൾ.

## ഇതരസഹകരണസംഘങ്ങൾ

ഈറ്റത്തൊഴിലാളി, മോട്ടോർതോഴിലാളി, കേരോല്പാദനം എന്നിവയും വടാട്ടുപാറ മാർക്കറ്റിംഗ് സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ദേവികുളം മോട്ടോർതോഴിലാളി സഹകരണസംഘം വക ഒരു ബസ്സ് സർവ്വീസ് സാമാന്യം തൃപ്തികരമായി നടക്കുന്നു.

## മാമലക്കണ്ടം കൺസ്യൂമർ സഹകരണസംഘം

മാമലക്കണ്ടം ആസ്ഥാനമാക്കി കൺസ്യൂമർ സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല. വളരെയേറെ വിജയസാദ്ധ്യതയും ഉപഭോക്താക്കൾക്ക് സഹായകവുമായിരിക്കും ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നാൽ.

## പ്രശ്നങ്ങൾ

1. കുട്ടമ്പുഴ സർവ്വീസ് സഹകരണബാങ്കിന്റെ സേവനം പ്രവർത്തനപരിധിയിൽ എല്ലായിടത്തും ഫലപ്രദമായി ലഭിക്കുന്നില്ല.
2. കാർഷികവായ്പകൾക്ക് പലിശനിരക്ക് കൂടുതലാണ്.
3. സഹകരണസംഘങ്ങളിൽ സോഷ്യൽ ഓഡിറ്റിംഗിന്റെ അഭാവം കാര്യക്ഷമത കുറക്കുന്നു.
4. ക്ഷീരോല്പാദന സംഘങ്ങളുടെ അഭാവം.
5. സഹകരണസ്ഥാപനങ്ങളിലൂടെ പൊതുവിതരണസമ്പ്രദായമില്ല.
6. കാലാനുസൃതമായ പരിഷ്കരണത്തിന്റെ അഭാവം.
7. സംഘം പ്രവർത്തനരംഗത്തെ സുതാര്യതക്കുറവ്.
8. നിക്ഷേപങ്ങളുടെ കുറവ്.

## സാദ്ധ്യതകൾ

1. സാദ്ധ്യതയുള്ള മേഖലകളിൽ ശാഖകൾ തുറക്കുക.
2. കർഷകർക്ക് പരമാവധി എല്ലാ ആവശ്യങ്ങൾക്കുമുള്ള വായ്പകൾ ലഭ്യമാക്കുന്നതിന് സംഘങ്ങൾക്ക് കഴിയണം.
3. കാർഷികവായ്പകൾക്ക് പലിശനിരക്ക് കുറക്കുകയും സബ്സിഡി തുക അപ്പപ്പോൾ നൽകുകയും ചെയ്യുക.
4. വായ്പകൾ നല്കുന്നതിലെ കാലതാമസം ഒഴിവാക്കുക.
5. സഹകരണസംഘങ്ങളിൽ ദുർവ്യയം ഒഴിവാക്കി കൂടുതൽ ലാഭകരമാക്കുക.
6. സോഷ്യൽ ഓഡിറ്റ് നടപ്പാക്കുക.
7. സംഘം പ്രവർത്തനരംഗത്ത് സുതാര്യത വർദ്ധിപ്പിക്കുക.
8. കാലാനുസൃതമായ പരിഷ്കരണം മാനേ

ജ്മെന്റിലും സേവനരംഗത്തും നടപ്പിലാക്കുക.

9. സഹകരണസംഘങ്ങളെ രാഷ്ട്രീയ ഇടപെടലുകൾ നടത്തി പാപ്പരീകരിക്കാതിരിക്കുക.

10. എല്ലാ വാർഡിലും ക്ഷീരോല്പാദകസംഘങ്ങൾ രൂപികരിക്കണം.

11. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.

12. ഐ. സി. ഡി. പി. സഹായം എല്ലാസംഘങ്ങൾക്കും ലഭ്യമാക്കണം.

13. വ്യവസായ സഹകരണസംഘങ്ങൾ വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

14. ജനറൽബോഡികളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക.

15. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് തടസമായിട്ടുള്ള സഹകരണനിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ ഉണ്ടാകണം.

16. നിക്ഷേപങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ബാങ്ക് ഭരണസമിതികൾ തീവ്രശ്രമം ആരംഭിക്കണം.

17. കാലാകാലങ്ങളിൽ ജില്ലാ ബാങ്കിൽനിന്നും പ്രൈമറിസംഘങ്ങൾക്ക് വായ്പാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

18. സഹകരണസ്ഥാപനങ്ങളുടെ കാലാവധി 5 വർഷമായി ഉയർത്തി സർക്കാർ നിയമ ഭേദഗതി കൊണ്ടുവരണം.

19. ഐ. സി. ഡി. പി. സഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള നിയമങ്ങളിലും ഉപാധികളിലും പ്രാദേശികാവശ്യങ്ങൾക്കനുസൃതമായി ഇളവുകൾ അനുവദിക്കാൻ നടപടികൾ വേണം.

20. ക്രെഡിറ്റ് സംഘങ്ങളിൽ ആവശ്യപ്പെടുന്നവർക്കെല്ലാം ഓഹരിയനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

## പഞ്ചായത്തിലെ പ്രധാന ക്രെഡിറ്റ് സംഘങ്ങളുടെ സ്ഥിതിവിവരം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പിരിഞ്ഞ മൂലധനം | സർക്കാർ ഓഹരി | നിക്ഷേപങ്ങൾ | ഹ്രസ്വകാല കാർഷിക വായ്പകൾ | ദീർഘകാല മധ്യകാല വായ്പകൾ | മറ്റിതര വായ്പകൾ | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|---|---|---|---|
| 1 | കുട്ടമ്പുഴ സർവ്വീസ് സഹകരണബാങ്ക് കെ. 316 | 1968 | 5058 | 836000 | 21500 | സ്ഥിരം 1038000 ഹ്രസ്വം 1681000 | 3656000 | 305000 | 1789000 | നഷ്ടം |
| 2 | ഇടമലയാർ സർവ്വീസ് സഹകരണബാങ്ക് ഐ.178 വടാട്ടുപാറ | 1984 | 4131 | 1208120 | 506286 | സ്ഥിരം 5000000 ഹ്രസ്വം 2100000 | 5000000 | 560000 | 7460000 | ലാഭം |
| 3 | മാമലക്കണ്ടം സർവ്വീസ് സഹകരണബാങ്ക് ഐ. 225 | 1989 | 1686 | 157780 | | സ്ഥിരം 477976 ഹ്രസ്വം 226493 | 548480 | 560929 | | നഷ്ടം |

# പട്ടികജാതി
# പട്ടികവർഗ്ഗക്ഷേമം



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ആദിവാസികൾ ഈ പഞ്ചായത്തിന്റെ ആകെ ജനസംഖ്യ-ഉടെ 12% ത്തോളം വരും. ഈ കോളനിവാസികൾ വിദ്യാഭ്യാസത്തിൽ പിന്നോക്കംനിൽക്കുന്നതുകൊണ്ടും ശാസ്ത്രീയമായ കൃഷിരീതികൾ അറിയില്ലാത്തതുകൊണ്ടും വന്യമൃഗങ്ങളുടെ നിരന്തരമായ ശല്യംകൊണ്ടും വർഷത്തിൽ പകുതിയും പട്ടിണിയിൽ ജീവിക്കുന്നവരാണ്. രോഗംവന്നാൽ ചികിത്സിക്കുന്നതിന് വനത്തിലൂടെ ദിവസങ്ങളോളം യാത്ര ചെയ്യേണ്ടി വരുന്നതിനാൽ ഇവരിൽ 2 %ത്തോളം ആളുകൾ ആവശ്യമായ ചികിത്സ ലഭിക്കാതെ മരിക്കുന്നു. കിലോമീറ്ററുകൾ വനത്തിലുള്ളിൽ സ്ഥിതിചെയ്യുന്ന കോളനികളിൽ വിദ്യാഭ്യാസ സൗര്യങ്ങളില്ലാത്തതിനാൽ കുട്ടികൾ സ്കൂളുകളിൽ പോകുന്നില്ല. ഈ പഞ്ചായത്തിൽ ഐ. റ്റി. ഡി. പി, വികസനബ്ലോക്ക് എന്നീ വികസനഡിപ്പാർട്ട്മെന്റുകൾ 100 വീടുകളിൽ താഴെ മാത്രമാണ് ഗിരിജനങ്ങൾക്ക് നിർമ്മിച്ച് കൊടുത്തിട്ടുള്ളത്. വേണ്ടത്ര തടികൾ ലഭിക്കാത്തതിനാൽ ഈ വീടുകൾ വാസയോഗ്യമല്ലാത്ത അവസ്ഥയിലാണ്. കോളനികൾക്ക് വനവുമായി അതിർത്തികൾ തിരിച്ചിട്ടില്ലാത്തതിനാൽ ഫോറസ്റ്റ്കാരുടെ നിരന്തര ശല്യം കോളനികളിൽ അനുഭവപ്പെടുന്നുണ്ട്. ബഹുജനസംഘടനകളിൽ ആദിവാസികൾ അംഗമാണെങ്കിലും നേതൃനിരയിൽ അർഹമായ പ്രാതിനിത്യം ലഭിക്കുന്നില്ല.

സാമൂഹ്യപദവി പൊതുവെ തൃപ്തികരമല്ല. ജാതീയ ഉച്ചനീചത്വം നിലവിലുണ്ട് എന്നിരുന്നാലും വിവാഹചടങ്ങുകളിലും സൽക്കാരത്തിലും എല്ലാവിഭാഗം ആളുകളും പങ്കെടുക്കാറുണ്ട്. ചുരുക്കം ചിലയിടങ്ങളിൽ ജാതിപ്പേര് വിളിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. ആടിവാസിഭൂമികൈമാറ്റം നിരോധിച്ച് ഗവ. ഉത്തരവ് ആയതിനുശേഷവും ഗിരിവർഗ്ഗക്കാരല്ലാത്ത ധാരാളം ആളുകൾ കോളനികളിൽ ഭൂമി തട്ടിയെടുക്കുന്നതിനായി വ്യാജരേഖ ചമച്ചും ഗിരിജൻ സ്ത്രീകളെ വിവാഹം കഴിച്ചും കടന്ന്കൂടുകയും, ആദിവാസികളുടെ സംസ്കാരവും, കൂട്ടായ്മയും തകർത്ത് കോളനിക്ക് പുറത്താക്കുന്ന സംഭവം ഇപ്പോഴും നടക്കുന്നതായി പരാതിയുണ്ട്. പഞ്ചായത്തിലെ 14 കോളനികളിലും പ്രാഥമികസൗകര്യങ്ങളായ ആശുപത്രി, സ്കൂൾ, കുടിവെള്ളം, ഗതാഗതയോഗ്യമായ റോഡ്, കക്കൂസ്, വീട് എന്നിവ ലഭിച്ചിട്ടില്ല.

## പ്രശ്നപരിഹാരം

1. എല്ലാകോളനികളിലും വിദ്യാഭ്യാസ പ്രായമെത്തിയ കുട്ടികൾക്കായി അംഗൻവാടി, സിംഗിൾ ടീച്ചർസ്കൂൾ തുടങ്ങിയവ നടപ്പിലാക്കുക.
2. ഓരോഹെൽത്ത് വർക്കർമാരെ കോളനികളുടെ ദൂരവും കണക്കിലെടുത്ത് ഗിരിജൻ മേഖലയിലേയ്ക്ക് കൂടുതലായി നിയോഗിക്കുകയും, അവർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
3.തുടർസാക്ഷരതാപ്രവർത്തനത്തിനുള്ള സാക്ഷരതാ കേന്ദ്രങ്ങൾ ഉടൻ ആരംഭിക്കുക.
4. മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് പണിയുന്നതിനുള്ള സഹായം അനുവദിക്കുകയും വീട് നിർമ്മിക്കുന്നതിനാവശ്യമായ തടികൾ വനത്തിൽ നിന്ന് തന്നെ നിയമാനുസൃതം അനുവദിച്ച് കൊടുക്കുകയും ചെയ്യുക.
5. ഓരോ കുടുംബത്തിനും 5 ഏക്കറിൽ കുറയാത്തഭൂമി അതിർത്തി നിശ്ചയിച്ച് ജണ്ടകൾ സ്ഥാപിച്ച് ഫോറസ്റ്റുകാരും ആദിവാ

സികളും തമ്മിലുളള നിയമയുദ്ധം അവസാനിപ്പിക്കുക.

6. കോളനികൾക്ക് ശുദ്ധജല വിതരണത്തിനുളള സൗകര്യം ഏർപ്പെടുത്തുക

7. ഓരോ വീടിനും കക്കൂസികൾ നിർമ്മിച്ചു കൊടുക്കുക.

8. ആദിവാസികളുടെ ഭൂമിയ്ക്ക് കൈവശരേഖ കൊടുക്കുകയും ഭൂമിയിൽ കൃഷിചെയ്യുന്നതിന്.T.D.Pറബ്ബർബോർഡ്, കൃഷിഭവൻ എന്നീ ഡിപ്പാർട്ട്മെന്റുകൾ യോജിച്ച് പ്രവർത്തിക്കണം.

9. വൈദ്യുതീകരിക്കാൻ സൗകര്യങ്ങളുളള കോളനികൾ വൈദ്യുതീകരിക്കുകയും ഉൾവനങ്ങളിൽ കിടക്കുന്ന കോളനികളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

10. എൽ.പി. സ്കൂളുമുതൽ ഹൈസ്കൂൾ വരെ ഗിരിജൻ കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനാവശ്യമായആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ) ഹോസ്റ്റൽ നിർമ്മിക്കുക ( പൂയംകുട്ടി എൽ.പി. സ്കൂളിനോടനുബന്ധിച്ചും കുട്ടമ്പുഴ ഹൈസ്കൂളിനു സമീപവും )

11. ഭൂരിപക്ഷം കോളനികൾ സ്ഥിതിചെയ്യുന്ന പൂയംകുട്ടി മേഖലയിലെ കോളനികളിലേക്ക് ഗതാഗതസൗകര്യത്തിനായി പൂയംകുട്ടി പുഴയിൽ ഗതാഗതയോഗ്യമായ ചപ്പാത്ത് നിർമ്മിക്കുക.

12. ഗിരിജൻ സെറ്റിൽമെന്റുകളിൽ വ്യാജരേഖചമച്ച് ആദിവാസികളുടെ ഭൂമികൈവശംപച്ചിരിക്കുന്നവരെയും നിയമാനുസരണം വിവാഹം കഴിക്കാതെ ഭൂമിയ്ക്കുവേണ്ടി കോളനികളിൽ കടന്നുകൂടിയിട്ടുളള ഗിരിവർഗ്ഗക്കാരല്ലാത്തവരെയും ഉടൻ പുറത്താക്കുന്നതിനുളള നടപടിസ്വീകരിക്കുക.

13. ഇടമലയാറിൽ പ്രവർത്തിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കുട്ടമ്പുഴയിലേക്ക് മാറ്റി സ്ഥാപിക്കുക.

14. കോളനിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങളും മറ്റുലന്നങ്ങളായ പനമ്പ്, വട്ടി, കുട്ട,മുറം ഇവ പൊതുവിപണിയിൽ വിൽക്കുന്നതിനുളള അനുമതിനൽകുക.

15. ഗിരിവർഗ്ഗ സെറ്റിൽമെന്റുകളിൽ ഓരോ വർഷവും തോടുകൾ ഗതിമാറി ഒഴുകി കൃഷിഭൂമിയും വീടുകളും നഷ്ടപ്പെടുന്നതുതടയാൻ തോടുകൾക്ക് സൈഡ്ഭിത്തികൾ നിർമ്മിക്കുക.

16. പഞ്ചായത്ത്, വനംവകുപ്പ് മുതലായ ഡിപ്പാർട്ടുമെന്റുകൾ കോളനികളിൽ നിർമ്മിച്ചിട്ടുളള കമ്മ്യൂണിറ്റി ഹാളുകൾ ആദിവാസികൾക്ക് തുറന്ന് കൊടുക്കയും ഈ കമ്മ്യൂണിറ്റി ഹാളുകളിൽ സൗരോർജ്ജ ടി.വി. സെറ്റ് സ്ഥാപിച്ച് കൊടുക്കയും ചെയ്യുക.

17. മണ്ണൊലിപ്പ് നിവാരണത്തിന് എല്ലാകോളനികളിലും പദ്ധതിനടപ്പിലാക്കുക.

18. ഏലം കൃഷി വികസിപ്പിക്കുന്നതിനുളള പദ്ധതി, തേര, തലവച്ചപാറ, കുഞ്ചിപ്പാറ, വാരിയം, ഉറിയം പെട്ടി, കൂടല്ലാർ തുടങ്ങിയ ആദിവാസി കോളനികളിൽ നടപ്പാക്കണം.

19. വനവിഭവങ്ങൾ ഉപയോഗിച്ചുളള വ്യവസായങ്ങൾ തുടങ്ങി ആദിവാസികൾക്ക് തൊഴിലവസരം വർദ്ധിപ്പിക്കുക.

20. വെള്ളാരംകുത്ത്, പിണവൂർകുടി എന്നിവടങ്ങളിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുക.

21. തലവച്ചപാറ,കുഞ്ചിപാറ,വാരിയം തുടങ്ങിയ കോളനികളിൽ റേഡിയോ ഫോൺ സൗകര്യം ഏർപ്പെടുത്തുക.

22. പിണവൂർകുടി തോട്ടിൽ പാലം നിർമ്മിക്കുക.

23. വനം വകുപ്പിന്റെ തൊഴിലുകളിൽ ഗിരിജനങ്ങൾക്ക് മുൻഗണനനൽകുക.

## ഹരിജനക്ഷേമം.

### പ്രശ്നങ്ങൾ

കുട്ടമ്പുഴ പഞ്ചായത്തിലെ 10 വാർ

ഡിൽ 400 ഹരിജൻ കുടുംബങ്ങൾ സ്ഥിര താമസക്കാരുണ്ട്. 7 കോളനികളിലും എല്ലാ വാർഡുകളിലുമായി ഇവർ താമസിക്കുന്നു. ഈ കോളനികളിലേയും കോളനി അല്ലാത്തപ്ര ദേശങ്ങളിലേയും, ഹരിജൻ കുടുംബങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വളരെ ശോചനീയമാണ്. കുട്ടികൾ പതിവായി സ്കൂളിൽ പോകുന്നില്ല. ഇതിനുളള പ്രധാനകാരണം മാതാപിതാക്കൾ കൂലിപ്പണിക്ക് പോകുന്നതിനാൽ മൂത്തകുട്ടികൾ ഇളയകുട്ടികളെ സംരക്ഷിക്കുന്നതിലേർപ്പെടുന്നതുകൊണ്ടാണ്.

ഭൂരിഭാഗം ഹരിജൻ കുടുംബങ്ങളും കൂലിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ് 50%വും നിരക്ഷരരാണ്. ബഹുജനസംഘടനകളുടെ നേതൃത്വത്തിൽ ആനുപാതിക പ്രാതിനിധ്യം ഈ വിഭാഗക്കാർക്കുണ്ട്. സാമൂഹ്യ പദവി പൊതുവെ തൃപ്തികരമല്ല. നാമമാത്രമായ ഉച്ച നീചത്വ ം നിലവിലുണ്ട്. എന്നിരുന്നാലും ഇവരുടെ വിവാഹചടങ്ങുകളിലും മറ്റും, മറ്റ് സമുദായക്കാർ പങ്കെടുകയും ബഹുഭൂരിപക്ഷവും സൽക്കാരത്തിൽ പങ്കുചേരാറുമുണ്ട്.

ഈ പഞ്ചായത്തിൽ ചിലയിടങ്ങളിൽ ജാതിപറഞ്ഞ് വിളിക്കുന്ന സമ്പ്രദായം നിലവിലുണ്ട്. സ്വന്തമായി വീടും സ്ഥലവുമില്ലാത്ത ഹരിജനങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഹരിജൻ കോളനികളിൽ ഭാഗീകമായിമാത്രം വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ഹരിജനങ്ങൾക്കും ഹരിജനക്ഷേമവകുപ്പിന്റെ സഹായം ലഭിക്കുന്നില്ല. നിയമാനുസരണം കോളനിയായി അംഗീകരിക്കുവാൻ ആവശ്യമായ വീടുകൾ ഉളള സ്ഥലങ്ങളിൽ കോളനി അംഗീകരിച്ച് കിട്ടിയിട്ടില്ല. ഹരിജനങ്ങൾക്ക് സ്ഥിരമായി ജോലിലഭിക്കുന്നതിനും ജീവിതമാർഗ്ഗത്തിനുമായി തൊഴിൽ സ്ഥാപനങ്ങൾ ഒന്നും ഇവിടെ തുടങ്ങിയിട്ടില്ല.

## പ്രശ്നപരിഹാരം

1. കുട്ടമ്പുഴയിൽ ഒരു ഹരിജൻ എക്സ്റ്റഷൻ ആഫിസ് ആരംഭിക്കുക.
2. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവരുടെ ലിസ്റ്റ്തയ്യാറാക്കി മുഴുവൻ ആളുകൾക്കും വീടും സ്ഥലവും അനുവദിക്കുക.
3. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട് കിടക്കുന്ന ഹരിജൻ കുടുംബങ്ങൾക്കും അടിസ്ഥാനസൗകര്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.
4. പാരമ്പര്യതൊഴിലുകളും പരിശീലനവും ലഭിച്ച പുതിയതൊഴിലും കൂട്ടായി നടത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് തൊഴിൽ ശാലകൾ ആരംഭിക്കണം.
5. സ്വന്തമായി കൃഷിഭൂമിയില്ലാത്ത ഹരിജനങ്ങൾക്ക് തൈകളും വളവും വർഷങ്ങളായി നൽകുന്നത് നിർത്തലാക്കി മറ്റ് സഹായപദ്ധതികൾ നടപ്പിലാക്കുക.
6. കുട്ടമ്പുഴ ആസ്ഥാനമാക്കി പാവപ്പെട്ട ഹരിജൻ കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനാവശ്യമായ ഹോസ്റ്റൽ നിർമ്മിക്കുക.
7. കുട്ടമ്പുഴ ആസ്ഥാനമായി ഒരു ഉല്പാദനസഹകരണസംഘം സ്ഥാപിക്കുക.
8. കോളനികളിൽ വിജ്ഞാനത്തിനും വിനോദത്തിനും ഉതകുന്നരീതിയിൽ ടി.വി. സെന്ററുകൾ സ്ഥാപിക്കുക.
9. ശുദ്ധജലവിതരണവും വൈദ്യുതിയും എല്ലാവീടുകളിലും എത്തുന്നതിനുളള ഏർപ്പാടുണ്ടാക്കണം.
10. കാർഷികാവശ്യങ്ങൾക്കായി മെച്ചപ്പെട്ട വിത്ത് ഇനങ്ങളും ആയുധങ്ങളും ലഭ്യമാക്കണം.
11. ബോധവൽക്കരണ പരിപാടികളിലൂടെ സാമൂഹ്യസാംസ്ക്കാരിക പുരോഗതിക്കുളള പരിശ്രമം നടത്തുക.
12. കോളനിയിലേയ്ക്കുളള റോഡ് ഗതാഗതയോഗ്യമാക്കുക.

13. ഹരിജനങ്ങൾ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങൾ കോളനിയായി അംഗീകരിക്കുക.

14. കലാകായിക രംഗങ്ങളിൽ മികവ് കാട്ടുന്ന കുട്ടികൾക്ക് പ്രത്യേക പോത്സാഹനം ഏർപ്പെടുത്തുക.

15. സർക്കാർ സഹായം ഉപയോഗിച്ച് വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ പട്ടികജാതിക്കാരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുക.

പഞ്ചായത്തിലെ ആദിവാസി കോളനികളുടെ പൊതുവിവരം

| ക്രമ നമ്പർ | ആദിവാസികുടിയുടെ പേര് | വീടുകൾ | ജനസംഖ്യ | ആദിവാസി വിഭാഗം |
|---|---|---|---|---|
| 1 | തലവച്ചപാറക്കുടി | 41 | 168 | മുതുവാൻ |
| 2 | തേരക്കുടി | 16 | 68 | മുതുവാൻ |
| 3 | കുഞ്ചിപ്പാറക്കുടി | 48 | 212 | മുതുവാൻ |
| 4 | വാര്യം മാണിക്യംകുടി | 32 | 108 | മുതുവാൻ |
| 5 | വാര്യം ഓടയാർകുടി | 24 | 114 | മുതുവാൻ |
| 6 | മീൻകുളം കുടി | 22 | 87 | മുതുവാൻ |
| 7 | കൂടല്ലാർമന്നാംകുടി | 55 | 138 | മന്നാൻ |
| 8 | ഉറിയംപെട്ടിക്കുടി | 19 | 78 | മുതുവാൻ |
| 9 | തുമ്പിമേട് | 24 | 78 | മുതുവാൻ |
| 10 | വെള്ളാരംകുത്ത് കുടി | 138 | 314 | മുതുവാൻ |
| 11 | മേട്നാപാറക്കുടി | 38 | 158 | മുതുവാൻ |
| 12 | എളമ്പളാശേരിക്കുടി | 112 | 441 | മലങ്കുടി, ഉള്ളാടൻ |
| 13 | പിണവൂർക്കുടി | 231 | 671 | അരയൻ |
| 14 | താളുംകണ്ടം കോളനി | 36 | 183 | മുതുവാൻ |
| | ആകെ | 811 | 2618 | |

അവലംബം 1991 സെൻസസ്

# വിഭവസമാഹരണം

കുട്ടമ്പുഴ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനം കൃഷിയാണ്. കൃഷിയിൽ നാണ്യവിളകൾക്കാണ് മുൻതൂക്കം. വനാന്തർഭാഗത്തെ ഈറ്റക്കാടുകളിൽ നിന്നും ഈറ്റ വെട്ടിയും നല്ലൊരു ശതമാനം ആളുകൾ തൊഴിൽ കണ്ടെത്തി ജീവിക്കുന്നു. പൾപ്പ് ഫാക്ടറിക്കു വേണ്ടിയും ബാംബൂ കോർപ്പറേഷനു വേണ്ടിയും രണ്ടു തരത്തിൽ ഈറ്റവെട്ടുന്നുണ്ട്. പനമ്പുനെയ്യുന്നതിനും ഈറ്റവെട്ടുന്നു. ബാംബൂ കോർപ്പറേഷനു വേണ്ടി കുട്ടമ്പുഴ മേഖലയിൽ പനമ്പുനെയ്യുമ്പോൾ വടാട്ടുപാറയിൽ പ്രധാനമായും 'ചന്ത' പനമ്പാണ്. കാർഷീകവും കാർഷീകേതരവുമായ മറ്റുജോലികൾ, വനവിഭവശേഖരണം തുടങ്ങി വിവിധ ജോലികൾ ചെയ്ത് ജനങ്ങൾ വരുമാനം കണ്ടെത്തുന്നു.

പട്ടിക 1
പഞ്ചായത്തിന്റെ വരവുസംബന്ധിച്ച വിവരങ്ങൾ.

| ക്രമ നമ്പർ | ഇനം | ധനാഭ്യർത്ഥന | | പിരിച്ചത് | | ബാക്കി | |
|---|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 302217 | - | 114966 | - | 187251 | - |
| 2 | സർവീസ് ചാർജ് | 14173 | 60 | 4705 | 70 | 9467 | 90 |
| 3 | തൊഴിൽ നികുതി | 199150 | - | 137315 | - | 62035 | - |
| 4 | വിനോദ നികുതി | 7902 | - | 7942 | - | - | - |
| 5 | അഡീ. വി. നികുതി | 4734 | - | 4734 | - | - | - |
| 6 | പ്രദർശന നികുതി | 526 | - | 526 | - | - | - |
| 7 | പ്രദർശന സർചാർജ്ജ് | 134 | - | 134 | - | - | - |
| 8 | ലൈസൻസ് ഫീസ് | 10830 | - | 10830 | - | - | - |
| 9 | മറ്റു വരവുകൾ | 817431 | - | 317431 | - | - | - |
| 10 | ഡെപ്പോസിറ്റ് | 28110 | - | 28110 | - | - | - |
| 11 | മറ്റുള്ളവ | 67507 | 05 | 67507 | 05 | - | - |

## ഗ്രാന്റു വിവരങ്ങൾ

| | | |
|---|---|---|
| WRM | രൂപ | 2300 |
| VTC | രൂപ | 110579 |
| JRY | | 619933 |
| 75%അടിസ്ഥാനനികുതി | | 339866 |
| അൺടൈഡ് | | 365730 |
| ആകെ | | 1459108 |

## കടത്ത് സംബന്ധിച്ച വിവരം

മണികണ്ടൻചാൽ കടത്ത് വരവ് 7500.00

ലേല വരുമാനം സംബന്ധിച്ച വിവരം

| | | |
|---|---|---|
| തെങ്ങ് | 6 | |
| ഷോപ്പിംഗ് കോംപ്ലക്സ് | 2 | |
| മണൽ, കടത്ത് | 1 | |
| ആകെ | | 23100/- |

## സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം

| | |
|---|---|
| ഹൈസ്കൂൾ | 2 |
| യു.പി.എസ് | 6 |
| എൽ. പി. എസ് | 10 |
| നേഴ്സറി | 1 |
| അലോപ്പതി ആശുപത്രി | 1 |
| ആയുർവ്വേദം " | 3 |
| ഹോമിയോ " | 1 |
| അലോപ്പതി സ്വകാര്യം | 3 |
| ചെറുകിടവ്യവസായം | 12 |
| കച്ചവടം | 202 |

പട്ടിക 2

പൊതുമരാമത്ത് ചിലവ്

| ക്രമ നമ്പർ | ഇനം | തുക | |
|---|---|---|---|
| 1 | ഭരണം | 437508 | |
| 2 | പൊതുമരാമത്ത് | 698986 | 55 |
| 3 | വിദ്യാഭ്യാസം | 60906 | - |
| 4 | ജലവിതരണം, പൊതുജനാരോഗ്യം | 9930 | - |
| 5 | തെരുവുവിളക്കുകൾ | 9042 | - |
| 6 | മറ്റുള്ളവ | 78147 | - |
| | ആകെ | 1293519 | 55 |

പഞ്ചായത്തിൽ ധനകാര്യസ്ഥാപനങ്ങൾ പ്രധാനമായും 5 എണ്ണം പ്രവർത്തിക്കുന്നു. സഹകരണമേഖലയിൽ കുട്ടമ്പുഴ സർവീസ് സഹകരണ ബാങ്ക്, ഇടമലയാർ സർവീസ് സഹകരണ ബാങ്ക് വടാട്ടുപാറയിലും, മാമലക്കണ്ടം സർവീസ് സഹകരണബാങ്ക് മാമലക്കണ്ടത്തും പ്രവർത്തിക്കുന്നു. കൂടാതെ കുട്ടമ്പുഴയിൽ യൂണിയൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയും പ്രവർത്തിക്കുന്നു. ഒറ്റപ്പെട്ടു കിടക്കുന്ന ഇഞ്ചത്തൊട്ടിയിൽ പൊതുമേഖലയിലൊ സ്വകാര്യമേഖലയിലോ ധനകാര്യ സ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. വിവിധ വിദേശരാജ്യങ്ങളിലായി നൂറോളം ആളുകൾ ജോലി തേടിപോയിരിക്കുന്നു. 95 96 ൽ പഞ്ചായത്തിന്റെ ഭരണ ചിലവ് 422690 രൂപയും ഇത് വരുമാനത്തിന്റെ 42.95% ആണ്.

പഞ്ചായത്തിൽ പൊതുമരാമത്ത് ജോലികൾക്കാണ് ഏറ്റവും കൂടുതൽ പണംചിലവഴിച്ചിരിക്കുന്നത്. യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി നാലു വാർഡുകളിൽ കൂടുതൽ ഊന്നൽ കൊടുത്തിട്ടുണ്ട്. കുടിവെള്ളത്തിന് വേണ്ടി രണ്ട് വാർഡുകളിലും കുളിക്കടവ് നിർമ്മാണത്തിന് ഒരു വാർഡിലും കൂടുതൽ പണം ചിലവഴിച്ചിരിക്കുന്നു.

നിലവിലുള്ള വരുമാനം കൊണ്ട് പഞ്ചായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കഴിയുന്നില്ല. സാമ്പത്തികപരാധീനതയാണ് പ്രധാനകാരണം. പഞ്ചായത്ത് കുടിയേറ്റ മേഖലകൾപെട്ടപ്രദേശമാണ്. സാമൂഹ്യ ജീവിതമാരംഭിച്ചിട്ട് ഒരു മനുഷ്യായുസ്സിൽതാഴെയുള്ള കാലമേ ആയിട്ടുള്ളു. ഇല്ലായ്മയിൽനിന്നാണ് പുരോഗതിയും വികസനവും വന്നുകൊണ്ടിരിക്കുന്നത്. പഞ്ചായത്തിലെ ജനസംഖ്യ 23043 (91 സെൻസസ്) വിസ്തീർണ്ണം 543.07 ച. കി. മീ. ആണ്. പരസ്പര ബന്ധമില്ലാതെ പഞ്ചായത്ത് പ്രദേശങ്ങൾ ചിതറിക്കിടക്കുന്നു. പൂയംകുട്ടി, കുറ്റിയാംചാൽ, കുട്ടമ്പുഴ, പെണ്ണൂർക്കുടി,തട്ടേക്കാട് വാർഡുകൾ എന്നിവ തൊട്ടുരുമ്മി കിടക്കുമ്പോൾ പുഴയാലും സർക്കാർ പ്ലാന്റേഷൻകൊണ്ടും വേർതിരിക്കപ്പെട്ട് വടാട്ടുപാറ മേഖലയിൽ പഞ്ചായത്തിലെ മൂന്ന് വാർഡുകൾ സ്ഥിതിചെയ്യുന്നു. ചുറ്റും വനത്താൽ മാമലക്കണ്ടം വാർഡും, പെരിയാറിന്റേയും പ്ലാന്റേഷന്റേയും ഇടക്കായി ഇഞ്ചത്തൊട്ടി വാർഡും ഒറ്റപ്പെട്ടു കിടക്കുന്നു. മലകളാലും, പുഴകളാലും വേർതിരിക്കപ്പെട്ട് കിടക്കുന്ന നമ്മുടെ പഞ്ചായത്ത് മേഖലയിൽ ജനസാന്ദ്രത തുലോം കുറവാണ്.

സമീപ പ്രദേശത്തെ പഞ്ചായത്തുകളുമായി തട്ടിച്ചു നോക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ ഒരിടത്തും എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. കാരണം 1. പഞ്ചായത്ത് വിസ്തൃതമായ മേഖലയിൽ വ്യാപിച്ചുകിടക്കുന്നു 2. നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ നീളം 150 കി.മീ. വരും. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സർക്കാരിൽനിന്നും അനുവദിച്ചുകിട്ടുന്ന ഗ്രാന്റുകൾ ഉപയോഗിച്ച് നിർമ്മാണ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ കടലിൽ കായംകലക്കിയ അനുഭവമായി മാറുന്നു. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല.

നിലവിലുള്ള സാഹചര്യത്തിൽ നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള പണം കണ്ടെത്തുവാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസമില്ല. ( വരവു സംബന്ധിച്ച പട്ടിക കാണുക ) എന്നാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിച്ചാൽ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ സ്ഥിരമായി തൊഴിലുള്ളവും അതുവഴിതൊഴിൽക്കരം കൊടുക്കുന്നവരും തുലോം കുറവാണ്. ഇതിൽ കാര്യമായ വർദ്ധനവ് വന്നാൽ ഒരു കുതിച്ചുചാട്ടം നടത്താൻ കഴിയും. ഉദാഹരണത്തിന് പൂയംകുട്ടി വൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരംഭി

ച്ചാൽ ആയിരക്കണക്കനാളുകൾക്ക് തൊഴിലു ണ്ടാവുകയും അതുവഴി പഞ്ചായത്തിന് നാനാ‹ വഴിക്ക് വരുമാനം വർദ്ധിക്കുകയും ചെയ്യുന്ന താണ്. നമ്മുടെ ഗ്രാമ സഭാ യോഗങ്ങളിൽ പൊതു ആവശ്യങ്ങൾക്കുവേണ്ടി കുറഞ്ഞ പ്രതി ഫലം പറ്റിയും അല്ലാതെയും മനുഷ്യ അദ്ധ്വാനം വിനിയോഗിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചി ട്ടുണ്ട്. ഒരു വാർഡിൽനിന്നും ഒരു വർഷം ആയിരം മനുഷ്യാദ്ധ്വാനം ഉറപ്പാക്കിയാൽ അഞ്ച് വർഷം കൊണ്ട് (1000X10 X 5=50000) അമ്പതി നായിരം മനുഷ്യാദ്ധ്വാനം കണ്ടെത്തുവാൻ കഴിയും അതിനനുസൃതമായ പദ്ധതികൾ നാം ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

വായനശാല,ആശുപത്രി,റോഡുകൾ, കുളങ്ങൾ, കിണറുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും പൂർത്തീകരണത്തിനും ഗ്രാമ സഭയുടെ തീരുമാനവുമുണ്ട്. പൂയംകുട്ടി, ഇഞ്ച ത്തൊട്ടി തുടങ്ങിയ വാർഡുകളിൽ ടി ആവ ശ്യങ്ങൾക്ക് വേണ്ടിവരുന്ന ഭൂമി കണ്ടെത്തുന്ന തിനും തദ്ദേശവാസികൾ തയ്യാറാണ്.പ്രദേശി കമായി വാർഡിൽനിന്നും ഇരുപത്തയ്യായിരം രൂപവരെ സ്വരൂപിച്ച് ഇതുപോലുള്ള ആവശ്യ ങ്ങൾ നിറവേറ്റന്നതിനുള്ള സന്നദ്ധതയും പ്രക ടിപ്പിച്ചിട്ടുണ്ട്. അതിനാവശ്യമായ പദ്ധതി കൾക്കൂടിഗ്രാമപഞ്ചായത്തിൽനിന്ന് ആവിഷ്ക്ക രിക്കേണ്ടതുണ്ട്.

ഇത്തരം വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതതിലേക്ക് ബഹുജന പങ്കാ ളിത്തം ഉറപ്പാക്കുന്നതിന് സന്നദ്ധ സംഘടന കളെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്യമ്പുകൾ, സെമിനാറുകൾ തുടങ്ങിയവ ആ വിഷ്ക്കരിക്കണം.

## പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ കടത്തുകടവ്, മണൽ, മര ങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് കൊടുക്കുന്നില്ല.

2 മണൽ ലേലംചെയ്തവർ മണൽ വാരുമ്പോൾ വനംവകുപ്പ് തടസ്സപ്പെടുത്തുന്നതുകൊണ്ട് ലേലത്തിന്റെ മൽസര സ്വഭാവത്തിന് അയ വുവരുന്നു.

3 നികുതി അടക്കുന്നതിൽ വീഴ്ചവരുത്തുന്ന വരുടെ മേൽ കർശനമായ നിയമ നടപടി കൾ ഉണ്ടാകുന്നില്ല.

4 നികുതി പിരിച്ചെടുക്കുന്നതിന് നികുതിദാ യകരെ നേരിൽ കാണുവാൻ ഉദ്യോഗസ്ഥർ കൂടുതൽ വേണ്ടിവരുന്നു. തൻമൂലം എസ്റ്റാ ബ്ലിഷ്മെന്റ് ചിലവു വർദ്ധിക്കുന്നു.

5 പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥക്ക് അ നുസൃതമായ ഫണ്ടുകൾ സർക്കാരിൽനിന്നും ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1 നികുതി പിരിക്കുന്നതിന് ഫീൽഡിൽ ഇറ ങ്ങുന്നതിനു പകരം നോട്ടീസ് കൊടുത്ത് ഓഫീസിൽ അടക്കുന്ന രീതി നടപ്പിലാക്കുക.

2 നികുതി കുടിശ്ശിക വരുത്തുന്നവരിൽനി ന്നും പിഴ ഈടാക്കുക.

3 ടൗണിനോട് ചേർന്ന് കമ്മ്യൂണിറ്റിഹാൾ പണിത് വാടകക്ക് നൽകുക.

4 ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി നേര്യമംഗലം മുതൽ ഭൂതത്താൻകെട്ട് വരേ യും, അവിടെനിന്ന് കുട്ടമ്പുഴ ആനക്കയം വരെയും സവാരിക്കായി ബോട്ട് സർവീസ് ഏർപ്പെടുത്തുക.

5 മൽസ്യ- മാംസ- സസ്യ മാർക്കറ്റുകൾ അനു വദിക്കുക.

6 അംഗീകൃത അറവുശാലകൾ ലേലം ചെയ്ത് നൽകുക.

7 പുഴയിൽനിന്നും മൽസ്യം പിടിക്കുന്നതിന് ഫീസ് ഏർപ്പെടുത്തുക.

8 വാഹനങ്ങൾക്ക് പാർക്കിംഗ്സൗകര്യം ഉണ്ടാക്കി ടോൾ പിരിക്കുക.

9 ബങ്ക് ഷോപ്പുകൾ നിർമ്മിച്ച് ലേലം ചെയ്ത്

കൊടുക്കുക.

10 പ്രവിഷണൽ ടാക്സ് ഗ്രേഡ്തിരിച്ച് ഈടാക്കുക

11 തട്ടേക്കാട് കടത്തുകടവിൽ 24 മണിക്കൂറും ഗതാഗത സൗകര്യത്തിനായി കടവ് പഞ്ചായത്ത് ലേലം ചെയ്യുക

12 പഞ്ചായത്തിലെ കാടുകളിൽ നിന്നും വെട്ടിയിറങ്ങിപോകുന്ന ഈറ്റക്ക് ഓരോ ടണ്ണിനും നിശ്ചിത ശതമാനം നികുതി പഞ്ചായത്തിനു ലഭ്യമാകുവാൻ നടപടി സ്വീകരിക്കുക

13 പഞ്ചായത്ത് മേഖലയിൽനിന്നും മുറിച്ചു കൊണ്ടുപോകുന്ന തേക്ക് കഴക്ക് നിശ്ചിത ശതമാനം സെസ്സ് പിരിക്കുവാൻ നടപടി സ്വീകരിക്കുക

14 റവന്യൂ വകുപ്പിന് നികുതികൊടുക്കാത്ത ഭൂമികളിൽനിന്നും പഞ്ചായത്ത് സെസ്സ് പിരിക്കുക

15 രജിസ്റ്റർ ചെയ്യാതെ കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിൽനിന്നും പഞ്ചായത്തിന് നികുതി ഏർപ്പെടുത്തുക.

16 ഇപ്പോൾ തൊഴിൽനികുതി കൊടുക്കാത്ത, സ്ഥിരമായി തൊഴിലുള്ളവരെ കണ്ടെത്തി തൊഴിൽക്കരം പിരിക്കുക.

17 പഞ്ചായത്ത് അതൃത്തിയിൽനിന്നും വാഹനത്തിൽ കയറ്റിക്കൊണ്ടു പോകുന്ന ഓരോ ലോഡിനും മൂല്യത്തിന്റെ തോത് അനുസരിച്ച് ട്രാൻസ്പ്പോർട്ടിംഗ് ഫീസ് ഈടാക്കുക.

18 കടത്ത്, മണൽ മുതലായവ യഥാസമയം ലേലം ചെയ്ത് കൊടുക്കുകയും ലേലത്തിൽ പിടിക്കുന്നവർക്ക് സംരക്ഷണം നൽകുകയും ചെയ്ക.

19 പുഴയും, പുഴയോരങ്ങളും സംരക്ഷിക്കുകയും പുറമ്പോക്കിൽ നിൽക്കുന്ന വൃക്ഷങ്ങൾ സംരക്ഷിക്കുകയും ചെയ്യുക.

20 പുറമ്പോക്കിലെ മൂപ്പെത്തിയ വൃക്ഷങ്ങൾ മുറിച്ച് വിൽക്കുകയും, വനവൽക്കരണം നടത്തുകയും ചെയ്യുക

21 കുട്ടമ്പുഴയിൽ ഒരു ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിച്ച് വാടകക്ക് നൽകുക.

22 വീടുകൾക്ക് നമ്പറിടുന്നതിന് രെജിട്രേഷൻ ഫീസ് ഈടാക്കുക.

23 കോറികൾ നടത്തുന്നവരിൽനിന്ന് ലോഡടിസ്ഥാനത്തിൽ ഫീസ് പിരിക്കുക.

24 പുതിയ കെട്ടിടങ്ങൾ പണിയുന്നവരിൽനിന്നും നിർമ്മാണ ചിലവിന്റെ നിശ്ചിത ശതമാനം കൺസ്ട്രക്ക്ഷൻ ഫീസ് പിരിക്കുക.

25 വർഷം തോറും ഓരോ വാർഡിലും ആയിരം പേരുടെ ശ്രമദാനം വഴിയുള്ള വികസന പ്രവർത്തനം നടത്തുക

26 ശ്രമദാനങ്ങളിൽ പങ്കാളികളാകാത്തവരിൽ നിന്നും സംഭാവന വഴി ഇരുപത്തയ്യായിരത്തിൽ കുറയാത്ത തുക സംഭരിച്ച് അതാതു വാർഡുകളിലെ വികസനത്തിനുവേണ്ടി വിനിയോഗിക്കുക

27 വിദ്യാഭ്യാസ ആരോഗ്യ ക്ഷേമപ്രവർത്തനങ്ങൾക്ക് ഒരു നിശ്ചിത ദിവസം കണ്ടെത്തി ബഹുജനങ്ങളിൽ നിന്നും ഫണ്ടു ശേഖരിക്കുക.

28 ഇടമലയാർ, പൂയംകുട്ടി, തട്ടേക്കാട് പക്ഷി സങ്കേതം ഇവസന്ദർശിക്കുന്നവരിൽനിന്നും പ്രവേശന നികുതി പിരിക്കുക.

29 പ്രധാന ജംഗ്ഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകക്ക് നൽകുക.

30പഞ്ചായത്തു പ്രദേശത്ത് പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങൾക്ക് ആരംഭ നികുതി ഈടാക്കുക.

31 പഞ്ചായത്തു വകയായി ടൂറിസ്റ്റുകൾക്ക് താമസിക്കുവാൻ ടൂറിസ്റ്റുഹോം നിർമ്മിക്കുക.

# ഉപസംഹാരം

കഴിഞ്ഞ എട്ട് പഞ്ചവത്സരപദ്ധതിക്കാലത്ത് നമ്മുടെ രാജ്യത്ത് ഒട്ടേറെ വികസനങ്ങൾ നടന്നിട്ടുണ്ട്. എങ്കിലും അതിൽ നിലനിന്ന ചില അശാസ്ത്രീയമായ സമീപനംകൊണ്ട് നമ്മുടെ പ്രതീക്ഷകൾക്കൊത്ത് ഫലം ലഭിക്കുകയുണ്ടായില്ല. മനുഷ്യന്റെ അടിസ്ഥാന ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന ആഗ്രഹത്തോടെ തുടങ്ങിയ പഞ്ചവത്സരപദ്ധതികൾ കാർഷികവ്യവസായ മേഖലകൾക്ക് ഊന്നൽ കൊടുത്തിട്ടും ഉദ്ദേശിച്ച പ്രയോജനം ലഭിക്കാതെ പോയി. കുടിവെള്ളവും റോഡും പാലവും മറ്റുമായാൽ വികസനമായി എന്നു നാം പഠിച്ചുവച്ചിരിക്കുന്ന മിഥ്യാധാരണ മാറിയേ തീരൂ. സമഗ്ര വികസനമാണ് നമ്മുടെ ലക്ഷ്യം.

ഗ്രാമപഞ്ചായത്ത് വിളിച്ചുകൂട്ടിയ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ തികച്ചും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസന സംസ്കാരമാണ് ജനകീയാസൂത്രണം. കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരു വികസനസംസ്കാരം രൂപപ്പെട്ടുവരണം. പണമില്ലാതെ വികസനം സാദ്ധ്യമല്ല. വിഭവസമാഹരണത്തിന് പുതിയ വഴികൾ കണ്ടെത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയണം. പദ്ധതികൾ നടപ്പിലാക്കുമ്പോൾ വസ്തുനിഷ്ഠമായ സമീപനം സ്വീകരിക്കണം.

സർക്കാർ നല്കുമെന്ന് പ്രതീക്ഷിക്കുന്ന 40% പദ്ധതിവിഹിതം ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് കുറഞ്ഞുപോയി എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഈ വിഹിതം മെച്ചപ്പെട്ട ഒരു തുകയാണെന്നുമാത്രമേ ഇപ്പോൾ പറയുവാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തുകളുടെ ജനസംഖ്യയും വിസ്തീർണ്ണവും പിന്നോക്കാവസ്ഥയും മാനദണ്ഡങ്ങളാക്കി പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക് നൽകുകയും ജനകീയാസൂത്രണം വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുകയും ചെയ്താൽ വികസനം എളുപ്പത്തിൽ സാദ്ധ്യമാകും.

അതുകൊണ്ട് കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനരേഖ സമ്പുഷ്ടമാക്കി നാം ഒറ്റക്കെട്ടായി വിസനരാഷ്ട്രീയത്തിൽ ശ്രദ്ധിച്ചാൽ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിൽ ഒരു മുന്നേറ്റം സൃഷ്ടിക്കുവാൻ കഴിയും.

ജനകീയാസൂത്രണപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി പ്രവർത്തിച്ച ഡി. ആർ. പി. മാർ, എൽ. ആർ. പി. മാർ, സ്ഥിതിവിവരശേഖരണത്തിന് സഹായിച്ച വിവിധ ആഫീസുകളിലെ ഉദ്യോഗസ്ഥർ, പഞ്ചായത്ത് സ്റ്റാഫ് തുടങ്ങി എല്ലാ വിഭാഗം ജനങ്ങളോടും ഈയവസരത്തിൽ പഞ്ചായത്തുഭരണസമിതിയ്ക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. തുടർന്നുള്ള പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് മുഴുവൻ ജനങ്ങളുടെയും സഹായസഹകരണങ്ങൾ സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

ജോയി കുര്യാക്കോസ്

പ്രസിഡന്റ്

കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം ❋ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം





കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം ❋ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം

TYPE SETTING : ORCHIDS KNGM

COVER DESIGN: ARTLINE KNGM